ചിന്താവിഷ്ടയായ

# സീത.

ഒരു ഖണ്ഡകാവ്യം.

---

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

ചിന്താവിഷ്ടയായ

# സീത.

## ഒരു ഖണ്ഡകാവ്യം.

---

എൻ. കുമാരൻ ആശാൻ.

എസ്സ്. ആർ. ഷൺമുഖം പിള്ള.

---

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം കൊല്ലം

---

൧൦൯൪

Digitized By Kerala Sahitya Akademi

# മുഖവുര.

ഈ കൃതി എഴുതാൻ ആരംഭിച്ചതു് ൧൯൨൮ ആഗസ്റ്റ് ൧൦-ാംനു- ആണു്. ആദ്യത്തെ ൭൦-പദ്യങ്ങൾ അന്നുമുതൽ പല അവസരങ്ങളിലായി എഴുതീട്ടുള്ളതും ശേഷം മുഴുവൻ ഈയിടെ ഏതാനും ദിവസങ്ങൾകൊണ്ടു് എഴുതീട്ടുള്ളതുമാകുന്നു. സീതാദേവി അന്തർദ്ധാനം ചെയ്യുന്നതിന്റെ തലേനാൾ രാത്രി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്നു് തന്റെ പൂർവാനുഭവങ്ങളേയും ആസന്നമായ ഭാവിയേയും മററുംപററി ചെയ്യുന്ന ചിന്തകളാണു് ഈ കൃതിയുടെ പ്രധാനവിഷയം.

ആലുവാ. ൭-൧൨-൧൯. } ഗ്രന്ഥകർത്താ.

Digitized By Kerala Sahitya Akademi

# അവതാരിക.

നളിനി, ലീല മുതലായ പ്രസിദ്ധകാവ്യങ്ങൾവഴിക്കു ഭാഷാകവി ലോകത്തിൽ സുപ്രതിഷ്ഠമായ കീൎത്തിലഭിച്ചിട്ടുള്ള കുമാരനാശാനവർകളുടെ 'ചിന്താവിഷ്ടയായ സീത' എന്ന ഈ നവീനകൃതിയെപ്പററി ഒരവതാരിക എഴുതുവാൻ തുടങ്ങുമ്പോൾ ആ അവതാരികക്കു് ഒരവതാരികയായിത്തന്നെ രണ്ടുവാക്കുപറയേണ്ടതായിട്ടാണിരിക്കുന്നതു്. സാധാരണയായി ഏതെങ്കിലും ഒരു ഗ്രന്ഥത്തിന്നു് അവതാരികകൊണ്ടുദ്ദേശിക്കുന്ന പ്രയോജനം ആ ഗ്രന്ഥത്തിൻെറ സ്വഭാവവും ഗുണവിശേഷങ്ങളും ചുരുക്കത്തിൽ വിവരിച്ചു കാണിച്ചു ജനസാമാന്യത്തിന്നു് അതുവായിപ്പാൻ ഉൽക്കണ്ഠയുണ്ടാക്കിത്തീൎക്കുകയെന്നുള്ളതാണല്ലൊ. അങ്ങിനെയുള്ള അവതാരികകൾ പ്രായേണ രണ്ടുവിധത്തിലാണു് കണ്ടുവരുന്നതു്. കവിയെ അല്ലെങ്കിൽ ഗ്രന്ഥകാരനെ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതു് ഒരുവക. പ്രകൃതഗ്രന്ഥത്തെ മാത്രം അവതരിപ്പിക്കുന്നതുമറെറാരുവക. ജനങ്ങളുടെയിടയിൽ ധാരാളമായി പരിചയം സിദ്ധിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരു കവിയുടെ വാസനാവിശേഷങ്ങളും മററും പ്രതിപാദിച്ചെഴുതുന്ന അവതാരികകൾ ഒന്നാമത്തെ വകയിലും പ്രസിദ്ധഗ്രന്ഥകാരൻെറ കൃതിയായാലും ആ ഗ്രന്ഥകാരൻ പ്രകൃതഗ്രന്ഥത്തിൽ വിവരിച്ച വിഷയങ്ങളുടെയും അതു പ്രതിപാദിച്ചിട്ടുള്ള രീതിയുടെയും വിശേഷങ്ങളും അതുകൊണ്ടു സിദ്ധിക്കാവുന്ന പ്രത്യേക പ്രയോജനവും എടുത്തുകാണിച്ചെഴുതുന്നവ രണ്ടാമത്തെ വകയിലും ഉൾപ്പെടുന്നതാണു്. ആശാനവർകളുടെ ഒരു നവീന കൃതിയാണെന്നറിയുമ്പോൾത്തന്നെ അതുവായിക്കുന്നതിന്നു വേണ്ടടത്തോളം ഉൽക്കണ്ഠ പൊതുജനങ്ങൾക്കുണ്ടാകത്തക്ക വിധത്തിലുള്ള കവിയശസ്സു പ്രകൃതഗ്രന്ഥകാരൻ സമ്പാദിച്ചുകഴിഞ്ഞിട്ടുള്ളതിനാൽ കവിയെ അവതരിപ്പിക്കുന്നതു പ്രസ്തുതകൃതിയെപ്പററിയേടത്തോളം അപ്രകൃതവും അസംബന്ധവുമാണല്ലൊ. ഗ്രന്ഥത്തിലെ

Digitized By Kerala Sahitya Akademi

വിഷയങ്ങൾ ഇന്നതെല്ലാമാണെന്നു ചുരുക്കത്തിൽ പ്രതിപാദിച്ചു പ്രസ്തുതഗ്രന്ഥത്തെ അവതരിപ്പിക്കുകയാണെങ്കിൽ അതിന്നു "സീതാദേവി അന്തർദ്ധാനം ചെയ്യുന്നതിൻെറ തലേന്നാൾ രാത്രി വാല്മീകിയുടെ ആശ്രമത്തിൽ ഒരു ഏകാന്തസ്ഥലത്തിരുന്നു തൻെറ പൂർവ്വാനുഭവങ്ങളെയും ആസന്നമായ ഭാവിയെയുംപററി ചെയ്യുന്ന ചിന്തകളാണു് ഈ കൃതിയുടെ പ്രധാനവിഷയം" എന്നു ഗ്രന്ഥകാരൻ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതു ഒന്നു പകത്തെഴുതിയാൽ മതിയാകുന്നതുമാണു്. അതിനാൽ മേൽകാണിച്ച രണ്ടുതരം പ്രയോജനങ്ങളിൽ ഏതെങ്കിലും ഒന്നുപോലും എൻെറ അവതാരികക്കുണ്ടാവാൻ വഴിയില്ലെന്നു് ആദ്യംതന്നെ സമ്മതിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

പാശ്ചാത്യന്മാരുടെ പ്രധാന കവിതാപ്രസ്ഥാനങ്ങളിൽ ഒന്നും ഇംഗ്ലീഷിൽ 'ലിറിക്' എന്നു പറഞ്ഞുവരുന്നതുമായ ഖണ്ഡകാവ്യപ്രസ്ഥാനം നമ്മുടെ ഭാഷയിൽ വളരെ ചുരുക്കമാണു്. സാഹിത്യപ്രസ്ഥാനങ്ങളിൽ അങ്ങിനെയുള്ള ഖണ്ഡകൃതികളിലാണു് കവിതാഗുണങ്ങളെല്ലാം തികഞ്ഞിരിക്കുന്നതെന്നു പാശ്ചാത്യസാഹിത്യനിരൂപകന്മാരിൽ പലരും സിദ്ധാന്തിച്ചിട്ടുള്ള സ്ഥിതിക്കു് ഭാഷാസാഹിത്യത്തിൻെറ അഭിവൃദ്ധിവരണമെങ്കിൽ ആ രീതിയിലുള്ള നല്ലനല്ല ഖണ്ഡകൃതികൾ ധാരാളം ഉണ്ടാകേണ്ടതു് അത്യാവശ്യവുമാണു്. പുരാണങ്ങളിലും മററും അടങ്ങീട്ടുള്ള ഏതെങ്കിലും സംഗതികളെത്തന്നെ അടിസ്ഥാനമാക്കീട്ടും ആ വിധത്തിലുള്ള കൃതികൾ നിർമ്മിക്കാവുന്നതാണെന്നു മാത്രമല്ല അങ്ങിനെ നിർമ്മിക്കുന്ന കാവ്യങ്ങളാണു് ബാല്യംമുതൽക്കുതന്നെ പുരാണകഥകളിൽ ചേർന്ന സംഭവങ്ങൾക്കു പ്രത്യേകം വിലവെച്ചു പരിചയിച്ചിട്ടുള്ള നമ്മുടെ മനസ്സിന്നു് ഒരു കല്പിത നായികയുടെ ചിന്തയേയോ മററൊ ആസ്പദമാക്കി നിർമ്മിക്കുന്ന കൃതിയേക്കാൾ ആസ്വാദ്യമായിരിക്കുന്നതും. ഈവക പരമാർത്ഥങ്ങളെല്ലാം പ്രസ്തുതഖണ്ഡകാവ്യത്താൽ ആശാനവർകൾ നമുക്കു അനുഭവപ്പെടുത്തിത്തന്നിട്ടുള്ളതുകൊണ്ടു് ആധുനിക ഭാ

Digitized By Kerala Sahitya Akademi

ഷാകവികൾക്ക് ഇതു നല്ല മാർഗ്ഗദർശകമായി തീർന്നിട്ടുണ്ട്. എന്നുംമററും ചിലതു പറഞ്ഞു് അടകപ്പാടെയൊന്നു പുകഴ്ത്തി പൊതുജനങ്ങളുടെ ശ്രദ്ധയെ ഇതിലേക്കാകർഷിപ്പാൻ നോക്കാമെങ്കിലും അഭിജ്ഞന്മാർ അവക പ്രസ്താവങ്ങളെ കവിയുടെ ഈ പുതിയ പരിശ്രമത്തിന്നുള്ള ഒരു പ്രശംസാ പത്രത്തിന്റെ നിലയിലല്ലാതെ ഗ്രന്ഥത്തിന്റെ അവതാരികയുടെ നിലയിൽ ഗണിക്കുന്നതല്ലല്ലൊ.

അതിനാൽ മുരാരികവി പറഞ്ഞിട്ടുള്ളതുപോലെ ആദികവിയായ വാല്മീകിയുടെ പ്രതിഭാവിലാസം ആശ്രയിച്ചുകൊണ്ടു് എത്രയൊ അസംഖ്യം കവിശ്രേഷ്ഠന്മാർ പലതരത്തിലും പല ഭാഷകളിലും വർണ്ണിച്ചിട്ടുള്ള വിഷയങ്ങളിൽ ഒരു ചെറിയ ഭാഗത്തെ ഏതേതെല്ലാം അംശങ്ങളെക്കൊണ്ടാണു് പ്രസ്തുതകവി നമുക്കു പുതുമപ്പെടുത്തിത്തരുന്നതെന്നും അതുകൊണ്ടു സിദ്ധിച്ചിട്ടുള്ള വിശേഷങ്ങൾ എന്തെല്ലാമാണെന്നും താരതമ്യപ്പെടുത്തി നോക്കിരസിക്കുന്നതിന്നു പ്രസ്തുതഗ്രന്ഥത്തിൽ കാണിച്ചു തന്നിട്ടുള്ള മാർഗ്ഗങ്ങളിലേക്കാണു് വായനക്കാർ പ്രധാനമായി ശ്രദ്ധ വെക്കേണ്ടതായിരിക്കുന്നതു്.

ശ്രീരാമന്റെ സീതാപരിത്യാഗംമുതൽ സീതയുടെ അന്തർദ്ധാനംവരെയുള്ള ചരിത്രത്തിലെ പല സംഭവങ്ങളും സീതയുടെ ചിന്തയിൽ ഓരോരോവഴിക്കു കടന്നുകൂടുന്ന പ്രധാനവിഷയങ്ങളായി പ്രകൃതകവി നമുക്കനുഭവപ്പെടുത്തി തരുന്നുണ്ടു്. ആവക സന്ദർഭത്തെ ആദ്യമായി വർണ്ണിച്ചിട്ടുള്ള ആദികവിയുടെയും മററും പ്രതിഭകളിൽ പ്രതിഫലിച്ചിട്ടുള്ള സീതയുടെ നിലയും സ്വഭാവവും ആശാനവർകൾ നമുക്കു കാണിച്ചുതരുന്ന സതീരത്നത്തിന്റെ നിലയും സ്വഭാവവും തമ്മിൽ ഏതേതംശങ്ങളിലാണു് വ്യത്യാസപ്പെട്ടിരിക്കുന്നതെന്നു തന്നെ ഒന്നാമതായി നോക്കാം. ഭർത്താവു തന്നെ ഉപേക്ഷിച്ചവിവരം ലക്ഷ്മണൻ പറഞ്ഞറിഞ്ഞപ്പോൾ വാല്മീകിയുടെ സീത പറയുന്നതിങ്ങിനെയാണു്—

Digitized By Kerala Sahitya Akademi

"ദീനയായ്മാനസംവെന്തുരുകിപ്പിന്നെ
ജാനകി ലക്ഷ്മണനോടു ചൊല്ലീടിനാൾ
എന്നുടെ ദേഹത്തെ ദുഃഖത്തിനായ്ക്കൊണ്ടു
തന്നെ നിർമ്മിച്ചിതു ധാതാവു നിശ്ചയം
ഈവിധം ദുഃഖസപാത്രരൂപിണിയായി ഞാൻ
കേവലം തീർന്നിതല്ലൊട്ടു വിലക്ഷ്മണ!
ദുഷ്കൃതമെന്തൊന്നു ചെയ്തു ഞാൻ മുജ്ജന്മ-
മാർക്കോക്ക് പതീവിയോഗം വരുത്തി ഞാൻ
ശുദ്ധപാതിവ്രത്യനിഷ്ഠയുള്ളോരെന്നെ
യിത്തരം ദൂരെത്യജിച്ചിതല്ലൊ നൃപൻ
പണ്ടു ഞാൻ രാമപാദാബ്ജം ശരണമാ-
യ്ക്കൊണ്ടു താനാശ്രമവാസമാർന്നീടിനേൻ
എന്നിട്ടുമേറെ നിർഭാഗ്യയാകും മമ-
വന്നു ചേർന്നല്ലൊ മഹാപത്തു ലക്ഷ്മണ!
അങ്ങനെയുള്ള ഞാനാരെയും കൂടാതെ
യെങ്ങനെ വാഴുന്നിതാശ്രമഭൂമിയിൽ
ഇമ്മട്ടു നിത്യം സഹിക്കുന്ന സങ്കടം
സൌമ്യ ഞാനാരോടു ചൊല്ലീട്ടുവതയ്യൊ
എങ്ങിനെയെന്തു ഞാൻ ഭക്ഷിച്ചിടേണ്ടതു-
മെങ്ങനെ നേരം കഴിയുന്നു ദൈവമേ
എന്തൊന്നു ഞാൻ മുനിമാരോടു ചൊല്ലേണ്ട-
തെന്തൊരു സൽകർമ്മമാനു ചെയ്യേണ്ടതും
ഗംഗാപ്രവാഹത്തിലിപ്പോൾ തന്നെ ഞാൻ മൃത
മിതെന്റെ ദുർജ്ജീവിതത്തെക്കളകിലൊ
എന്നുടെ ഭർത്തൃവംശം നശിക്കുംപരം-
മെന്നതുകൊണ്ടതിനും കഴിവില്ലഹാ
കല്പനപോലെ വനീ ചെയ്ത ദുഃഖാംബുധൌ
കീഴ്പ്പെട്ടൊഴുകീടുമെന്നെ ത്യജിക്കനീ
പൃഥ്വീശശാസനേ നിൽക്കനീ സൌമ്യ ഞാ-
നദ്യ ചൊല്ലുന്നതു കൂടി ശ്രവിക്കനീ

Digitized By Kerala Sahitya Akademi

ശത്രുഘ്നനോടെല്ലാംഭേദമെന്നിയേ
നിശ്ചലഭക്ത്യാതൊഴുതുകുമ്പിട്ടുഞാൻ
ചേതസാപാരംവിനീതയായ്ക്ഷേമങ്ങൾ
ചോദിച്ചിട്ടുണ്ടെന്നുചൊൽകനീലക്ഷ്മണ!
രാജാവിനോടുംശിരസാവണങ്ങിഞാൻ
വ്യാജംവിനാകുശലങ്ങൾചോദിപ്പതും
മററുള്ളവന്ദ്യജനത്തോടുമാകവെ
മുററുമെൻവന്ദനം ചെന്നറിയിക്കനീ
ധൎമ്മത്തിലേററവുംശ്രദ്ധയാവാഴ്കെന്നൊ-
രമ്മന്നനോടുഞാൻ ചൊന്നതായ്ച്ചൊൽകനീ
സീതസംശുദ്ധയാണെന്നതുതത്വമായ്
ബോധിച്ചിട്ടുന്നിതല്ലൊഭവാൻരാഘവ!
ഭക്തിയത്യന്തംഭവാനിലുണ്ടെന്നതും
നിത്യവുംതേഹിതംനോക്കുന്നവളെന്നും
നന്നായറിഞ്ഞിരിക്കുന്നവനാം ഭവാ-
നിന്നപവാദത്തിലുണ്ടായഭീതിയാൽ
മന്നവവീര!കാട്ടിൽക്കളഞ്ഞീടിനാ.
നെന്നെയെന്നുള്ളതുനല്ലയുക്തംതവ
പാൎത്താലപവാദമൂലമായങ്ങേക്കു
കീൎത്തികേടുണ്ടായ്വരുന്നതാണെങ്കിലൊ
തീൎത്തുകൊള്ളേണ്ടതുള്ളാണതുഞാനെന്നി-
ക്കോൎത്താൽപരമാ ഗതിഭവാൻതാനല്ലൊ
ധൎമ്മത്തിലത്യന്തതാല്പൎയ്യമാണെന്നൊര-
മ്മന്നനോടെന്റെവാക്കായിതുംചൊൽകനീ
തന്നുടെസോദരന്മാരിലെന്നോണമ
ണ്ടെന്നുമൊൎത്തിക്കപൌരജനങ്ങളിൽ
മന്നവ!പൌരജനങ്ങളിൽ ധൎമ്മത്തി-
നൊന്നുമേതെററുപററാതെവൎത്തിപ്പതാം
എത്രയുംമുഖ്യമായീടുംഭവദ്ധൎമ്മ-
മുത്തമകീൎത്തിയുമുണ്ടാമതുമൂലം

Digitized By Kerala Sahitya Akademi

പൌരന്മാരോതുന്നോരകീർത്തിയെപ്പററിഞാ-
നേറയുമിങ്ങനുശോചിപ്പതുപോലെ
എന്നുടെയിശ്ശരീരത്തെക്കുറിച്ചെന്നു-
മെന്നുള്ളുകൊണ്ടനുശോചിപ്പതില്ലിഹ.
ഭൎത്താവുതാൻ ദൈവമായതു നാരിക്കു
മിത്രവുമാചാൎയ്യനും പതിതന്നെയാം
ആകയാൽപ്രാണങ്ങൾകൊണ്ടും പതിപ്രിയ-
മാകുന്നതു ചെയ്യേണം വിശേഷിച്ചും
ഇത്തരം ഞാനുരചെയ്തതായങ്ങു നീ
ധാത്രീപതിയോടു ചൊല്ലുക ലക്ഷ്മണ!
ഗൎഭിണിയാമെന്നെ നോക്കി ഗമിക്ക നീ-
യിപ്പോളിതാനമെ ചൊല്ലുവാനുള്ളതും"

സീതയുടെ പരമാപൽസന്ദൎഭത്തിലുള്ള ഈ വാക്കുകളിൽ നിന്ന് ആ നായികയുടെ ഏതൊരു നിലയിലുള്ള മനോവൃത്തിയെയാണ് ആദികവി വെളിപ്പെടുത്തിയിരിക്കുന്നതെന്നു നോക്കുക. കഷ്ടിച്ചു പ്രായം തികഞ്ഞതിനാൽ സ്വഭാവഗതിയുറച്ച് യൌവരാജ്യാഭിഷേകത്തിനു പ്രാപ്തിയായ കാലംമുതൽക്കുള്ള ശ്രീരാമന്റെയും സീതയുടെയും സ്വഭാവോൽകൎഷത്തെ അഭിഷേകവിഘ്നം മുതലായ ഓരോരോ സംഭവങ്ങളാൽ ക്രമത്തിൽ ക്രമത്താൽ പുഷ്ടിപ്പെടുത്തിക്കാണിച്ച് പട്ടാഭിഷേകംവരെയുള്ള ഘട്ടത്താൽ പുരുഷന്മാരിൽ സ്വഭാവോൽകൎഷംകൊണ്ടു ശ്രീരാമനെതിരായും പതിവ്രതകളിൽ സീതക്കെതിരായും യാതൊരാളുമില്ലെന്നു നല്ലവണ്ണം അനുഭവപ്പെടുത്തി വ്യവസ്ഥാപിച്ചതിനു ശേഷം ആ നായികാനായകന്മാരുടെ ഉൽകൃഷ്ടസ്വഭാവങ്ങൾക്കെതിരായി മറ്റൊന്നു കിട്ടാൻ വഴിയില്ലാത്തതിനാലെന്നപോലെ ശേഷം ഭാഗംകൊണ്ട് ശ്രീരാമന്റെ സ്വഭാവോൽകൎഷവും സീതയുടെ സ്വഭാവോൽകൎഷവും തമ്മിൽത്തന്നെ താരതമ്യപ്പെടുത്തി കാണിക്കുന്നതിലാണ് ആ ആദികവിയുടെ മനോധൎമ്മം പ്രകാശിക്കുന്നത്. ആ ഉൽകൎഷതാരതമ്യമാണ് സീതാപരിത്യാഗഘട്ടംമുതൽക്കുള്ള കഥയുടെ ജീവനായിനിൽക്കുന്നതും. പി

Digitized By Kerala Sahitya Akademi

താവിന്റെ സത്യം രക്ഷിപ്പാൻമാത്രംവേണ്ടി സ്വസുഖത്തെ തീരെ വകവെയ്ക്കാതെ രാജ്യം ഉപേക്ഷിച്ചു കാട്ടിൽ പോവാൻ മടിക്കാത്ത ധൎമ്മവീരൻ പത്നിയെ ഉപേക്ഷിക്കുന്ന വിഷയത്തിൽ സ്വന്തം സുഖത്തെപ്പററിയേടത്തോളം ചിന്തിക്കുകതന്നെയില്ലെന്നു പറയേണ്ടതായിട്ടില്ല. ഉത്തമനായ രാജാവിന്റെ നിലക്ക് ഏതൊരുസംഗതിയിലും പ്രജകളെ തൃപ്തിപ്പെടുത്തേണ്ടതും അവരുടെ സകല നടപടികൾക്കും നിദൎശനമായിരിക്കേണ്ടതും ഒഴിക്കാൻ പാടില്ലാത്ത മുഖ്യധൎമ്മമായിട്ടാണിരിക്കുന്നതു്. അഗ്നി പരിശുദ്ധിവഴിയായുംമററും പാതിവ്രത്യനിഷ്ഠയുടെ ശക്തിയും തന്നെക്കുറിച്ചുള്ള ഭക്തിസ്നേഹാദികളും നല്ലവണ്ണം അനുഭവംവന്നിട്ടുള്ള ധൎമ്മപത്നിയെ നിരാധാരയാക്കി കാട്ടിൽ കൊണ്ടുപോയിക്കളയുന്നതു് വലിയ അന്യായവും കരുണാഗുണത്തിന്നു യോജിക്കാത്ത കടും ക്രൂരതയുമാണെന്നുള്ളതിന്നും സംശയമില്ല. ഇങ്ങിനെ പരസ്പരം വിരുദ്ധമാകയാൽ ഒന്നും പ്രവൃത്തിക്കാൻ തരമില്ലാത്ത മഹാവിഷമഘട്ടത്തിൽ ശ്രീരാമൻ തീൎച്ചപ്പെടുത്തിയ സംഗതിയുടെ സൂക്ഷ്മം പരിശോധിക്കുക. സാധാരണയായി ജനങ്ങൾ വേണ്ടാത്ത അപവാദംപറഞ്ഞുണ്ടാക്കിയാൽ പത്നിയെ ശ്വശ്രുരഗൃഹത്തിലേക്കയക്കുന്നതു് അത്ര വലിയ കഠിനമായിക്കരുതുന്നതല്ല. പക്ഷെ അവിധം ചെയ്യുന്നതു് പ്രായേണ തന്റെ നില രക്ഷിപ്പാൻ കൊള്ളരുതാത്തവൎക്കല്ലാതെ ഒരുൽകൃഷ്ടനായകനു ചേരുന്നതല്ല. വിശേഷിച്ചും അതു ജനകരാജാവിനെ അവമാനിക്കുകയുമായിത്തീരും. അതുകൊണ്ടു് പത്നിയെ തീരെത്തള്ളിക്കളഞ്ഞ നിലവരുത്തിത്തന്നെ അപവാദംതീൎക്കാനാണു് ആ ഉത്തമനായകൻ കരുതുന്നതു്. എന്നാൽ ദേവിയുടെ പരിശുദ്ധി തനിക്കു നല്ലവണ്ണം നിശ്ചയമുള്ളതാകയാലും ജനങ്ങൾ പറയുന്ന അപവാദം കൃത്രിമമാകയാലും വാസ്തവത്തിൽ തെററു ജനങ്ങളിലായതുകൊണ്ടു് ദേവിയെ കാട്ടിൽ കൊണ്ടുപോയിക്കളയുന്ന കാൎയ്യത്തിലും ജനങ്ങളെപ്പററിയേടത്തോളം അതിനിഗ്രഢമായ ഒരു കാൎയ്യം ആ ഗംഭീരാശയൻ ഒതുക്കിവെക്കുന്നുണ്ടു്. ആ സംഗതിയെത്തന്നെ, താൻ ചെയ്യേണ്ടിവന്ന

Digitized By Kerala Sahitya Akademi

ക്രൂരതക്കു കുറച്ചൊരു സമാധാനമുണ്ടാകാനുള്ള വഴിയായിക്കരുതുന്നതുമുണ്ട്. അതാണ്, ദശരഥനുമായുള്ള മൈത്രീബന്ധംനിമിത്തം തന്റെ പിതൃസ്ഥാനീയനായ വാല്മീകിമഹർഷിയുടെ ആശ്രമത്തിന്നടുക്കൽ കൊണ്ടുപോയി സീതയെ അവിടെ ഉപേക്ഷിപ്പാനായി ലക്ഷ്മണനോടു സ്വകാര്യമായിട്ടേൽപ്പിക്കുന്നതിന്റെ തത്വം. പിതൃതുല്യനായ മഹർഷി, ദേവിയെ പുത്രിനിർവ്വിശേഷം രക്ഷിക്കാതിരിക്കയില്ലെന്നും, പ്രസവശുശ്രൂഷ, ബാലശുശ്രൂഷ മുതലായതിന്നു വേണ്ട ഏർപ്പാടുകളും നടത്തുമെന്നുംമററും ശ്രീരാമൻ പൂർണ്ണമായി വിശ്വസിക്കുന്നുണ്ട്. സീതയുടെ പ്രസവകാലത്തിന്നു ശരിയായി ശത്രുഘ്നൻ ആ ആശ്രമസ്ഥലത്തെത്തിയ സംഗതി പ്രസ്താവിച്ചിട്ടുള്ളതും ഈ നിഗൂഢകാര്യത്തെയാണ് വ്യഞ്ജിപ്പിക്കുന്നതു്. ശ്രീരാമൻ ആ കാര്യം എങ്ങനെ നിഗൂഢമായവിധത്തിൽ നിർവ്വഹിച്ചിരിക്കുന്നുവൊ അതുപ്രസ്താവിക്കുന്ന ആദികവിയും നായകന്റെ ആ ഗൂഢാശയംസ്പഷ്ടമായിപ്പറയാതെ നിഗൂഢമായിക്കാണിച്ചുംകൊണ്ടു കാവ്യത്തിന്നു പുഷ്ടിവരുത്തുകയാണ് ചെയ്തിരിക്കുന്നതും.

സീതാപരിത്യാഗവിഷയത്തിൽ ശ്രീരാമന്റെ ഹൃദയത്തിലുള്ള നിഗൂഢാശയം മേൽപ്രകാരമെല്ലാമാണെങ്കിലും പരിശുദ്ധയായ പ്രിയപത്നിയെപ്പററിയുള്ള അപവാദം ആ ദേവിയോടു നേരെ പറയുന്നതിന്നൊ ആ പ്രദേശത്തുവെച്ചു ഗ്രഹിപ്പിക്കുന്നതിന്നുപോലുമൊ ആ ധീരപുരുഷൻതന്നെയും ധൈര്യപ്പെടുന്നില്ല. എന്നുമാത്രവുമല്ല, കരുണാപരവശമായ അദ്ദേഹത്തിന്റെ ഹൃദയം ദേവിയെ ആവിധത്തിൽ ത്യജിക്കേണ്ടിവന്നതിനെപ്പററി കഠിനമായി പരിതപിക്കയും വെറും മിഥ്യയായ അപവാദത്താൽ ആ സതീരത്നത്തിന്നനുഭവിക്കേണ്ടിവന്ന സങ്കടം ചിന്തിച്ചു വെന്തുരുകുകയും ചെയ്യുന്നു. സർവ്വസ്വതന്ത്രനായ ആ രാജേന്ദ്രൻ അവശനായിത്തീർന്നു് കാലദോഷത്തിന്നു സകലരും കീഴ്പ്പെടണമെന്നു തീർച്ചപ്പെടുത്തി അനുജന്മാരെ ആളയച്ചുവരുത്തി പലതരത്തിലും സങ്കടം പറകയും,

Digitized By Kerala Sahitya Akademi

"നിർദ്ദോഷയാണവളെന്നുള്ളതുനല്ല
നിശ്ചയമുണ്ടെനിക്കെന്തുചെയ്യാവതും.
ലക്ഷ്മണ! താനും പുരൌഘവുംകാൺകവെ
തൽക്ഷണമഗ്നിയിൽചാടിയല്ലൊസതി.
മൈഥിലിനിർദ്ദോഷയാണെന്നുപാവക-
നോതിനാൻദിവ്യജനങ്ങളുമോതിനാർ"

എന്നുംമററും അവലാതിപ്പെട്ടുകയും,

"എന്നുടെവാക്കുകൾകേൾക്കുന്നവരെങ്കി
ലിന്നുഞാൻചൊന്നതുനിങ്ങൾമാനിക്കണം"

എന്നു നിലവിട്ടപേക്ഷിക്കയും ചെയ്യുന്നുണ്ട്.

ധർമ്മത്തിനും അപകീർത്തിതീർക്കുവാനുംവേണ്ടി സ്വന്തംപ്രാണനെപ്പോലും കളവാൻ ഒരുങ്ങുന്നാളാണെന്നു പറഞ്ഞുകൊണ്ടും തനിക്കു ബോദ്ധ്യംവന്നിട്ടുള്ള ഭർത്താവ് തന്നെ ഈവിധത്തിൽ ഉപേക്ഷിച്ചതു വേറെ ഒരു ഗതിയുമില്ലാഞ്ഞിട്ടാണെന്നുള്ളതും വാല്മീകിയുടെ വാസസ്ഥലത്തു കൊണ്ടുപോയി ത്യജിക്കുന്ന തത്വവും,

"നീറുന്നമാനസത്തോടുമാമാജ്ഞചെ-
യ്താവയമുൾപ്പുക്കിരുന്നാൻനരേശ്വരൻ
നിർദ്ദോഷയാകുന്നനിന്തിരുമേനിയെ
ധാത്രീപതിയുപേക്ഷിച്ചുമത്സന്നിധൌ
ലോകാപവാദഭയത്താൽത്യജിച്ചിതു
രാഘവനന്യഥാചിന്തിയായ്കേതുമേ
പുണ്യാശ്രമത്തിന്നരികെഭവതിയെ
യിന്നഹോഞാൻത്യജിക്കേണമെന്നപാജ്ഞയാ
ഞങ്ങടെതാതൻദശരഥരാജാവു-
തന്നുള്ളിലേററംപ്രിയംപെരുത്തുള്ളവൻ
ഇഷ്ടനത്യന്തംസഖാമുനിപുംഗവൻ
ശിഷ്ടൻയശോരാശിവാല്മീകിതാപസൻ



Digitized By Kerala Sahitya Akademi

അമ്മഹാത്മാവിൻെറ പാദപത്മങ്ങൾ
നമ്മയോടാശ്രയിച്ചാകുലംകൂടാതെ
രാഘവരാജനിൽസ്നേഹമോടുംവാൾക"

എന്നുള്ള ലക്ഷ്മണൻെറ വാക്കിൽനിന്നു നല്ലവണ്ണം ഗ്രഹിച്ചിട്ടു തന്നെയാണ് സീതാദേവിയും മേൽകാണിച്ചപ്രകാരം ലക്ഷ്മണനോടു പറഞ്ഞിരിക്കുന്നത്. ഭർത്താവിൻെറനേരെ പരിഭവമൊ ഈർഷ്യയൊ യാതൊന്നും ആ ദേവി പ്രകടിപ്പിക്കുന്നില്ല. കല്പിച്ചുകൂട്ടി തന്നെ അവമാനിച്ചതായിക്കരുതുന്നതുമില്ല. നേരേമറിച്ച്, തൻെറജീവിതം ദുഃഖമനുഭവിക്കാനായിത്തന്നെ ഉണ്ടായതാണെന്നും ഇതെല്ലാം ജന്മാന്തരകർമ്മഫലമായിരിക്കണമെന്നും കരുതി തന്നെത്താൻ വെറുക്കുകയാണ് ചെയ്യുന്നത്. എന്നും അത്ര പത്തനുഭവിക്കാനായുള്ള ഈ നികൃഷ്ടജീവിതത്തെ ഇപ്പോൾതന്നെ വല്ലവിധത്തിലും ഗംഗയിലിട്ടുകളഞ്ഞേക്കാമെന്നുവെച്ചാൽ ഗർഭത്തിലിരിക്കുന്ന ഭർത്തൃസന്താനം നശിച്ചുപോകുമല്ലൊ; അതിനാൽ ആവിധത്തിലും പരിഹാരത്തിനു നിവൃത്തിയില്ലാത്തനിലയിലാണല്ലൊ അകപ്പെട്ടുപോയതു് എന്നമട്ടിലാണ് ആ പതിവ്രത വ്യസനിക്കുന്നതും. എന്നതന്നെയുമല്ല, ഈവിധം തന്നെ ഉപേക്ഷിക്കേണ്ടിവന്നതിൽ ഭർത്താവിനു തന്നെക്കുറിച്ചുണ്ടാകാവുന്ന കഠിനപശ്ചാത്താപത്തെപ്പററിയാണ് ആ സാധ്വി പ്രധാനമായി വിചാരിക്കുന്നതും സങ്കടപ്പെടുന്നതും. അതുകൊണ്ടാണ്, എൻെറ പാതിവ്രത്യശുദ്ധിയും ഭക്തിയും ഹിതംനോക്കുന്ന സ്വഭാവവും എല്ലാം നല്ലവണ്ണം അറിഞ്ഞിട്ടാണല്ലൊ ഭവാൻ എന്നെ ഉപേക്ഷിച്ചത് എന്നും, അപവാദംനിമിത്തം അങ്ങക്കു കീർത്തിക്കുറവുണ്ടായിവരുന്നതാണെങ്കിൽ അതു തീർക്കാൻ ചുമതലപ്പെട്ടവളാണ് ഞാൻ എന്നും, സ്വന്തം സഹോദരന്മാരിലെന്നതുപോലെതന്നെ പൌരജനങ്ങളിൽ എന്നും അവിടുന്നു പെരുമാറണമെന്നും, പൌരന്മാർ പറയുന്ന അയശസ്സിനെപ്പററി ഞാൻ എത്രത്തോളം സങ്കടപ്പെടുന്നുണ്ടോ എൻെറ സ്ഥിതിയെപ്പററി അത്രത്തോളം ഞാൻ അനുശോചിക്കുന്നില്ലെന്നും മററും ആ ദേവി പറഞ്ഞിരിക്കുന്നത്. എൻെറ പരിശുദ്ധിയും മററും നല്ലവ

Digitized By Kerala Sahitya Akademi

ണ്ണം അറിയാതെയാണ് ഉപേക്ഷിച്ചിരിക്കുന്നതെങ്കിൽ അതുകൊണ്ടു പക്ഷെ എനിക്കു സങ്കടമുണ്ടാകുമായിരുന്നേക്കാം. അതുവേണ്ടടത്തോളം ബോദ്ധ്യപ്പെട്ടിട്ടതന്നെ ഉപേക്ഷിച്ചതാകയാൽ നിവൃത്തിയില്ലാതെ ചെയ്തതാണെന്ന് എനിക്കു നല്ല വിശ്വാസമുണ്ട്. അതിനാൽ ഞാൻ ഇതിൽ അത്ര സങ്കടപ്പെടുന്നില്ല. അതു കരുതി അങ്ങു വ്യസനിക്കരുത്. ഞാൻ അങ്ങേക്കുള്ള അപവാദം തീൎക്കാൻ ചുമതലപ്പെട്ടവളാകയാൽ ഈ സംഗതിയിൽ ചെയ്യേണ്ടതുചെയ്തു എന്നു മാത്രമല്ലാതെ ഒരു ക്രൂരതകാണിച്ചതായിക്കരുതുവാനവകാശമില്ല. എന്റെ കഷ്ടസ്ഥിതിയെക്കാൾ അവിടേക്ക് ഇങ്ങിനെയൊരപവാദം പറഞ്ഞുണ്ടാക്കിയല്ലോ എന്നുള്ളതാണ് എനിക്കു വളരെയധികം അസഹ്യമായിരിക്കുന്നത്. രാജാവിന്നുചിതമായ ധൎമ്മം പ്രവൃത്തിക്കാതിരിപ്പാൻ നിവൃത്തിയില്ലെന്നോൎത്തും ഈ കാൎയ്യത്തിൽ എന്നേപ്പററി പശ്ചാത്തപിക്കാതെ സമാധാനിക്കേണ്ടതാണ്. എന്തിനധികംപറയുന്നു, സഹോദരന്മാരിൽ എന്നതേപോലെ ദൃഢവിശ്വാസമുണ്ടോ പൌരജനങ്ങളിലും അത്രതന്നെ വിശ്വാസത്തോടുകൂടിപ്പെരുമാറി ഈ വാല്മീകിയുടെ സസ്ഥലത്തല്ലാതെ മററുവല്ല കാട്ടിൽത്തന്നെ എന്നെ ഉപേക്ഷിച്ചാലും എന്റെ ഭക്തിശ്രദ്ധികളറിഞ്ഞ അവിടുന്ന് ചെയ്താകയാൽ എനിക്കതുകൊണ്ടു വ്യസനമുണ്ടാകുന്നതല്ലെന്നു കരുതണം. എന്നിങ്ങിനെ ആ മനസ്വിനിയുടെ ആവക ഓരോ വാക്കുകളും ഭൎത്താവിനെ ആശ്വസിപ്പിക്കുന്ന നിലയിലുള്ളതായിട്ടാണല്ലൊ പൎയ്യവസാനിക്കുന്നത്.

പിന്നെ ഗംഭീരമനസ്വിനിയായ സീത ലക്ഷ്മണനോടായിത്തന്നെ പറയുന്ന "ഗൎഭിണിയാമെന്നെനോക്കിഗ്ഗമിക്ക നീ" എന്നതിന്റെ ഊൎജ്ജിതം നോക്കുക. ഈ സ്ഥിതിക്ക് മേലിലുംപല അപവാദങ്ങളും പറഞ്ഞുണ്ടാക്കില്ലെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ മുമ്പിലത്തെപ്പോലെതന്നെ നിങ്ങൾ ചിലർ അതിന്നു സാക്ഷിയായിരിക്കട്ടെ. എന്തിനു; ആകപ്പാടെ ഇന്നു ഞാനീലോകത്തെ അല്പമെങ്കിലും സാരമുള്ളതായി തീരെക്കരു

Digitized By Kerala Sahitya Akademi

ഉന്നില്ല; എന്നൊക്കെയാണല്ലൊ അതിൽനിന്നും വന്നുകൂടുന്നതു്.

സാധാരണയായി സജ്ജനങ്ങളുടെ സ്വഭാവഗുണത്തിന്നുള്ള അതിശയം അവർ മഹാവിപത്തിൽപ്പെടുന്ന അവസരത്തിലാണു് അധികം പ്രകാശിക്കുന്നതു്. അങ്ങിനെ പ്രത്യക്ഷപ്പെട്ടന്ന ഗുണാതിശയങ്ങൾ മററുള്ളവരുടെ പശ്ചാത്താപത്തെ ക്രമത്തിലധികം വൎദ്ധിപ്പിക്കുകയാണു് ചെയ്യുന്നതെന്നുള്ളതും അനുഭവസിദ്ധമാണു്. സീതാദേവി പറഞ്ഞയച്ച ആശ്വാസവാക്കുകൾ ശ്രീരാമനെ ഏതു നിലയിലാക്കിത്തീൎത്തുവെന്നുള്ള സംഗതി, ആ മഹാപുരുഷനെ സ്സമാധാനപ്പെടുത്തുവാൻ ലക്ഷ്മണന്നു് സാമാന്യത്തിലധികം പ്രയാസവും തത്വോപദേശങ്ങളും വേണ്ടിവന്നതായും ഒടുവിൽ—

“പിന്നെയുംവന്നുകൂടുംരാഘവനായക!
മുന്നമുണ്ടായൊരപവാദമോൎക്കണം
യാതൊരുലോകാപവാദംഭയപ്പെട്ടു
സതിയാംസാധ്വിയെസ്സന്ത്യജിച്ചുഭവാൻ
ആയപവാദംപുരത്തിലുംനാട്ടിലും
ശ്രേയസ്സററുത്തരണ്ടാമതുംവന്നിടും”

എന്നുതന്നെയും പറയേണ്ടതായും കാണിച്ചതുകൊണ്ടുതന്നെ ആദികവി വ്യക്തമാക്കീട്ടുണ്ടു്. സീതാദേവിയാകട്ടെ, ലക്ഷ്മണനോടു അവസാനത്തിൽ സൂചിപ്പിച്ചുപറഞ്ഞതുപോലെ തന്നെയാണു് കഴിച്ചുകൂട്ടുവാൻ ഒരുങ്ങുന്നതു്. ലക്ഷ്മണൻപോയഉടൻ തന്നെ വാല്മീകിമഹൎഷി അടുത്തുവന്നു് ആ ദേവിയെ

“ശ്രീമാൻദശരഥൻതൻവധുവാണുനീ
രാമന്നേററംപ്രിയമാനൊരുപത്നിനീ
ഭൂമീശനാംജനകൻതൻെറപുത്രിനീ
ശ്രീമതി!തെസൽപതിവ്രതെസ്വാഗതം.
വിസ്രബ്ധയായിരുന്നീടുകവൈദേഹി!
വത്സെ!മമസമീപത്തിലാണിപ്പോൾനീ.

Digitized By Kerala Sahitya Akademi

താതഗേഹത്തിൽവന്നെന്നു ചിന്തിച്ചാലു-
മേതുമെ പുത്രി വിഷാദിച്ചീടായ്കനീ.”

എന്നുംമററുംപറഞ്ഞു് നല്ലവണ്ണം ആശ്വാസിപ്പിച്ചിട്ടാണു് ആശ്രമത്തിലേക്കു് കൂട്ടിക്കൊണ്ടുപോയതു്. സീത വളരെക്കാലം അവിടെത്താമസിക്കയുംചെയ്തു. എങ്കിലും പ്രപഞ്ചകാൎയ്യങ്ങളിൽനിന്നെല്ലാം വിരക്തയായി എപ്പോഴും ഈശ്വരഭജനം ചെയ്തുകൊണ്ടും ചില ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചു ശരീരത്തെ നിലനിൎത്തിക്കൊണ്ടും കഴിച്ചുകൂട്ടുന്ന ഒരു പുതിയതപസ്വിനിയെക്കൂടി അവിടെയുള്ള താപസിമാരുടെ കൂട്ടത്തിൽ കാണ്മാൻ സംഗതിവന്നതല്ലാതെ വിരഹിണിയായ ഒരു നായികയെ ആ ആശ്രമത്തിൽ ആൎക്കും കാണ്മാൻ സാധിച്ചില്ല. രാഗദ്വേഷാദികളായ വികാരങ്ങൾക്കൊന്നും സ്ഥലംകിട്ടാതായിത്തീൎന്ന ആ സതിയുടെ ഹൃദയത്തിൽ രണ്ടുദ്ദേശംമാത്രമേ പിന്നെയുണ്ടായിരുന്നുള്ളു. ഗൎഭിണിയായിത്തീൎന്ന സ്ഥിതിക്കു ഭൎത്തൃവംശം നിലനില്ക്കുന്നതിനുവേണ്ടി പുത്രനെ തക്ക പ്രായമാകുന്നതുവരെ രക്ഷിച്ചു വളൎത്തണം എന്നതൊന്നു്. ലോകാപവാദം കേൾപ്പാനിടയായ അവസരത്തിൽത്തന്നെ ജീവിതം ഉപേക്ഷിപ്പാൻ നിവൃത്തിയില്ലാതെ വന്നസ്ഥിതിക്കു് ആ അപവാദം വെറും മിഥ്യയാണെന്നു തെളിയിക്കാഞ്ഞാൽ അകീൎത്തി നിലനിന്നേക്കാവുന്നതുകൊണ്ടു് എപ്പോൾ അതു ശരിയായിത്തെളിയിച്ചു ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സംഗതിവരുന്നുവൊ ആ നിമിഷത്തിൽത്തന്നെ ഇഹലോകവാസം ഉപേക്ഷിക്കണം എന്നതു മറെറാന്നു്.

മേൽപ്രകാരമുള്ള നിശ്ചയങ്ങളോടുകൂടി പരിശുദ്ധവും ശാന്തവുമായ പ്രദേശത്തു തപസ്സുംചെയ്തുകൊണ്ടു ഏകദേശം പതിനഞ്ചുസംവത്സരത്തോളം വളരെ പ്രശാന്തമായിക്കഴിച്ചുകൂട്ടിയ സീതാദേവിയെ ആദികവി പിന്നെ നമുക്കു കാണിച്ചുതരുന്നതു് ശ്രീരാമന്റെ യജ്ഞവാടത്തിൽക്കൂടിയ മഹാസദസ്സിൽവെച്ചു് അപവാദം മിഥ്യയാണെന്നു് സത്യംചെയ്തുതെളിയിക്കാൻ വരുന്ന

Digitized By Kerala Sahitya Akademi

അവസരത്തിൽമാത്രമാണു്. സീതാപുത്രന്മാരുംവാല്മീകിശിഷ്യന്മാരുമായ കുശലവന്മാർ ആ മഹർഷിയുടെ കൃതിയായ രാമായണകാവ്യം ഗുരൂപദേശപ്രകാരം ശ്രീരാമന്റെ യാഗസദസ്സിൽച്ചെന്നു ചൊല്ലിക്കേൾപ്പിക്കുന്നു. പുത്രന്മാരെക്കണ്ടു് സ്നേഹപര്യാകുലനായ ശ്രീരാമൻ, യാഗത്തിന്നുവന്നു താമസിക്കുന്ന വാല്മീകിയോടു സീതയെ ജനസദസ്സിൽവെച്ചു സത്യംചെയ്തു സ്വീകരിക്കത്തക്കവണ്ണംഏർപ്പാടുചെയ്വാനായി ദൂതന്മാർമുഖാന്തരം അപേക്ഷിക്കുന്നു. വാല്മീകി അതു സമ്മതിച്ചു ആശ്രമത്തിൽനിന്നു സീതയെവരുത്തി ആ തപസ്വിനിയോടുകൂടി സദസ്സിലേക്കെഴുന്നള്ളുകയും ചെയ്യുന്നു. ഇങ്ങനെയാണു് സത്യംചെയ്തു തെളിയിക്കാനുള്ള അവസരം വന്നുകൂടുന്നതു്.

“നാന്മുഖദേവനെപ്പിന്തുടന്നീടുന്ന
നാന്മറയെന്നതുപോലെത്തദന്തരെ
വാല്മീകിപിമ്പെവരുംസീതയെക്കണ്ടു
നിർമ്മലംസാധുവാദംമുഴങ്ങീതുലോകം.”

എന്നിങ്ങനെ വേദംപോലെ സർവ്വാംശപരിശുദ്ധവും സത്വഗുണമയവുമായ ഒരു ജീവചൈതന്യമാണു് സീതയെന്നനിലയിൽ വാല്മീകിയുടെ പിന്നാലെ സദസ്സിലേക്കു വന്നുചേർന്നതു്. പിന്നെ എങ്ങിനെ സാധുവാദം മുഴങ്ങാതിരിക്കും. ആ വിധത്തിലുള്ള സീതയെക്കുറിച്ചാണു് ജനങ്ങൾ അപവാദം പറഞ്ഞുണ്ടാക്കിയിരിക്കുന്നതെന്ന സംഗതി, സന്ദർഭവിശേഷത്താൽ പ്രത്യേകിച്ചും ഉദ്ദീപിതമായിത്തീർന്നപ്പോൾ ആ മഹർഷിശ്രേഷ്ഠന്നുപോലും മനസ്സിലുണ്ടായക്ഷോഭം എത്രത്തോളമാണെന്നു അദ്ദേഹം പെട്ടെന്നു ശ്രീരാമനെനോക്കിപ്പറയുന്ന —

“മുന്നംഭവാനപവാദംനിമിത്തമാ-
യെന്നാശ്രമാന്തെത്യജിച്ചവളാണിവൾ
ശുദ്ധയെന്നോർത്തും ഭവാനന്നകീർത്തിയാൽ
ചിത്തംകലങ്ങിത്യജിച്ചവളാണിവൾ
എത്രയൊരാറുനൂറായിരംവത്സരം
കൃത്യമോടെതപംചെയ്തിരിക്കുന്നുഞാൻ.

Digitized By Kerala Sahitya Akademi

മൈഥിലിദുഷ്ടയെന്നാകിലതിൽ പല-
മേതുമനുഭവിക്കാതിരുന്നോട്ടെഞാൻ
വാങ്മനഃകായകർമ്മങ്ങളാൽ പാപങ്ങൾ
ഞാൻമുന്നമേതുമെ ചെയ്തതില്ലുഴിപ
ഭൂപുത്രിയാമിവൾദുഷ്ടയെന്നാകിലൊ
പാപകർമ്മത്തിൻഫലംഭുജിച്ചോട്ടെഞാൻ"

എന്നിവക ഭാഗങ്ങൾതന്നെ സാമാന്യം വ്യക്തമാക്കുന്നുണ്ട്. വാല്മീകിയുടെ ആ മാതിരിയിലുള്ള വാക്കുകൾ ശ്രീരാമന്റെ മനസ്സിൽ വല്ലാതെ തറക്കയും ലോകാപവാദഭയംകൊണ്ടു മാത്രം താൻ ത്യജിച്ചതാണെന്നും ആ അപരാധം ക്ഷമിക്കണമെന്നും അദ്ദേഹം വിനീതനായപേക്ഷിക്കയും ചെയ്തതിന്നു പുറമെ ഈ സദസ്സിൽവെച്ചു പരിശുദ്ധയായ സീതയെ സ്വീകരിച്ചുകൊള്ളാമെന്നേററു പറകയും ഉണ്ടായി. എങ്കിലും സീതയുടെ ആ സത്യം ശരവിടെക്കൂടിയ ജനങ്ങളൊ ശ്രീരാമനൊ വാല്മീകിമഹർഷി തന്നെയുമൊ കരുതിയിരുന്ന മാതിരിയിലല്ല ഉണ്ടായത്. പാതിവ്രത്യശുദ്ധിയും തപശ്ശക്തിയും തികഞ്ഞിരിക്കുന്ന ആ മഹാമനസ്വിനി സത്യംചെയ്യാനായി ജലംകയ്യിലെടുത്താചരിച്ച് കീഴ്പ്പെട്ടുനോക്കിക്കൊണ്ട് സത്യവാചകം പറഞ്ഞതിങ്ങനെയായിരുന്നു.

"നിശ്ചയംരാമനെയല്ലാതൊരാളെഞാ-
നോർത്തിട്ടുമില്ലതുസത്യമെന്നാകിലൊ
വൈകുണ്ഠപത്നിയാംദേവിയെനിക്കിന്നു
പോകുവാൻഛിദ്രമൊന്നാശുനൽകീടണം.
വാങ്മനഃകർമ്മങ്ങൾകൊണ്ടുഞാനെപ്പൊഴും
രാമനെപ്പൂജിച്ചുവാണിതെന്നാകിലോ
വൈകുണ്ഠപത്നിയാംദേവിയെനിക്കിന്നു
പോകുവാൻഛിദ്രമൊന്നാശുനൽകീടണം.
ഇന്നുഞാൻചൊന്നതുസത്യമെന്നാകിലു-
മന്യനെഞാനറിഞ്ഞിട്ടില്ലയെങ്കിലും

Digitized By Kerala Sahitya Akademi

വൈകുണ്ഠപത്നിയാംദേവിയെനിക്കിന്നു
പോകുവാൻചരിദ്രമൊന്നാശുനൽകീടണം."

ഇപ്രകാരം സത്യവാചകം പറഞ്ഞു കഴിഞ്ഞ, ഉടൻതന്നെ അത്യത്ഭുതകരമായവിധത്തിൽ ആ സ്ഥലത്തു് ഭൂമിരണ്ടായിപിളൎന്നു. ഇല്ലാത്ത അപവാദം പറഞ്ഞുണ്ടാക്കിയതിന്നു ജനങ്ങൾക്കെല്ലാം എന്നേക്കും കഠിനമായ പശ്ചാത്താപശിക്ഷകൊടുത്തും സ്വഭാവോൽകൎഷംകൊണ്ടു ശ്രീരാമനെപ്പോലും കീഴ്പ്പെടുത്തിയും സത്യത്തിന്നനുസരിക്കാത്ത ധൎമ്മം തീരാത്ത പശ്ചാത്താപത്തിന്നിടയാക്കിത്തീൎക്കുമെന്നു് അദ്ദേഹത്തിന്നനുഭവപ്പെടുത്തിയും അല്പനേരത്തേക്കു് സകലജനങ്ങളും മോഹാലസ്യപ്പെടുന്നതിന്നും, അതിധീരനായ ശ്രീരാമൻപോലും ധാരധാരയായി കണ്ണീർചൊരിഞ്ഞും തലകുനിച്ചും അവശനായിനിൽപ്പാൻ കഴിയാതെ ഒരു ദണ്ഡത്തെ അവലംബിച്ചും വളരെനേരംപൊട്ടിക്കരയുന്നതിന്നും കാരണമാകത്തക്കവിധം സീതാദേവി പ്രപഞ്ചംവിട്ടു് ആ ഭൂച്ഛിദ്രത്തിൽ പെട്ടെന്നുമറകയുംചെയ്തു.

ആദികവി കാണിച്ചിരിക്കുന്ന സീതാദേവിയുടെ മട്ടു് ചുരുക്കത്തിൽ മേൽവിവരിച്ച പ്രകാരത്തിലാണിരിക്കുന്നതു്. ഇനി, വരകവിയായ കാളിദാസൻ രഘുവംശത്തിൽ കാണിച്ചിരിക്കുന്ന സീതയുടെ മാതിരി എന്താണെന്നുനോക്കാം. സീതയുടെ സ്വഭാവോൽകൎഷത്തെപ്പററിയേടത്തോളം ആ കവിശ്രേഷ്ഠൻ സൂക്ഷ്മത്തിൽ ആദികവിയെ അനുസരിച്ചുംകൊണ്ടുതന്നെയാണു് പ്രസ്താവിച്ചിട്ടുള്ളതു്. എങ്കിലും വാല്മീകിസ്പഷ്ടമായിക്കാണിച്ചിട്ടില്ലാത്ത ചില വിശേഷാംശങ്ങളെക്കൂടി എടുത്തുകാണിച്ചും വിസ്തരിച്ചിട്ടുള്ള ഭാഗങ്ങളുടെ സാരാംശംമാത്രം ചുരുക്കത്തിൽ ചില മോടികൊണ്ടു പുതുമപ്പെടുത്തി പ്രതിപാദിച്ചും ചിലെടങ്ങളിൽ മറെറാരുവഴിക്കുതന്നെ പെരുമാറീട്ടും വിചാരിച്ചഫലം സമ്പാദിച്ചു് അകപ്പാടെ സന്ദൎഭത്തിന്നൊരു പുതുമയും ജീവനും പ്രത്യേകിച്ചുതന്നെ ഉണ്ടാക്കിത്തീൎത്തിട്ടുണ്ടു്. ഒന്നാമതായി ലോകാ

Digitized By Kerala Sahitya Akademi

പവാദംകേട്ട അവസരത്തിൽ ശ്രീരാമനുണ്ടായ മനോവികാരങ്ങളുടെ ക്രമംകാണിച്ചിരിക്കുന്നതുതന്നെ നോക്കുക —

"സ്വകളത്രവിനിന്ദയെന്നവല്ലാ-
ത്തയശസ്സേററഥജാനകീശചിത്തം
പരിതപ്തമയസ്സ്വവാച്ചുകൂടാ-
ഹതിയേററന്നവിധംതകൎന്നുപോയി.

അപകീൎത്തിപൊറുത്തിരിക്കയോതാ-
ററിയലാത്തപ്രിയയെത്ത്യജിക്കയോതാൻ
ഇതിചിന്തയിലൊന്നുമങ്ങുറയ്ക്കാ-
തവനുള്ളം ചിരമാടിഡോളപോലെ.

ഗതിയില്ലിഹവേറെയെന്നുറച്ചാൻ
സതിയെത്തള്ളിയകീൎത്തിതീൎക്കുവാൻതാൻ
പരമിങ്ങുയശോധനൎക്കുപാൎത്താൽ
പെരുതെല്ലാററിലുമുററകീൎത്തിയല്ലൊ."

ലോകപ്രകൃതിയെത്തെളിഞ്ഞറിഞ്ഞ കവിശ്രേഷ്ഠൻ വശിഷ്ടസ്വഭാവമുള്ളവൎക്കും അതികഠിനങ്ങളായ സംഭവങ്ങൾവന്നുചേരുമ്പോൾ ആദ്യത്തിൽ മനുഷ്യസാധാരണമായ മനോവൃത്തിതന്നെ ഉണ്ടാകുന്നതാണെന്നും ക്രമത്തിലാണ് അവരുടെ സ്വഭാവവിശേഷം സ്ഫുരിക്കുന്നതെന്നും ഉള്ള സംഗതിയുംകൂടി വ്യക്തമാക്കിക്കൊണ്ടാണ് ശ്രീരാമൻെറ സ്വഭാവോൽക്കൎഷത്തെ ഈവിധത്തിൽ തെളിയിച്ചിരിക്കുന്നതു്. അതുകൊണ്ടു നമ്മുടെ അനുഭവത്തിന്നു പ്രത്യേകം ഒരു പുഷ്ടിവരുന്നുണ്ടെന്നുള്ളതു നിൎവ്വിവാദവുമാണ്. അനുജന്മാരെ ആളയച്ചുവരുത്തി വിവരം ഗ്രഹിപ്പിക്കുന്ന ഘട്ടത്തിലാകട്ടെ, സംഗതിയുടെ ഗൌരവം കാണിച്ചു പറയുന്നതിൻെറയും മററും രീതികൊണ്ടാണ് നായകസ്വഭാവാതിശയം വ്യഞ്ജിപ്പിക്കുന്നതു്. ശ്രീരാമൻ ലോകാപവാദംവന്നുകൂടിയ കാൎയ്യം അവരോടു പറഞ്ഞതിന്നുശേഷം വീണ്ടും ഇങ്ങിനെ പ്രസ്താവിക്കുന്നതായി ആ വരകവി കാണിക്കുന്നു.

Digitized By Kerala Sahitya Akademi

"നിരൂപിക്കുകകഷ്ടമാര്യ്യസൂര്യ്യോൽ-
ഭവരാജർഷിവരാന്വയെകളങ്കം
ശുചിവൃത്തനണച്ചിതെവ്വിധം ഞാൻ
ഘനവാതംമുകുരത്തിലെന്നപോലെ.
അലയാർന്നജലത്തിലെന്നവീഴും-
നിലയിൽപൌരരിലാദ്യമായ്പരക്കാൻ
തുടരുന്നൊരകീർത്തിദുസ്സഹംമെ
കുലയാനകൾതള്ളച്ചുകുററിപോലെ
അതുതീർപ്പതിനേഷഞാൻഫലാപ്തി-
ക്കണയാറാകിലുമായതോർത്തിടാതെ
മിഥിലാത്മജയെത്യജിക്കുവൻമു-
മ്പിലതന്നെജനകാജ്ഞയാൽക്കണക്കെ.
അറിവേനവൾശുദ്ധയെന്നുമെന്നാ-
ലപകീർത്തിക്കധികംബലംമതംമെ
കറയററസുധാംശുവിന്നുലോകം
ധരണിച്ഛായകളങ്കമാക്കിയില്ലേ.
ദശകണ്ഠവധാന്തമേൽപ്രയത്നം
സഫലംതാനതുവൈരമോചനാർത്ഥം
രുധിരേച്ഛനിമിത്തമൊചവിട്ടു-
ന്നവനെപ്പാമ്പുകടിപ്പതാത്തരോഷം.
അതിനാൽഗതശല്യമൊട്ടനാൾഞാ-
നിഹജീവിപ്പതിനങ്ങുമോഹമെങ്കിൽ
കരുണാർദ്രമനസ്കരായ്ഭവാന്മാ-
രിതിനേതുംതടവോതിടായ്കവേണം."

നിശ്ചയത്തിൻെറ ശക്തിയും യുക്തിയുക്തതയും അതിന്നു വിപരീതം പറഞ്ഞാലുണ്ടാകുന്ന ഫലവും വിഷയഗൌരവത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതിൽത്തന്നെ അപൽ കാലത്തിലകപ്പെട്ടതുകൊണ്ടുള്ള കഠിനവിഷാദവും സഹോദരന്മാരുടെ സമ്മതം ലഭിക്കുന്നതിന്നുള്ള പ്രാർത്ഥനയും അടങ്ങിയിരിക്കുന്നതിനാൽ

Digitized By Kerala Sahitya Akademi

വ്യഞ്ജിക്കുന്ന സ്വഭാവഗാംഭീൎയ്യമാണല്ലോ ഈ അംശത്തിൽ പ്രധാനമായി അനുഭവപ്പെടുത്തിയിരിക്കുന്നതു്.

വായനക്കാരുടെ മനസ്സിനെ പ്രകൃതത്തിന്നനുഗുണമായ വികാരത്തിൽനിന്നു വിട്ടുപോകാതെ കൊണ്ടുനടത്തുന്നതിന്നും അവഴിക്കു് നായികാനായകന്മാരുടെ സ്വഭാവതാരതമ്യത്തിന്നു് അനുഭവപുഷ്ടിവരുത്തുന്നതിന്നും കാളിദാസൻ ചിലേടത്തു് വാല്മീകിയെക്കാൾ അധികം മനസ്സുവെച്ചുകാണുന്നുണ്ടു്. ലക്ഷ്മണൻ സീതയെ കാട്ടിൽ കളവാൻകൊണ്ടുപോകുന്ന അവസരത്തിൽ പ്രസ്താവിച്ചിട്ടുള്ള പല സംഗതികളും അതിന്നു ദൃഷ്ടാന്തങ്ങളാണു്.

"രുചിതസ്ഥലസീമ്‌നി ജാൻഗമിപ്പു
പ്രിയദൻമത് പ്രിയനെന്നുനന്ദിപൂണ്ടോൾ
സുരവൃക്ഷതവിട്ടുഖൾംഗപത്ര
ദ്രുമമായിങ്ങവനെന്നറിഞ്ഞതില്ല."

എന്നാണു് ആ പ്രകൃതത്തിൽ ആദ്യംതന്നെ പറഞ്ഞിരിക്കുന്നതു്. വരാൻപോകുന്ന കഠിനദുഃഖത്തെപ്പററി ലക്ഷ്മണൻ വഴിയിൽവെച്ചൊന്നും സൂചിപ്പിക്കാതെ മറച്ചുവെച്ചുവെങ്കിലും തന്റെ വാവത്തേക്കണ്ണു് വല്ലാതെ തുടിച്ചസംഗതി ഏററവും അപ്രിയമായ ഭാവിയെ ദേവിക്കു സൂചിപ്പിച്ചതായും ദുന്നിമിത്തം കണ്ടു മുഖം മങ്ങിയ ആ സാധ്വി, 'രാജാവിന്നും സഹോദരന്മാൎക്കും നന്മവരണമെ' എന്നിങ്ങിനെ മനസ്സുകൊണ്ടു പലവട്ടം പ്രാൎത്ഥിച്ചതായും അദ്ദേഹം പറയുന്നു. വഴിക്കുള്ള ഗംഗാനദിയിൽ ഗംഭീരശബ്ദത്തോടുകൂടി ഉയൎന്നുകണ്ട തിരമാലകൾ, ലക്ഷ്മണൻ സീതയെ കാട്ടിൽ കളവാൻ കൊണ്ടുപോകുന്നതു കണ്ടിട്ടു് അതു വിരോധിപ്പാനായി ഗംഗാദേവി മുമ്പിൽ വന്നുനിന്നു് അരുതേ, അരുതേ, എന്നുച്ചരിച്ചുംകൊണ്ടു് ഉയൎത്തിച്ചലിപ്പിക്കുന്ന കയ്യുകളാണൊ എന്നും ആ കവിധൎമ്മമൎമ്മജ്ഞൻ ഉൽപ്രേക്ഷിക്കുന്നു.

Digitized By Kerala Sahitya Akademi

ആദികവിയെ അനുസരിച്ചുതന്നെ കാളിദാസനും സീതാദേവി ഉപേക്ഷാവസരത്തിൽ ഭർത്താവു് തെറ്റുചെയ്തതായോ മറ്റൊ പറഞ്ഞു കാണുന്നില്ലെന്നും തന്റെ ജന്മാന്തരദുഷ്കൃതത്തെ മാത്രമെ പഴിച്ചുള്ളുവെന്നും സ്പഷ്ടമായിപ്പറഞ്ഞു നായികയുടെ സ്വഭാവഗുണത്തെത്തെളിയിച്ചിട്ടുണ്ടു്. എന്നാൽ ശ്രീരാമനോടു പറവാനായിപ്പറഞ്ഞയക്കുന്ന ഭാഗത്തിൽ ആ കവി പുറമെ കുറച്ചൊന്നു വ്യത്യാസപ്പെടുത്തിയിരിക്കുന്നു. ശ്രീരാമൻ ചെയ്തതു യുക്തമാണെന്ന നിലയിൽ സമാധാനിച്ചുംകൊണ്ടുള്ള വാക്കുകൾ പറഞ്ഞയച്ചതായിക്കാണിച്ചിട്ടില്ല. എന്തുചെയ്താലും പോകാത്ത സ്നേഹാതിശയം തനിക്കുണ്ടെന്ന നിലയിലുള്ള വാക്കുകൾ പറഞ്ഞയച്ചതായിക്കാണിച്ചിട്ടാണു് സീതയുടെ സ്വഭാവോൽക്കർഷം വ്യക്തമാക്കിയിരിക്കുന്നതു്. ആ സന്ദർഭത്തിൽ കാളിദാസന്റെ സീത പറയുന്നതിങ്ങനെയാണു്—

"പറയേണമന്നൃപനോടെൻവചസ്സിത-
ങ്ങു പരോക്ഷമഗ്നിപരിശുദ്ധയായമാം
ജനവാക്കുകേട്ടുവിരസിച്ചതിങ്ങനെ
സദൃശംശ്രുതത്തികവിന്നോകുലത്തിന്നോ.

അഥവാത്ത്വദൈകമതിയണ്ടുതൻഹിത-
പ്പടിയെന്നിലേവമിഹചെയ്തതാവുമോ
വരമെൻറപൂർവ്വജനിപാതകങ്ങൾതാ-
നിടിവീണപോലസഹമായ്ഫലിപ്പതാം.

അരികത്തണഞ്ഞമലർമങ്കയെത്ത്യജി-
ച്ചിവളൊത്തുമുമ്പുവിപിനേഗമിച്ചനീ
അധുനാതദാസ്പദമിയന്നീടുന്നനിൻ
ഗൃഹവാസവുംമമപൊറുപ്പതില്ലവൾ.

രജനീചരാർദ്ദിതമഹർഷിപത്നിമാ-
ക്കനിശംഭവൽപ്രിയതയാൽശരണ്യയായ്
നിവസിച്ചുഞാനയിഭവാൻറിളങ്ങവേ
ശരണത്തിനെങ്ങനെഗമിപ്പതന്യനെ.

Digitized By Kerala Sahitya Akademi

തവബീജമെന്നിലെഴുവൊന്നുരക്ഷ്യമെ-
ന്നൊരുവിഘ്നമിങ്ങിതിയവായിലിപ്പൊഴെ
അതിരററനിൻവിരഹമേററുകമോഹമീ
ഹതജീവിതംകളയുമായിരുന്നുഞാൻ.
ഇനിപെററശേഷമിനദത്തദൃഷ്ടിയാ-
യിഹവ .ർതപസ്സുതുടരുന്നതുണ്ടുഞാൻ.
ജനനാന്തരങ്ങളിലുമങ്ങുതാൻമമ
പ്രിയനാകണംവിരഹമൊക്കനീങ്ങണം.
വർണ്ണാശ്രമങ്ങളുടെരക്ഷണമാണുമുഖ്യ-
ധർമ്മംനൃപന്നുമനുചൊല്ലുവതാകയാലെ
ഇമ്മട്ടുതള്ളുകിലുമിങ്ങുതപസ്വിമാരി
ലൊന്നെന്നമാതിരിയിൽനോക്കിടണംഭവാനും"

പറയുന്നതിൻെറ ക്രമംകൊണ്ടും കൂടി സ്വഭാവവിശേഷം തെളിയിച്ചുകാണിക്കാൻ പരിചയമുള്ള മഹാകവി, നായകനോടു നായിക നേരിട്ടുപറയുന്നമാതിരിയിൽ കല്പിച്ചിട്ടുള്ള ഈ പ്രകൃതത്തിലും സ്വന്തം ആളുകൾ അനിഷ്ടംചെയ്താൻ മനുഷ്യസാധാരണമായി ഉണ്ടാകുന്ന സ്വഭാവമായ പരിഭവംതന്നെ സീതക്കും ആദ്യം ഉണ്ടായതായി ആദ്യത്തെ പദ്യംകൊണ്ടു കാണിക്കയും അതുകൊണ്ടുതന്നെ, ലോകപ്രകൃതിയനുസരിച്ചു ചിരപരിചയത്താൽ പ്രേമാവസ്ഥയിൽ എത്തിക്കഴിഞ്ഞിട്ടുള്ള നായികാനായകന്മാരുടെ സ്നേഹസ്ഥിതിയെ സ്ഫുരിപ്പിക്കയും ചെയ്തിരിക്കുന്നു. കവിയുടെ പ്രകൃതിസൂക്ഷ്മാവലോകനശക്തിയും ഇതിൽ നല്ലവണ്ണം പ്രകടിപ്പിച്ചിട്ടുണ്ട്. എങ്ങിനെയെന്നാൽ—നായികാനായകന്മാർ തമ്മിലുള്ള സ്നേഹത്തിന്നു് രാഗം, പ്രേമം, പ്രണയം എന്നിങ്ങനെ മൂന്നവസ്ഥാഭേദങ്ങളുണ്ടു്. അത്യഗ്രഹം പ്രധാനമായും അതുനിമിത്തം മനസ്സിനു് എപ്പോഴും സ്വസ്ഥതയില്ലാതെയും ഇരിക്കുന്ന സ്ഥിതി രാഗാവസ്ഥ. എന്നുവെച്ചാൽ—നായികാനായകന്മാരിൽ ഒരാൾക്കു് മററെ ആളുടെ ഹൃദയം എത്രത്തോളം തന്നിൽ അനുസക്തമായിട്ടുണ്ടെന്നുള്ളതിൻെറ

Digitized By Kerala Sahitya Akademi

സൂക്ഷ്മം അറിയാത്ത പ്രനിമിത്തം ആ ഹൃദയാനുകൂല്യം ലഭിക്കുന്നതിൽ എപ്പൊഴും ഉൽസുകമായും ഓരോരോ സംഗതികളാൽ അനുകൂലമാണെന്നു തീച്ച്വന്നിട്ടും തൃപ്തിപ്പെടാതെ അപായശങ്കയോടുകൂടിയും ഇരിക്കുന്നതു രാഗാവസ്ഥയെന്നത്ഥം. ഈ അവസ്ഥയിൽ കട്ടെ നായകന്റെ അല്ലെങ്കിൽ നായികയുടെ മനസ്സ തന്നിൽ അത്യാസക്തമായിത്തന്നെ ഇരിക്കണം എന്നിങ്ങനെ തൻകാര്യം പ്രധാനമായിട്ടാണു മനോവൃത്തിയുടെ ഗതിയിരിക്കുക. കാരണംകൂടാതെതന്നെ പരസ്പരം ഹൃദയ സക്തിയേക്കുറിച്ചു പലതരം ദുശ്ശങ്കകളും എത്രതന്നെ ബോദ്ധ്യപ്പെട്ടിട്ടും പിന്നെയും അവിശ്വാസവും അതിനാൽ പലമാതിരി ഉപദ്രവങ്ങളും എല്ലാം ഇതിലാണു അധികവും സംഭവിക്കുന്നതു്. പ്രായേണ വിവാഹത്തിന്നുമുമ്പും വിവാഹം കഴിഞ്ഞു കുറേക്കാലത്തേക്കും ഈ രാഗാവസ്ഥ പ്രധാനമായിരിക്കുന്നതുമാണു്. വിരഹാവസരത്തിൽ ശോകംതന്നെയാണു ഈ അവസ്ഥയിലിരിക്കുന്ന സ്നേഹത്തിൽ മുമ്പിട്ടുനിൽക്കുക. കാളിദാസകവിതന്നെ ശാകുന്തളത്തിൽ രാജാവു ശകുന്തളയെ പരിത്യജിച്ചപ്പോൾ ആ നായികക്കുണ്ടായ സ്ഥിതിയെപ്പററി വൎണ്ണിച്ചിട്ടുള്ള—

"ദൂനം ഞാൻതള്ളിയപ്പോൾസ്വജനമനുഗമി-
ച്ചീടുവാനായ്മുതിന്നും
ദീനംനിൽക്കെന്നുറക്കെഗ്ഗുരുസമഗുരുശി-
ഷ്യൻകഥിച്ചപ്പൊൾനിന്നും
വീണീടുംബാഷ്പപൂരപ്രകരമൊടുമതി-
ക്രൂരനാമെന്നിൽവീണ്ടും
താനൎപ്പിച്ചനോട്ടംശിവശിവ!വിഷശ-
ല്യോപമംനീററിടുന്നു."

എന്ന പദ്യവുംമററും ആമാതിരി വിരഹത്തെയാണു കാണിച്ചിരിക്കുന്നതു്. അവിടെ നായികാനായകന്മാർ വനത്തിൽവെച്ചു കുറച്ചുകാലംമാത്രം സഹവാസംചെയ്തു പിരിഞ്ഞതിനാൽ ചിരകാലപരിചയംകൊണ്ടുമാത്രം അറിവാൻ സാധിക്കു

Digitized By Kerala Sahitya Akademi

ന്ന നായകമനോഗതി യും സ്വ വന്ന് ലതയും നായികക്ക് റി വാൻ കഴിഞ്ഞിട്ടില്ല. അതുനിമിത്തം തനിക്ക് ഉ ണ്ടന്നെ വ ന്നുപോയല്ലൊ എന്ന ചിന്തയും ാധിക്യവും തന്നെ നായി കാഹൃദയത്തിൽ പ്രധാനമായി നിൽക്കുയും ചെയ്യുന്നു. ആ ക വിവരൻ അതേമാതിരിയിലുള്ള സംഭവമായ സീതാപരിത്യാഗ ത്തിൽ മററൊരുവിധം വർണ്ണിച്ചിട്ടുള്ളതു് സ്നേഹത്തിന്നു് അവ സ്ഥാഭേദംവന്നിട്ടുള്ളതിനെ അനുസരിച്ചുമാത്രമാണു്.

പ്രേമമാകട്ടെ, പരസ്പരമുള്ള ഹൃദയാസക്തിയുടെ സൂക്ഷ്മം മിക്കതും അറിഞ്ഞിരിക്കയാൽ ഹർഷം പ്രധാനമായും ഹൃദയാനു കൂല്യം വഴിക്കുണ്ടാകുന്ന സംതൃപ്തിയിൽ ജാഗരൂകമായും ഇരിക്കു ന്ന അവസ്ഥയാണു്. ഈ അവസ്ഥയിൽ പ്രിയജനവുംതാനും രണ്ടാണെന്നുള്ള ഭാവന ഉണ്ടായിരിക്കയില്ല. എപ്പോഴും പരസ്പ രം ഇഷ്ടം അനുവർത്തിക്കുന്നതിൽ ശ്രദ്ധയോടുകൂടിയിരിക്കയുംചെ യ്യും. എന്നാൽ നായകനു് അന്യസ്ത്രീയിൽ പ്രീതിയുണ്ടാകുന്ന തും മററും ഈഅവസ്ഥയിലും നായികക്കുദുസ്സഹംതന്നെയായിരി ക്കുന്നതാണു്. ചിരപരിചയംകൊണ്ടു പരസ്പരം സ്വഭാവഗതിയ റിവാൻ കഴിഞ്ഞിട്ടുള്ള നായികാനായകന്മാരിലാണു് പ്രായേണ ഈ അവസ്ഥ പ്രത്യക്ഷപ്പെടുന്നതു. വിരഹത്തിൽ ഈ അവസ്ഥാ ഭേദത്തിലും ശോകംതന്നെ മിക്കസംഗതികളിലും പ്രധാനമായി നിൽക്കും. അതിന്നുകാരണം ഹൃദയാനുകൂല്യത്താലുണ്ടാകാവുന്ന മനസ്സംതൃപ്തി അനുഭവിച്ചു മതിയായട്ടില്ലെന്നുള്ള സംഗതിത ന്നെയുമാണു്. എന്നാൽ പരസ്പരം ഇഷ്ടാനുവർത്തനത്തിൽ ജാഗ രൂകമായ ഈ അവസ്ഥയിൽ ഒരാൾ ഒരാൾക്കു് അനിഷ്ടം പ്രവൃ ത്തിച്ചാലാകട്ടെആദ്യത്തിൽ പരിഭവമാണു് സ്ഫുരിക്കുന്നതു്. അ തിന്നുശേഷമെ ക്രമേണ ശോകത്തിലും മുമ്പുസിദ്ധിച്ച ദൃഢസ്നേ ഹത്തിന്റെ സ്മരണത്തിലും മററും മനസ്സു വ്യാപരിക്കയുള്ളു. പ്രേമാവസ്ഥയും കഴിഞ്ഞു പിന്നീടുണ്ടാകുന്നതും വാത്സല്യപ്രായ മായിട്ടുള്ളതുമാണു് പ്രണയം. ലോകാനുഭവങ്ങളിൽനിന്നു് ഈ വക പ്രകൃതിസൂക്ഷ്മങ്ങളെ വേണ്ടപോലെ ഗ്രഹിച്ചിട്ടുള്ള കാളി ദാസൻ അതുകൊണ്ടുതന്നെയാണു് മേൽക്കാണിച്ച സീതയുടെ

Digitized By Kerala Sahitya Akademi

വാക്കിൽ ആദ്യഭാഗത്തെ പരിഭവം സ്ഫുരിപ്പിച്ചുംകൊണ്ടു പറഞ്ഞിട്ടുള്ള വിധത്തിൽ കാണിച്ചിരിക്കുന്നതും.

മേൽപ്രകാരം വലിയ പരിഭവത്തോടുകൂടിയാണു് തുടങ്ങുന്നതെങ്കിലും ക്രമേണ മുമ്പു വിശ്വാസംവന്നിട്ടുള്ള ഭർത്തൃസ്നേഹദാർഢ്യത്തിൻെറ സ്മരണംവഴിക്കും മററും ഈ അപരാധം ശുദ്ധമതിയായ ഭർത്താവു മനഃപൂർവ്വം ചെയ്തതാവാൻ വഴിയില്ലെന്നും തൻെറ പാപശക്തിയുടെ ഫലമാവാനെ തരമുള്ളു എന്നും നിശ്ചയിക്കുന്നു. പിന്നെ ഭർത്താവിൻെറ നിർമ്മലസ്നേഹദാർഢ്യം തനിക്കു പ്രത്യക്ഷീകരിച്ചും അനുഭവപ്പെട്ടിട്ടുള്ള ഓരോ അവസരങ്ങളെയും ഓർത്തു സീതാദേവിക്കുണ്ടാകുന്ന സ്നേഹാതിരേകം ശോകത്തിൽ മുഴുകിക്കൊണ്ടു് പ്രകാശിച്ചുവരുന്നു. ഒടുവിൽ ഏതവസ്ഥയിലും തനിക്കുഗതി ഭർത്താവുമാത്രമാണെന്നുള്ള നിലയിൽ പത്ഥ്യവസിക്കയും വാല്മീകിയുടെ ആശ്രമപ്രദേശത്തല്ലാതെ മററൊരേടത്തു കൊണ്ടുപോയിത്തള്ളിയാൽത്തന്നെയും ഏതു നിലയിലിരുന്നാൽ ഭർത്താവിൻെറ രക്ഷയിൽത്തന്നെ ഈ ജീവിതകാലം കഴിച്ചുകൂട്ടുവാൻ തരംവരുമോ തപസ്വിനിയായിട്ടുള്ള ആ നിലയിൽ ഇരിക്കാൻ തീർച്ചപ്പെടുത്തുകയും രാജധർമ്മം അടിസ്ഥാനമാക്കിത്തള്ളിക്കളഞ്ഞ തന്നെ ആ രാജധർമ്മം അനുസരിച്ചുതന്നെ മേലിൽ രക്ഷിക്കേണ്ട ചുമതല അങ്ങേക്കുണ്ടാകയാൽ ആ വിധത്തിലെങ്കിലും രക്ഷിക്കണേ എന്നപേക്ഷിക്കയും ചെയ്തിരിക്കുന്നു. ഇങ്ങനെ സീതയ്ക്കു ശ്രീരാമനെപ്പററിയുള്ള സ്നേഹാതിശയം ശോകോദ്രേകത്താൽ ഏററവും പരിതപ്തമായിജ്വലിച്ചുംകൊണ്ടുള്ള വിധത്തിൽ പ്രതിപാദിച്ചിരിക്കുന്നതിന്നും വന്നുകൂടുന്ന ഫലം. സീതയുടെ സ്വഭാവത്തിന്നുള്ള ഉൽകർഷം സർവ്വാതീതമാണെന്നു് വെളിപ്പെടുന്നതും സീതാദേവി പറഞ്ഞയച്ച അവക വാക്കുകൾ കേൾക്കുമ്പോൾ ഉണ്ടാകാവുന്ന പശ്ചാത്താപാതിരേകം വ്യഞ്ജിപ്പിക്കുന്നതുമാകയാൽ ഫലാംശത്തെപ്പററിയേടത്തോളം ഇവിടെയും കാളിദാസൻ ആദികവിയെ നല്ലവണ്ണം അനുകരിച്ചിട്ടുമുണ്ടു്.

Digitized By Kerala Sahitya Akademi

ശ്രീരാമനോടു പറവാനായിപ്പറഞ്ഞയച്ചിട്ടുള്ളതുപോലെ അശ്രമത്തിൽച്ചെന്നതിന്നുശേഷം സീതാദേവി ഒരു വിരഹിണിയായിട്ടല്ല, തപസ്വിനിയായിത്തന്നെയാണ് കഴിച്ചുകൂട്ടിയതെന്നും കോപദ്വേഷാദിവികാരങ്ങൾക്കൊന്നും ആ മനസ്വിനിയുടെ ഹൃദയത്തിൽ പിന്നെ സ്ഥലംകിട്ടീട്ടില്ലെന്നും കാളിദാസൻ മിക്കതും വ്യക്തമായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വാല്മീകിമഹർഷി സീതയോടു പറയുന്നതായി ഉപന്യസിച്ചിട്ടുള്ള

"കരമേലുടജങ്ങളാൻപാപം
കളവോരിത്തമസാജലെകുളിച്ച്
മണൽവേദിയിലച്ചനാദിചെയ്യും
തവചിത്തത്തിനുവന്നിടുംപ്രസാദം.
ഫലപുഷ്പഗണംബലിക്കുവേണ്ടും
വരിയെന്നീവകകൊണ്ടുവന്നുനൽകി
മുനികന്യകമാരുദാരമോദം
കരചെയ്യേറവിനോദമേകിടുംതെ."

എന്നു തുടങ്ങിയ ഭാഗങ്ങളും, താപസസ്ത്രീകൾ സീതക്കു താമസിക്കാൻവേണ്ടി ഓടലെണ്ണവിളക്കും മേധ്യാജിനതല്പവും ഒരുക്കീട്ടുള്ള ഒരാശ്രമത്തെക്കൊടുത്തതായി പ്രതിപാദിച്ചിരിക്കുന്നതും,

"അഥമരവിരിപൂണ്ടും സ്നാനസംശുദ്ധയായ
ങ്ങതിഥികളെവിധിക്കാമ്മാറുപൂജിച്ചുകൊണ്ടും
മിഥിലതനയവന്യംകൊണ്ടഹോതൻശരീരം
പതികുലമതുനിൽപ്പാൻവേണ്ടിമാത്രംവഹിച്ചാൾ."

എന്നിങ്ങനെ സീത ആശ്രമത്തിൽ കഴിച്ചുകൂട്ടിയിരുന്ന സമ്പ്രദായത്തെപ്പററിപ്പറഞ്ഞിരിക്കുന്നതും എല്ലാം ആ അംശത്തെയാണല്ലോ കാണിച്ചിട്ടുള്ളത്. എന്നാൽ സന്ദർഭശുദ്ധിവിടാത്ത ആ വരകവി, സീതയുടെ തപസ്സിൻെറ ഫലം ജന്മാന്തരങ്ങളിലും ശ്രീരാമൻ തന്നെ ഭർത്താവായിവരികയും വിയോഗംവ



Digitized By Kerala Sahitya Akademi

രാതിരിക്കയുമാണെന്നു് ആ ദേവി പറഞ്ഞയച്ചതായി പ്രസ്താവിച്ചിട്ടുള്ള ഭാഗത്താൽ മുമ്പു വ്യഞ്ജിപ്പിച്ചിരിക്കുന്ന സ്നേഹാതിശയം ശാന്തമായി തപസ്സുചെയ്തുംകൊണ്ടിരിക്കുന്ന നിലയിലും ആ പരിശുദ്ധഹൃദയത്തിൽ കരുണാവാത്സല്യസ്വരൂപമായ ഉൽകൃഷ്ടപ്രണയമായിപ്പരിണമിച്ചുംകൊണ്ടു സ്ഥായിയായി നിൽക്കുന്നുണ്ടെന്നുള്ള അംശവും ഇടക്കിടക്കു കാണിച്ചുതരുന്നുണ്ടു്.

"വേട്ടീലാമററൊരുവളെയുമാപ്പക്തികണ്ണാരി,യാഗം
മുററുംസീതാപ്രതികൃതിരചിച്ചിട്ടുതാൻചെയ്തുകൊണ്ടാൻ
ഇത്ഥംവൃത്തംജ്ജനകജപരംകേട്ടുദുർവ്വാരമാകും
ഭർത്തൃത്യാഗോൽഭവമഴൽപണിപ്പെട്ടുതാനേപൊറുത്താൾ."

എന്നും മററുമുള്ള ഭാഗങ്ങൾ അതിന്നു ദൃഷ്ടാന്തങ്ങളാണു്. എന്തിനധികം വിസ്തരിക്കുന്നു. അവസാനഘട്ടമായ ഭൂമിപ്രവേശാവസരത്തിലും സന്ദർഭജീവനായ ആ അംശത്തെ മുഴുവൻ വിട്ടുകളയാതെ തന്നെയാണു് പ്രതിപാദിച്ചിട്ടുള്ളതെന്നു സൂക്ഷിച്ചു പരിശോധിച്ചാൽ അറിയാവുന്നതാണു്. ഭൂമിദേവി പ്രത്യക്ഷമായിവന്നു സീതയെ എടുത്തുംകൊണ്ടുപോകുന്ന ആ ഭാഗം ഈവിധത്തിലാണു് പറഞ്ഞിരിക്കുന്നതു്:—

"ഉടനക്ഷികൾകാന്തനിൽപതിക്കും
സുതയെത്തൻമടിതന്നിൽവെച്ചുദേവി
അരുതേയരുതേയിതെന്നുപെട്ടെ-
ന്നവനോതുന്നളവേമറഞ്ഞുകൊണ്ടാൾ."

സീത തന്നെത്താൻ മുൻകൂട്ടിനിശ്ചയിച്ചിട്ടുള്ളപ്രകാരം തന്നെയാണു് ഇഹലോകവാസം ഉപേക്ഷിച്ചതെന്ന സംഗതി സത്യവാചകത്തിന്റെ മാതിരികൊണ്ടു വ്യക്തമായിട്ടുണ്ടല്ലൊ. എന്നിട്ടും മറയുന്ന അവസരത്തിൽ കാന്തനിൽ അക്ഷികൾ പതിച്ചുംകൊണ്ടിരുന്നതിന്റെ താൽപര്യം അതു ഭർത്താവിനോടു യാത്രപറയുന്നതായ ഒരു ദയനീയവീക്ഷണമായിരുന്നു എന്ന നിലയിലായിട്ടാണല്ലോ പര്യവസിക്കുന്നതും.

Digitized By Kerala Sahitya Akademi

ഇങ്ങനെ എല്ലാംകൂടി നോക്കുന്നതായാൽ സീതയുടെ സ്വഭാവത്തിനു, ആദികവി പാതിവ്രത്യധർമ്മനിഷ്ഠയെ മുൻനിർത്തികൊണ്ടു് സാമാന്യത്തിലധികം ഗംഭീരമായവിധത്തിൽ എങ്ങനെ ഉൽക്കർഷം വ്യവസ്ഥാപിച്ചിരിക്കുന്നുവോ അപ്രകാരംതന്നെ വരകവി, സ്നേഹാതിശയത്തെക്കൂടി പ്രധാനമായി അവലംബിച്ചുംകൊണ്ടു സുകുമാരവും ഗംഭീരവുമായവിധത്തിൽ അതിന്നുൽക്കർഷം വ്യവസ്ഥാപിച്ചിരിക്കുന്നുവെന്നു ചുരുക്കത്തിൽ പറയാം. അത്രമാത്രമേ അവർ തമ്മിൽ ഈ വിഷയത്തിൽ വ്യത്യാസമുള്ളൂ.

ഇനി ഉത്തരരാമചരിതം നാടകംകൊണ്ടു ഭവഭൂതി തൃപ്തിപ്പെടുത്തിട്ടുള്ള സീതയുടെ സ്വഭാവം ഏതുതരത്തിലാണെന്നാണു് പ്രധാനമായി നോക്കാനുള്ളതു്. പരമാർത്ഥത്തിൽ ആദികവിയും വരകവിയും നമുക്കു കാണിച്ചുതന്നിട്ടുള്ള സീതാരാമന്മാരേക്കാൾ കുറെയധികം വ്യത്യാസപ്പെട്ടതരത്തിലുള്ള സീതാരാമന്മാരെക്കൊണ്ടാണു് ഭവഭൂതികവി പെരുമാറീട്ടുള്ളതെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒന്നാമതായി, വസിഷ്ഠമഹർഷി പറഞ്ഞയച്ച ഉപദേശം കേട്ടപ്പോൾ, ലോകങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി സീതയെപ്പോലും കളവാൻ താൻ ഒരുക്കമാണെന്നു് ശ്രീരാമൻ അഷ്ടാവക്രമഹർഷിയോടു്,

"സൌഖ്യംദയസ്നേഹമെന്നല്ലിഭൊത്രിസുതതന്നെയും
അത്തൽകൂടാതെഞാൻലോകതൃപ്തിക്കായിത്ത്യജിക്കുവൻ"

എന്നഭാഗത്താൽ മുമ്പുതന്നെ ഏററുപറയുന്നുണ്ടു്. പിന്നെ അധികം താമസിക്കാതെതന്നെ ചിത്രദർശനാരംഭത്തിൽ സീതയുടെ അഗ്നിപരിശുദ്ധിവരെയാണു് ചിത്രമെഴുതിയിരിക്കുന്നതെന്നു ലക്ഷ്മണൻ പറഞ്ഞപ്പോൾ സീതയെക്കൊണ്ടു് അഗ്നിശുദ്ധിചെയ്യിച്ചതിനെപ്പററി പശ്ചാത്തപിക്കയും ആ ദേവിയോടു ക്ഷമയാചിക്കയും ചെയ്യുന്നു. സീതയെക്കളയണമെന്നു വന്നപ്പോൾ താൻ വളരെ നികൃഷ്ടനും മഹാപാതകിയുമാണെന്നും ഇനി ദേവിയെത്തൊടുവാൻ പോലും അർഹതയില്ലെന്നും പറഞ്ഞു്, തന്റെ കയ്യിന്മേൽ തലവെച്ചു് ഉറങ്ങിക്കിടക്കുന്ന ആ പതിവ്ര

Digitized By Kerala Sahitya Akademi

ടെ ശിരസ്സു പതുക്കെ നിലത്തുവെച്ചു പിരിഞ്ഞുപോകുന്നു. എന്നുമാത്രമല്ല, ആ അവസരത്തിൽ 'അയ്യോദേവി ദേവയജനസംഭവേ! അയ്യോ ദണ്ഡകാരണ്യവാസപ്രിയസഖി!' എന്നിങ്ങനെ തുടങ്ങി പലതും സീതയെവിളിച്ചും അരുന്ധതി, വസിഷ്ഠൻ, വിശ്വാമിത്രൻ മുതലായ ഗുരുജനങ്ങളെ വിളിച്ചും സുഗ്രീവാദി മിത്രജനങ്ങളെ വിളിച്ചും തന്നെത്താൻ വിലപിക്കയും ചെയ്യുന്നു. സീതാദേവിയെ ഉപേക്ഷിക്കുന്നതു വാല്മീകിയുടെ ആശ്രമപ്രദേശത്തു തന്നെയാണെങ്കിലും ആ മഹർഷി രക്ഷിക്കുമെന്നവിശ്വാസത്തിന്മേലല്ല. രാക്ഷസന്മാൎക്കും ദുഷ്ടമൃഗങ്ങൾക്കും ബലിയായിത്തീരുന്ന വിധം നിരാശ്രയയാക്കി കൊടുങ്കാട്ടിൽ കൊണ്ടുപോയിക്കളയുന്ന മാതിരിയിലാണു് കരുതുന്നതു്. അതുപ്രകാരം സീതമരിച്ചുപോയതായിത്തന്നെയാണ് ശ്രീരാമനും നാട്ടുകാരും വനവാസികൾ തന്നെയും വിശ്വസിച്ചിരുന്നിരുന്നതെന്നും ആത്രേയിയുടെയും ശ്രീരാമന്റെ തന്നെയും വാക്കായി കാണിച്ചിരിക്കുന്നു. സീതയെ അപ്രകാരം ഉപേക്ഷിച്ചതിന്നു ശേഷം വളരെക്കാലം കഴിഞ്ഞിട്ടാണെങ്കിലും ശംബൂകവധത്തിന്നായി ദണ്ഡകാരണ്യ പ്രദേശത്തുചെന്ന ശ്രീരാമൻ അവിടെയുള്ള ഓരോ സ്ഥലങ്ങളുംകണ്ടു മുമ്പു സീതയോടുകൂടി അവിടെ കഴിച്ചുകൂട്ടിയ കാലത്തെ പല സംഗതികളും ഓൎത്തു് എന്തെന്നില്ലാതെ സങ്കടപ്പെടുകയും പലതവണയും നിലവിട്ടു മോഹാലസ്യപ്പെടുകയും ഇടക്കിടക്കു് ഉന്മത്തനായിപ്പോകതന്നെയും ചെയ്യുന്നുണ്ടു്. അക്കാലത്തേക്കു് ആ നായകൻ സാമാന്യത്തിലധികം വിളുത്തുകൃശനായി തീൎന്നിരിക്കുന്നതായും ആ കവി കാണിച്ചിരിക്കുന്നു. സീതയുടെ മാതിരിയും ഈ ശ്രീരാമന്റെ മാതിരിക്കനുസരിച്ചു തന്നെയാണു് ആ കവി വൎണ്ണിച്ചിട്ടുള്ളതു്. ലോകാരാധനത്തിനു വേണ്ടി സീതയെപ്പോലും കളവാൻ ഒരുക്കമാണെന്നു ശ്രീരാമൻ പറഞ്ഞപ്പോൾ മിണ്ടാതിരിക്കാതെ 'അതുകൊണ്ടുതന്നെയാണു് ആൎയ്യപുത്രൻ രാഘവധുരന്ധരനായിരിക്കുന്നതു്' എന്നിങ്ങനെ അതിനെ അനുവദിക്കുന്നു. യാഗസ്ഥലത്തുനിന്നു വന്ന അഷ്ടാവക്രമഹൎഷിയോടു് വന്ദനം പ

Digitized By Kerala Sahitya Akademi

കയും സ്വന്തം ബന്ധുജനങ്ങളുടെ കുശലം ചോദിക്കയും ഒരുമിച്ച് ഗൃഹവാസത്തിൽ കഴിക്കുന്നു. ചിത്രദൎശനത്തിൽ, കന്യകമാരായിരിക്കുന്ന സീതാദികളെ ലക്ഷ്മണൻ കാണിച്ചപ്പോൾ ലക്ഷ്മണനെ കലശൽ കൂട്ടാനായി 'മറെറാരുത്തിയെ ക്കാണുന്നതേതാണ്' എന്ന് അറിഞ്ഞുംകൊണ്ടു ചോദിക്കുന്നു. അതുപോലെതന്നെ ആ അവസരത്തിൽ പലപ്പോഴും മനസ്സിന്നുറപ്പുകുറഞ്ഞിരിക്കുന്ന സംഗതി പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. പരിത്യാഗാവസരത്തിലാകട്ടെ, ദുഃഖം സഹിപ്പാൻ ആളാകാതെ ജീവനെക്കളഞ്ഞേക്കാമെന്നു തന്നെ തീൎച്ചപ്പെടുത്തി മറെറാന്നും നോക്കാതെ ഗംഗയിൽ ചാടുകതന്നെ ചെയ്യുന്നു. ഗംഗാദേവി ആ ദുഃഖിതയെ ചാകാൻ സമ്മതിക്കാതെ എടുത്തു പാതാളത്തിൽ കൊണ്ടുപോയി രക്ഷിച്ചതായി വരുത്തീട്ടാണ് ആ കവി പിന്നെയും സീതയെജ്ജീവനോടുകൂടി ഇരുത്തീട്ടുള്ളതു്. പിന്നെ പന്തിരണ്ടുവത്സരം കഴിഞ്ഞതിന്നുശേഷം ദണ്ഡകാരണ്യത്തിൽവെച്ചു ശ്രീരാമൻ പലതരത്തിലും ദുഃഖിച്ചുഴലുന്ന അവസരത്തിൽ ശരീരിണിയായ വിരഹവ്യഥയെപ്പോലെയായിത്തീൎന്നിട്ടുള്ള സീതയും ഗംഗാദേവിയുടെ ഒരു ഗൂഢപ്രയോഗത്താൽ അവിടെച്ചെന്നു് ചേൎന്നതായും ശ്രീരാമന്റെ സ്ഥിതി കണ്ടു ഉടൻതന്നെ മൂൎച്ഛിച്ചുപോയതായും 'വരുന്നതുവരട്ടെ' എന്നുകരുതി ഭൎത്താവിന്റെ മോഹാവസ്ഥ നീങ്ങാൻ വേണ്ടി അദ്ദേഹത്തെ തലോടിക്കൊണ്ടിരുന്നതായും പ്രതിപാദിച്ചിരിക്കുന്നു. ആ ശുശ്രൂഷക്കിടയിൽ ഛായയുംതന്നെ ഇപ്പോഴത്തെ അവസ്ഥക്ക് ധാരാളമായി എന്നുപറഞ്ഞു പിൻമാറുകയും അനുവാദം കൂടാതെ അടുത്തുചെന്നതിനു മഹാരാജാവു കോപിച്ചേക്കുമോ എന്നു ശങ്കിക്കയും ചെയ്യുന്നുണ്ടെങ്കിലും പിന്നെയും ഭൎത്താവിന്റെമോഹാലസ്യം കാണുമ്പോൾ ആ നായിക അടുത്തുചെന്നു ശുശ്രൂഷചെയ്യുന്നുണ്ട്. അപ്രകാരം മായയാൽ മറഞ്ഞസീത ശുശ്രൂഷിച്ചുംകൊണ്ടിരിക്കുന്ന ആ സന്ദൎഭം അടിസ്ഥാനമാക്കി പരസ്പരം ഹൃദയാനുകൂല്യത്തോടേ അടുത്തിരിക്കുന്ന നായികാനായകന്മാരുടെ പരസ്പരപ്രണയത്തിന്നു തന്നെ കരുണവിപ്രലംഭാവസ്ഥ

Digitized By Kerala Sahitya Akademi

കൾ വരുത്തിയുംകൊണ്ടു പലതരത്തിലും പലവഴിക്കുമായി അവരുടെ ഹൃദയങ്ങളിൽ എപ്പോഴും കവിഞ്ഞൊഴുകുന്ന പരസ്പരസ്നേഹത്തെ അസാധാരണ മനോധർമ്മത്തോടുകൂടി ആ കവി വർണ്ണിച്ചു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതെല്ലാംകൂടി ആകപ്പാടെ ചുരുക്കിപ്പറയുന്നതായാൽ വാല്മീകിയും കാളിദാസനും കാണിച്ചു തന്നിട്ടുള്ള സീതാരാമന്മാരെക്കാൾ സ്വഭാവഗാംഭീര്യത്തിൽ കുറെ താഴ്ന്നനിലയിലുള്ളവരും വാക്കിലും പ്രവൃത്തിയിലും കുറേശ്ശെ വൈഷമ്യം പറ്റിപ്പോകാവുന്നവരും ലോകത്തിൽ സാധാരണയായിത്തന്നെ കണ്ടുവരുന്ന ഒരുതരം ഉത്താനഹൃദയന്മാർക്കു നിദർശനമായിട്ടുള്ളവരുമായ സീതാരാമന്മാരെയാണ് നമുക്കു കാണിച്ചുതന്നിട്ടുള്ളത്. എന്നാൽ ആ കവിശ്രേഷ്ഠൻ അവിധം വ്യത്യാസം ചെയ്തതിന്നു തക്കതായ കാരണവും ഉണ്ട്. നായകനെപ്പറ്റിയേടത്തോളം കരുണരസവും നായികയെപ്പറ്റിയേടത്തോളം കരുണോപസ്കൃതമായ വിപ്രലംഭവും പ്രധാനമാക്കിക്കൊണ്ടുള്ള ഒരു നാടകം ആ നായികാനായകന്മാരുടെ യോഗംകൊണ്ടു മംഗളപര്യവസാനമായിത്തീരുന്ന വിധം അവസാനിപ്പിക്കാഞ്ഞാൽ അതിന്നു വേണ്ടേടത്തോളം വൈചിത്ര്യമോ ആസ്വാദ്യതയോ ഉണ്ടാകുന്നതല്ല. വാല്മീകിയും കാളിദാസനും കാണിച്ചിരിക്കുന്നവിധം ഗംഭീരസ്വഭാവന്മാരായ സീതാരാമന്മാർ പരിത്യാഗത്തിന്നുശേഷം ആ മാതിരി യോജിക്കുകയെന്നത് അസ്വാഭാവികമാകയാൽ അവരെ യോജിപ്പിക്കുന്നത് കവിതക്കു സ്വഭാവാനൌചിത്യം ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. അതിനാൽ സീതാരാമന്മാരുടെ സ്വഭാവം ആകപ്പാടെ ഒന്നു തരം താഴ്ത്തിക്കാണിച്ചല്ലാതെ ഉദ്ദേശ്യം സിദ്ധിക്കില്ലെന്നുള്ള സംഗതികൊണ്ടാണ് ഭവഭൂതി അപ്രകാരം ചെയ്തിട്ടുള്ളത്. വാല്മീകികാളിദാസന്മാരെപ്പോലെ ധീരസ്വഭാവന്മാരാക്കിത്തന്നെ കാണിക്കുന്ന നായികാനായകന്മാരെക്കൊണ്ട് ഒരു ദൃശ്യകാവ്യത്തിന്നു വേണ്ട പുഷ്ടിവരുത്തണമെങ്കിൽ അത് ഏറ്റവും വിഷമവുമാണ്. ഇങ്ങനെയെല്ലാമാണ് പ്രാചീനപ്രധാനകവികൾ സീതയെ കാണിച്ചുതന്നിട്ടുള്ളതെന്നു ചുരുക്കത്തിൽപ്പറയാം.

Digitized By Kerala Sahitya Akademi

അശാനവർകൾ പ്രകൃതഗ്രന്ഥത്താൽ കാണിച്ചുതരുന്ന സീതയാകട്ടെ ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായ ലൌകികരീതിയിലാണ് പ്രത്യക്ഷപ്പെടുന്നത്. വാല്മീകി കാളിദാസന്മാർ കാണിച്ചുതന്നിരിക്കുന്ന സീതയെപ്പോലെ പാതിവ്രത്യധർമ്മത്തിന്റെ പരമകാഷ്ഠയിലുള്ള നിഷ്ഠകൊണ്ടും മറ്റും ഭർത്താവിന്റെ അപരാധത്തെപ്പററി അധികമൊന്നും ആക്ഷേപിക്കാതിരിക്കത്തക്ക വിധം അലൌകികമായ സഹനശക്തിയോ മറ്റോ പ്രകൃതസീതക്കില്ല. ഭവഭൂതിയുടെ സീതയെപ്പോലെ അത്രത്തോളം ശുദ്ധഗതിയും കാണുന്നതല്ല. ഏററവും മാനവതിയായ ഒരു ഖണ്ഡിതനായികയും മാനാധിക്യം നിമിത്തംതന്നെ ലോകത്തോടു നീരസംതോന്നി വെറുത്തിരിക്കുന്ന വിരഹിണിയുമായിട്ടുള്ള മാതിരിയിലാണ് പ്രധാനമായി അക്കാലത്തു സീതയുടെ മനോവൃത്തി വ്യാപരിച്ചിരുന്നതെന്ന സംഗതിയാണ് പ്രസ്തുതഗ്രന്ഥം സാമാന്യമായി നമുക്കനുഭവപ്പെടുത്തിത്തരുന്നത്. സീതാപരിത്യാഗത്തിന്നു മുമ്പുള്ള രാമായണകഥയിൽ സീതയെപ്പററിയേടത്തോളമുള്ള പ്രധാനഭാഗങ്ങൾ പലതും പരിത്യാഗംമുതൽക്കുള്ള അവക ഭാഗങ്ങൾ ക്രമത്തിൽ മുഴുവൻ തന്നെയും സ്മരണംവഴിക്കു ക്രമേണ സ്നേഹത്തിന്റെയും ഈർഷ്യയുടെയും ഉദ്ദീപനങ്ങളായിത്തീർന്നു മാനത്തെപ്പോഷിപ്പിക്കുന്ന വിധത്തിൽ സീതയുടെ ചിന്തയിൽ പെരുമാറുന്നതായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. ൨൮-ാം പദ്യത്തിലെ "അവമാനശല്യമേ ഒഴിയാതുള്ളു വിവേകശക്തിയാൽ" എന്ന ഭാഗംകൊണ്ടും ൬൭-ാം പദ്യത്തിലെ "മാനഹേതുവാലൊഴിയാത്താർത്തി മനുഷ്യനേവർക്കു" എന്നതുകൊണ്ടും ൮൩-ാം പദ്യത്തിലെ "അതിമാനിനി ഞാൻ സഹിക്കമിസ്ഥിതി" എന്നതുകൊണ്ടും മററും ഗ്രന്ഥകാരൻ തന്നെ ഈ സംഗതി അവിടെയവിടെ സ്പഷ്ടമായി കാണിച്ചുതരുന്നതുമുണ്ട്.

സീതക്കുണ്ടായിരുന്ന മഹാരാജ്ഞീപദത്തെപ്പററി നമുക്കു പ്രത്യേകം ഓർമ്മയുണ്ടാകത്തക്കവിധം

"അരിയോരണിപന്തലായ്സതി-
ക്കൊരുപൂവാകവിതിർത്തശാഖകൾ

Digitized By Kerala Sahitya Akademi

ഹരിനീലതൃണങ്ങൾകീഴിരു-
ന്നരുളുംപട്ടുവിരിപ്പുമായിതേ."
"പുളകങ്ങൾകയത്തിലമ്പലാൽ
തെളിയിക്കുംതമസാസമീരനിൽ
ഇളകുംവനരാജിവെണ്ണിലാ-
വൊളിയാൽചാർത്തവെള്ളിപോലെയായ്."

എന്നമാതിരിയിൽ ആശ്രമഭൂമി ഇരുന്നിരുന്ന പ്രദേശം വർണ്ണിച്ചുംകൊണ്ടു ഗ്രന്ഥം ആരംഭിച്ചിട്ടുള്ളതുതന്നെ ഖണ്ഡിതനായികയായിത്തീർന്നിട്ടുള്ള ഒരു മഹാരാജ്ഞിക്കുണ്ടാകാവുന്ന മാനം അതിലേററതായിരിക്കുമെന്ന സംഗതി സൂചിപ്പിച്ചതാകുന്നു. പുത്രന്മാർ അയോദ്ധ്യയിൽച്ചെന്നു് വാല്മീകികൃതമായ രാമായണം ചൊല്ലുന്നതുകേട്ടിട്ടു് ആ വഴിക്കു് ഇപ്പോൾ ഭർത്താവു പുത്രന്മാരെ അറിഞ്ഞിട്ടുണ്ടായിരിക്കണമെന്നും പക്ഷേ വീണ്ടും തന്നെ സ്വീകരിപ്പാൻ തീർച്ചപ്പെടുത്തി അടുത്ത അവസരത്തിൽത്തന്നെ കൊണ്ടുപോവാൻ ആളെ അയച്ചേക്കാമെന്നും ഉള്ള വിചാരമാണു പ്രകൃതമായ ദീർഘചിന്തക്കു പ്രധാനകാരണമെന്നു് ആദ്യപദ്യത്തിലെ പൂർവാർദ്ധംകൊണ്ടും ൭൨-ാം പദ്യംകൊണ്ടും കാണിച്ചതോടുകൂടിത്തന്നെ "നിഴലിൽ വഴിപയ്യൽപോലെ പോയുഴലാഭോഗമിരന്നു ഞാനിനി" എന്ന അംശത്താൽ ഒരിക്കലും ഇനി ഞാൻ ആ രാജ്ഞീപദം സ്വീകരിക്കയില്ലെന്നു സീത തീർച്ചപ്പെടുത്തിയിരിക്കുന്നതായും കാണിച്ചിട്ടുണ്ടെങ്കിലും ആ നായികയുടെ ഹൃദയത്തിൽ പിന്നെയും എന്തെന്നില്ലാതെ വലുതായ ഒരുൽക്കണ്ഠയുള്ളതായി ൭൩-ാം ൭൪-ാം പദ്യങ്ങളാൽ പ്രതിപാദിച്ചിട്ടുള്ളതും വാസ്തവത്തിൽ അഭിമാനാതിശയത്തിൻെറ ശക്തിയെയാണു് വെളിപ്പെടുത്തുന്നതു്. എങ്ങനെയെന്നാൽ — സാധാരണയായി മാനശോകാദികളായ അവസ്ഥകളിൽ അതിൻെറ പരിഹാരമാർഗ്ഗത്തെക്കുറിച്ചു് ഉൽക്കണ്ഠയുണ്ടാകുന്നതു സ്വാഭാവികമാണ്. പരിഹാരമില്ലെന്നു തീർച്ചപ്പെട്ടുംകൊണ്ടാണിരിക്കുന്നതെങ്കിലാകട്ടെ ആ ഉൽക്കണ്ഠ വിഷയവിശേഷത്തെ അവലംബിക്കാതെ 'ഏതിനോ വിരയുന്ന' മട്ടിലായിത്തീരുമെന്നേ വ്യത്യാസമുള്ളൂ. അതി

Digitized By Kerala Sahitya Akademi

നാൽ മാനശോകാദികളൊന്നുമില്ലെങ്കിൽ ആ ഏതിനോ വിരയു
കയും ഉണ്ടാകുന്നതല്ല. പതിരാഗജന്യങ്ങളായ പ്രിയഭാവങ്ങൾ
ചിന്തയിൽ ഊന്നിടാതായെന്നും പ്രണയം തലപൊക്കാതെ നി
ദ്രയായെന്നും ഇന്ദ്രിയമോദഹേതുക്കളായ ഭാവങ്ങൾ ഒഴിഞ്ഞുപോ
യെന്നും മററും സീത ചിന്തിക്കുന്നുണ്ടെങ്കിലും സൂക്ഷ്മം പരിശോ
ധിച്ചാൽ ആ മാനവതി അപ്രകാരം അഭിമാനിക്കുകമാത്രമാണ്
ചെയ്യുന്നതു്. മാനം അതിന്നുഹേതുക്കളായ ആവക വികാര
ങ്ങളെയെല്ലാം അതിശയിച്ചു ബലപ്പെട്ടു, മാനകാരണങ്ങളായ അ
വികാരങ്ങൾ വ്രതചര്യാദികൾ വഴിക്കു സഹനശക്തിയോടുകൂ
ടിയുള്ള പരിചയംകൊണ്ടും വാശികൊണ്ടും കാര്യമായ മാനത്തി
ന്നു കീഴ്പ്പെട്ടും നിൽക്കുമ്പോൾ അപ്രകാരം തോന്നുന്നതുമാണ്.
അതിനാൽ ആവക അംശങ്ങളും മാനോൽകർഷത്തെത്തന്നെയാ
ണ് കാണിച്ചിരിക്കുന്നതു്. അതുപോലെ, പരിത്യാഗാവസര
ത്തിൽത്തന്നെ ജീവനെക്കളയാതിരുന്നതിന്നു കാരണം ഭർത്തൃകു
ലം നിലനിൽക്കുന്നതിലുള്ള പ്രതിപത്തിയല്ല, ഗർഭത്തിലുള്ള
ദയതന്നെയാണെന്നു പ്രസ്താവിച്ചിരിക്കുന്നതും ഭർത്താവിൻെറനേ
രെയുള്ള ഈർഷ്യക്കനുകൂലമായിത്തന്നെയിരിക്കുന്നു. പുത്രവാത്സ
ല്യംവഴിയായുള്ള സുഖം അനുഭവിപ്പാനുള്ള സംഗതിയെങ്കിലും
ഉണ്ടായിരുന്നില്ലെങ്കിൽ ഈ ദുഃഖം ഇതിലും എത്രയോ ദുസ്സഹ
മായിത്തീരുമായിരുന്നുവെന്നു കരുതുന്നതും, എന്നാലും 'വിനയാ
ന്നസുഖം കൊതിക്കയില്ലിനിമേൽ ഞാനസുഖംവരിക്കുവാൻ'
എന്നു് നൈരാശ്യപ്പെടുന്നതും ആ മാനത്താലുണ്ടാകുന്ന മനശ്ചാ
ഞ്ചല്യത്തിൻെറ രൂപഭേദങ്ങളാണ്. തെററുചെയ്ത ആളുടെനേ
രെ കഠിനമായദ്വേഷം മനസ്സിൽ സ്ഫുരിക്കുന്ന അവസരങ്ങളി
ൽ ആ തെററിൻെറ ക്രൂരതയെ തുലനം ചെയ്യുന്നതിനുള്ള വാസ
നാവിശേഷംനിമിത്തം അനുകൂല്യംകാണിച്ചവരുടെ ബുദ്ധിഗുണ
ത്തെപ്പററി വിചാരങ്ങൾ പോകുന്നതു ലോകത്തിൽ സാധാരണ
യാണല്ലൊ. അതിലും വിശേഷിച്ച് തെററു പ്രവൃത്തിച്ചവനു ത
ന്നോടു ബന്ധം അധികമുണ്ടായിക്കൊണ്ടും അനുകൂല്യം കാണിച്ച
വനു് അത്രത്തോളംതന്നെ ബന്ധമില്ലാതെയും ആണു് ഇരിക്കു

Digitized By Kerala Sahitya Akademi

ന്നാതെങ്കിൽ ആമാതിരി വിചാരം വളരെയധികം വേഗത്തിലും ശക്തിയോടുകൂടിയും വ്യാപരിക്കുന്നതും തെററിൻെറ മാഹാത്മ്യം കൂട്ടുന്നതിന്നായി ആനുകൂല്യത്തെപ്പററി അനുശോചന രൂപത്തിൽ അധികമായി അഭിനന്ദിക്കുന്നതും സ്വഭാവസിദ്ധങ്ങളാണ്. ഉപേക്ഷാവസരത്തിൽ ലക്ഷ്മണനുണ്ടായ സങ്കടത്തെക്കുറിച്ചനുശോചിക്കുന്നതും ശ്രീ ദേവരന്ന് തൻെറപേരിലുള്ള ഭക്തിസ്നേഹങ്ങളെ ഓൎത്ത് ഹൃദയംഗമമായ വിധത്തിൽ അഭിനന്ദിക്കുന്നതും വാല്മീകിയുടെയും താപസിജനങ്ങളുടെയും കരുണാവിശേഷത്തെക്കുറിച്ചും അവരോടുകൂടിത്താമസിപ്പാൻ ഇടയാക്കിത്തീൎത്ത വിധിയെക്കുറിച്ചുതന്നെയും കൃതജ്ഞത പ്രകടിപ്പിക്കുന്നതും എല്ലാം ആമാതിരി വിപരീതശക്തികളുടെ പ്രവൎത്തനം വഴിയായി ശ്രീരാമൻെറ പേരിലുള്ള ഈൎഷ്യക്കു ശക്തിവൎദ്ധിപ്പിക്കുന്നു. ഇങ്ങിനെ പലതരത്തിലും പലവഴിക്കുമായി അതിരുകവിഞ്ഞു മൂൎച്ഛിച്ച മാനത്തോടുകൂടിയാണ് തന്നെപ്പററി അപവാദം പറഞ്ഞ നാട്ടുകാരുടെയും അതുകേട്ടുപേക്ഷിച്ച ഭൎത്താവിൻെറയുംനേരെ നായികയുടെ ചിന്ത തിരിയുന്നതായി ൫൭-ാം പദ്യംമുതൽ പ്രതിപാദിച്ചിരിക്കുന്നത്. അവിധം ഉഗ്രമായിത്തിരിഞ്ഞ ചിന്തയിൽ ഭൎത്താവു കല്പിച്ചുകൂട്ടി തന്നെ അവമാനിച്ചതാണെന്ന നിലയിൽ ശ്രീരാമൻെറ നേരെയുള്ള ഈൎഷ്യ എത്രത്തോളം നിലവിട്ടു വൎദ്ധിച്ചിട്ടുണ്ടെന്നുള്ളതിന് ൫൭, ൩, ൫൯—൬൧, ൬൭, ൬൮, ൬൯, ൬൬, ൭൦൧, ൭൦൨—൭൭൦, ൭൭൨, ൭൮൪, ൭൯൪. ഈ പദ്യങ്ങൾ പ്രത്യേകിച്ചും ഉദാഹരണങ്ങളായിത്തീൎന്നിട്ടുണ്ട്. ഗംഭീരയായ സീത, മനുഷ്യസ്വഭാവസാധാരണമായി പെട്ടെന്നുണ്ടായ ക്ഷോഭത്താൽ പറഞ്ഞിട്ടുള്ള നിലയിൽ വരകവി നിബന്ധിച്ചിരിക്കുന്ന 'സദ്വംശസ്രുതത്തിങ്കവിന്നൊ കുലത്തിന്നൊ' എന്ന ഭാഗത്തെ മാനവതിയായ സീതയുടെ ചിന്തയിൽ ഇത്രത്തോളം പരന്നു വ്യാപരിച്ചതായിക്കാണിച്ച പ്രസ്തുതകവിയുടെ അവേക്ഷണ ചാതുൎയ്യം പ്രത്യേകിച്ചും പ്രസ്താവയോഗ്യമായിട്ടുമുണ്ട്. സമാധാനത്തിന്നു വഴിയില്ലാത്ത തരത്തിലിരിക്കുന്ന ഏതൊരു മനോവികാരവും വല്ലാതെ മൂൎച്ഛിച്ച ദുസ്സഹ

Digitized By Kerala Sahitya Akademi

മായിത്തീരുമ്പോൾ അതിന്നു് ഏതുവഴിക്കെങ്കിലും കുറച്ചൊരുസമാധാനം തന്നത്താൻ ഉണ്ടാക്കിത്തീൎക്കുവാൻ മനസ്സു് ആരാഞ്ഞുനോക്കുന്നതു മനുഷ്യൎക്കെല്ലാം പ്രകൃതിസിദ്ധങ്ങളായ സ്വഭാവവിശേഷങ്ങളിലൊന്നാണു്. സീതയുടെ മാനാതിശയവും മേൽപ്രകാരം സഹിപ്പാൻപാടില്ലാത്തവിധം മൂൎച്ഛിച്ചപ്പോൾ സമാധാനത്തിന്നുവേണ്ടി മറെറാരുവഴിക്കു തിരിയുന്ന സംഗതിയാണു് 'അഥവാ നിജനീതിരീതിയിൽ' എന്നുതുടങ്ങിയ ൧൩൧-ാം പദ്യംമുതൽക്കു പ്രതിപാദിച്ചിട്ടുള്ളതു്. മനസ്സു് ആവഴിക്കു തിരിഞ്ഞപ്പോൾ, ഭൎത്താവു തന്നെ ഉപേക്ഷിച്ചതു മനഃപൂൎവ്വം ചെയ്തതായിരിക്കയില്ലെന്നും രാജധൎമ്മവ്യവസ്ഥയാൽ നിവൃത്തിയില്ലാതെ ചെയ്യേണ്ടിവന്നതായിരിക്കണമെന്നും ഇതുനിമിത്തം അദ്ദേഹം സാമാന്യത്തിലധികം സങ്കടപ്പെട്ടിട്ടും ഇപ്പോഴും കഠിനമായി സങ്കടപ്പെടുന്നതുമുണ്ടായിരിക്കണമെന്നും മററും യുക്തിയുക്തമായിസ്സമൎത്ഥിക്കയും,

> "അഹഹസഹായമിന്നുപാൎക്കിലും-
> സ്പൃഹയാൽകാഞ്ചനസീതയാണുപോൽ
> സഹധൎമ്മിണിയജ്ഞശാലയിൽ
> ഗഹനംസജ്ജനചൎയ്യയോൎക്കുകിൽ"

എന്നിങ്ങനെ ആ സംഗതി ദൃഢമായി വിശ്വസിക്കയും ചെയ്യുന്നു. അതോട്ടുകൂടിത്തന്നെ മുമ്പു താൻ അപരാധം ചുമത്തിയതിനെപ്പററി പശ്ചാത്തപിച്ചു് മനസ്സുകൊണ്ടു് ഭൎത്താവിനോടു ക്ഷമായാചനവും ചെയ്യുന്നു. എന്നുമാത്രമല്ല,

> "നിരുപിക്കുകിൽനിന്ദ്യമാണമ-
> ച്ചരിതംഞാൻ സുചരിത്രയെങ്കിലും
> ഉരുദുഃഖനിരക്കുനൽകിനേ-
> നിരയായിപ്പലവാറുകാന്തനെ."

എന്നുംമററും തന്നത്താൻ നിന്ദിക്കയും പിന്നെയും ജീവിച്ചിരിക്കുന്നതിനെപ്പററി വെറുക്കുകയും ചെയ്യുന്നുണ്ടു്. അങ്ങനെ

Digitized By Kerala Sahitya Akademi

യൊക്കെയാണെങ്കിലും ഭൎത്താവു തന്നെ അപമാനിച്ചതു കല്പിച്ചു കൂട്ടി ചെയ്തതല്ലെന്നുള്ള അംശത്തെ മാത്രമല്ലാതെ തനിക്കു വന്നു കൂടിയ അപമാനത്തിന്നു് അതുകൊണ്ടു കുറവുള്ളതായി പിന്നെയും ആ മാനവതി കരുതുന്നില്ല. അതിനാൽ തന്റെപേരിൽ തെറ്റില്ലെന്ന സംഗതി ബോദ്ധ്യപ്പെടുത്തുവാൽ ഒരിക്കലും ഒരുക്കമില്ലെന്നുതന്നെ വീണ്ടും മാനക്ഷുഭിതയായി നിശ്ചയിക്കയുംചെയ്യുന്നു. ഇങ്ങനെ ആകപ്പാടെ ഓജസ്സുതികഞ്ഞു തനിക്കുതാൻ പോന്ന ഒരു വിരഹിതയായിക മാനക്ഷുഭിതയായും ഭൎത്താവിന്റെ അനുശയം കണ്ടു പശ്ചാത്തപിച്ചും ഇഹലോകവാസം ഉപേക്ഷിച്ചിരിക്കുന്ന നിലയിലാണു് പ്രസ്തുത കവി സീതയെ നമുക്കു കാണിച്ചുതന്നിട്ടുള്ളതെന്നു ചുരുക്കത്തിൽ പറയാം.

പുറമേകാണുന്ന സ്വഭാവത്തെപ്പററിയെടത്തോളം മേൽപ്രകാരമുള്ള വിശേഷം അനുഭവപ്പെടുത്തിത്തരുന്നതുപോലെ അന്തരമായി പരിശോധിച്ചു നോക്കുമ്പോഴും പരലോകശാസ്ത്രതത്വങ്ങളും സീതയുടെ ചിന്തയിലുൾപ്പെട്ടതാണെന്ന നിലയിൽ പ്രതിപാദിച്ചു നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ടു്. മനുഷ്യൎക്കുണ്ടാകുന്ന സുഖദുഃഖങ്ങൾ 'സുഖസ്യാനന്തരംദുഃഖം ദുഃഖസ്യാനന്തരം സുഖം' എന്നിങ്ങനെ മഴയും വേനലുംപോലെയും ഇരുട്ടും വെളിച്ചവുംപോലെയും ഒന്നുകഴിഞ്ഞൊന്നു് എന്നക്രമത്തിൽ വന്നുകൊണ്ടിരിക്കുന്നതാണു്. എന്നുതന്നെയല്ല, വാസ്തവത്തിൽ മനസ്സങ്കല്പഭേദംകൊണ്ടു മാത്രമാണു്. ഇന്നതുസുഖം ഇന്നതുദുഃഖംഎന്നൊക്കെത്തോന്നുന്നതും, എന്നീവക തത്വങ്ങളെ പലതരത്തിലും ഭംഗിയായ ദൃഷ്ടാന്തങ്ങളോടുകൂടി ൫൩, ൭൯, ൭൮ ഈ പദ്യങ്ങളാലും മററും വ്യവസ്ഥാപിച്ചിരിക്കുന്നതു നോക്കുക. ൧൨൦ മുതൽ ൧൨൩ വരെയുള്ള പദ്യങ്ങൾ അതിലും കുറേക്കൂടി സൂക്ഷ്മവും ഹൃദയംഗമവുമായ വാസ്തവമാണു് പ്രതിപാദിച്ചിരിക്കുന്നതു്. ലോകം ശുഭാശുഭരൂപമായി എന്നും നിലനിൽക്കുന്നതാണെന്നുള്ള പ്രപഞ്ചനിത്യതാവാദികളുടെ മതവും ലൗകികങ്ങളായ സുഖദുഃഖങ്ങൾക്കു അനുഭവിച്ചു കുറേക്കഴിഞ്ഞാൽ ഒടുവിൽ ദുഃഖനാ

Digitized By Kerala Sahitya Akademi

ശംവരമെന്നുള്ള ദുഃഖധ്വംസസ്വരൂപമോക്ഷവാദികളുടെ മതവും ദുഃഖാനുഭവത്താൽ പ്രപഞ്ചത്തിൽനിന്നു വിരക്തിയും അവ ഴിക്ക സുഖസ്വരൂപമായ മോക്ഷത്തിന്റെ ലാഭവും ഉണ്ടാകുന്നതാണെന്നുള്ള നിരതിശയാനന്ദമോക്ഷവാദികളുടെ മതവും പൂർവ്വപക്ഷങ്ങളായും സിദ്ധാന്തമായും വരുന്നവിധം ക്രമത്തിൽ പ്രസ്താപിച്ചിരിക്കുന്നതു് ഏറ്റവും ഉചിതവും അഭിനന്ദനീയവുമായിട്ടുണ്ടു്. ഇങ്ങനെ മിക്കഭാഗങ്ങളിലും ഓരോരോ സൂക്ഷ്മതത്വങ്ങൾ അടങ്ങീട്ടുള്ള നിലയിലും അതുനിമിത്തം സാഹിത്യഗുണത്തിന്നു് ന്യൂനതവന്നുപോകാതെയും രചിച്ചിട്ടുള്ള പ്രസ്തുതഗ്രന്ഥം ഏതുവിധത്തിലും അഭിജ്ഞന്മാരുടെ ശ്ലാഘക്കർഹമായിട്ടുണ്ടെന്നുള്ളസംഗതി നിർവ്വിവാദമാണു്. അതിന്നുംപുറമെ, ഏതെങ്കിലും ഒരു വിഷയത്തെ പുരസ്കരിച്ചു ന്യായാന്യായങ്ങളാൽ യുക്തായുക്തതാവിചാരം ചെയ്യുന്ന രീതിയിൽ കവിതാഗുണങ്ങൾക്കു കുറവുവരാത്തവിധം ഒരു കാവ്യം നിർമ്മിക്കുന്നതു അത്ര എളുപ്പത്തിൽ സാധിക്കുന്ന കാര്യമല്ലെന്നാണു് എന്റെപക്ഷം. മലയാളഭാഷയിൽ ഞാൻ കണ്ടേടത്തോളം ആ രീതിയിൽ പ്രകൃതഗ്രന്ഥം ഒന്നാമത്തേതായിട്ടാണിരിക്കുന്നതും. ഭാരതരാമായണാദികളിലെ ചില സന്ദർഭങ്ങളിൽ പ്രസ്തുതരീതി കാണുന്നുണ്ടെങ്കിലും അവയിലെ പ്രധാനാംശം അതൊന്നുമല്ലല്ലൊ.

ഇനി ഒരു സംഗതിയെക്കുറിച്ചു മാത്രമെ ഈ അവതാരികയിൽ പ്രസ്താവിക്കേണ്ടതായിത്തോന്നുന്നുള്ളു. സീതയുടെ പ്രസ്തുതചിന്തകൾ സീതാപരിത്യാഗം നടന്നിട്ടു പതിനഞ്ചോളം സംവത്സരം കഴിഞ്ഞതിന്നുശേഷം സംഭവിച്ചതാണെന്നു്

"സുതർമാമുനിയൊത്തയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ"

എന്ന അന്ത്യഭാഗംകൊണ്ടും,

"പുലർസമയമടുത്തുകോസലത്തിങ്കൽനിന്ന-
ക്കലപതിയുമണഞ്ഞൂരാമസന്ദേശമോടും."

Digitized By Kerala Sahitya Akademi

എന്ന അവസാനഭാഗംകൊണ്ടും വ്യക്തമാക്കുന്നുണ്ടു്. എങ്ങനെയെന്നാൽ—ഗർഭിണിയായിരിക്കുന്ന കാലത്താണല്ലോ സീതയെ ഉപേക്ഷിച്ചതു്. ശത്രുഘ്നൻ മധുരയിലേക്കു് ലവണനെ കൊല്ലുവാൻ പോകുന്നവഴിക്കു് വാല്മീകിയുടെ ആശ്രമത്തിൽ ഒരുദിവസം താമസിക്കയുണ്ടായി. അന്നാണു് സീതാദേവിയുടെ പ്രസവം. ശത്രുഘ്നൻ പന്ത്രണ്ടുവത്സരകാലം മധുരയിൽത്താമസിച്ചതിന്നുശേഷമാണു് തിരിയെ അയോദ്ധ്യയിലേക്കു പോന്നതു്. പോരുന്നവഴിക്കും വാല്മീക്യാശ്രമത്തിൽക്കയറി ഒരു രാത്രി താമസിച്ചു. അവിടെവെച്ചു് സീതാപുത്രന്മാരും മററും കൂടി രാമായണകാവ്യം ചൊല്ലുന്നതു് അദ്ദേഹത്തിന്നു കേൾപ്പാൻ സംഗതിയായെങ്കിലും വാല്മീകിയുടെ ആജ്ഞനിമിത്തം ആ വൎത്തമാനം ശ്രീരാമനെയോ മറേറാ അറിയിച്ചില്ല. മധുരാരാജാവായ ശത്രുഘ്നൻ പിന്നെയും ആ രാജ്യത്തെക്കുപോയി കുറെക്കാലം കഴിഞ്ഞതിന്നുശേഷമാണു് ശ്രീരാമൻ ശംബൂകനെന്ന ശൂദ്രയോഗിയെ വധിച്ചതു്. അതിന്നുംശേഷമാണു് അശ്വമേധയാഗം. ആ യാഗക്കാലത്താണു് സീതാപുത്രന്മാർ 'മാമുനിയൊന്നിച്ചു് അയോദ്ധ്യയിൽ ഗമി'ച്ചതു്. ഇങ്ങനെ പരിത്യാഗം കഴിഞ്ഞിട്ടു പതിനഞ്ചോളം വത്സരത്തിന്നുശേഷമുള്ള സീതയുടെ ചിന്തയായിട്ടുള്ള സ്ഥിതിക്കു് അതിൽ ആദ്യം, മനഃപൂർവ്വമായിത്തന്നെ ശ്രീരാമൻ ക്രൂരതയും അന്യായവും കാണിച്ചതാണെന്നാകരുതി ആ നായകനെപ്പററി അതികഠിനമായ ഈർഷ്യയോടുകൂടി മനോവൃത്തി വ്യാപരിച്ചിരിക്കുന്നതും ഉടൻതന്നെ വഴിമാറി തിരിഞ്ഞു് ഭൎത്താവിൻെറ പേരിൽ തെററില്ലെന്നനിലയിൽ പശ്ചാത്താപപ്പെടുന്നതുംകൂടി എങ്ങനെ ശരിയാകും. പരിത്യാഗം കഴിഞ്ഞിട്ടു് ഇതുവരെയും ആ കഠിനസംഭവത്തിൻെറ യുക്തായുക്തതകളെപ്പററി അതനുഭവിച്ചുംകൊണ്ടിരിക്കുന്ന നായിക യാതൊന്നും ചിന്തിച്ചിട്ടില്ലെന്നു വരുന്നതല്ലെന്നുമാത്രമല്ല, അതു കഴിഞ്ഞ ഉടൻതന്നെ അവുന്നേടത്തോളം ചിന്തിച്ചിരിക്കുന്നതുമാണു്. മനഃപൂർവ്വം ചെയ്തതോ അല്ലയോ എന്നു് അപ്പോൾത്തന്നെ സംഭവഗതികളനുസരിച്ചു യുക്തികൊണ്ടു തീർച്ചപ്പെടുത്തി

Digitized By Kerala Sahitya Akademi

വെച്ചിട്ടുമുണ്ടായിരിക്കണം. അതുപ്രകാരം മനഃപൂർവ്വംതന്നെ ചെയ്തതാണെന്നാണ് തീർച്ചയെങ്കിൽ രണ്ടാമത്തെ ഭാഗവും അങ്ങനെയല്ലെങ്കിൽ കുറ്റംപറയുന്ന അന്ത്യഭാഗവും ഇത്രത്തോളം ബലമായി പ്രകൃതചിന്തയിൽപ്പെടുവാൻ നിവൃത്തിയുള്ളതല്ലല്ലോ. ഇങ്ങനെയെല്ലാം പ്രകൃതഗ്രന്ഥത്തെപ്പറ്റി ചുഴിഞ്ഞുനോക്കുന്നവരിൽ ചിലക്ക് പക്ഷേ തോന്നുമായിരിക്കാം. എന്നാൽ ഗ്രന്ഥകാരൻ അതിന്നുള്ള സമാധാനവും ഈ ഗ്രന്ഥത്തിൽത്തന്നെ ഒന്നുരണ്ടു സ്ഥലങ്ങളിലായി നമുക്കു സൂചിപ്പിച്ചുതന്നിട്ടുണ്ട്. അതിങ്ങനെയാണ്—ഇതിന്നു മുമ്പും ചിന്തചെയ്തിട്ടുണ്ടെങ്കിലും ഇത്രത്തോളം ഗാഢമായി വിചാരിക്കേണ്ട അവസരം മുമ്പുവന്നിട്ടില്ല. ഇപ്പോഴാകട്ടെ, അയോദ്ധ്യയിൽ നിന്ന് ഉടനെ അള്ളുവന്നെക്കുമെന്നുഹിക്കാൻ ഇടയായതുകൊണ്ട് മുമ്പു കഴിഞ്ഞ സംഭവങ്ങളെല്ലാം ഗാഢമായ ചിന്തക്കു വിഷയമായിത്തീർന്നതാണ്. മേലാൽ എന്തുചെയ്യണമെന്നു തീർച്ചപ്പെടുത്തേണ്ട ഘട്ടവുമായിരിക്കുന്നു. ഈസമാധാനം ഉള്ളിൽവെച്ചുംകൊണ്ടുതന്നെയാണ്.

"സ്മൃതിധാരയുപേക്ഷയാംതരോ-
വൃതിനീങ്ങിച്ചിലനാൾസ്ഫുരിക്കയാം."

എന്നും മറ്റും പ്രസ്താവിച്ചിട്ടുള്ളതെന്നും സൂക്ഷിച്ചുനോക്കിയാൽ അറിയാവുന്നതുമാണ്. ഇനി ആ കഠിനസംഭവത്തിൽ ഇത്രയും മാനവതിയായ നായിക ഉടൻതന്നെ ഗാഢമായിച്ചിന്തിച്ചിട്ടില്ലെന്നോ മേലിൽ എന്തുചെയ്യണമെന്നു തീർച്ചപ്പെടുത്തേണ്ട അവസരംവരാൻ കാത്തിരുന്നുവെന്നോ വരുന്നതല്ലെന്നുതന്നെ തോന്നുന്നവരുണ്ടെങ്കിൽ അവരോട് എനിക്കു പറവാനുള്ളത് ഇതാണ്. അയോദ്ധ്യയിൽവെച്ചു മഹാരാജ്ഞിയായിട്ടുള്ള നിലയിൽ സീതാദേവിയെ കണ്ടിട്ടുള്ള ഒരാൾ പിന്നെ വളരെക്കാലം കഴിഞ്ഞു വാല്മീകിയുടെ ആശ്രമത്തിൽ വിരഹിതയായിരിക്കുന്ന ആ സാധ്വിയെ കണ്ടെത്തിയാൽ അയാളുടെ മനോവൃത്തി ഏതുവിധം വ്യാപരിക്കുമൊ ആ വിധത്തിലാണ് കവി കല്പിച്ചിട്ടുള്ളതെന്നസംഗതിസീത ഇരുന്നിരുന്ന പ്രദേശത്തെഒരു മഹാരാജ്ഞി

Digitized By Kerala Sahitya Akademi

പദത്തോടു താരതമ്യപ്പെടുത്തി ഗ്രന്ഥാരംഭത്തിൽ വർണ്ണിച്ചിട്ടുള്ളതു കൊണ്ടുതന്നെ പ്രസ്തുത കവി നമുക്കു് വ്യഞ്ജിപ്പിച്ചുതരുന്നുണ്ടു്. അതനുസരിച്ചുനോക്കിയാൽ എല്ലാം ഉപപന്നമാക്കിത്തീർക്കാവുന്നതുമാണു്. പിന്നെ ഇതൊരു കാവ്യഗ്രന്ഥമാണു്; യുക്തിശാസ്ത്രഗ്രന്ഥമല്ല. സഹൃദയന്മാർ രസിക്കുന്നതുതന്നെയാണു് കാവ്യത്തിന്നുള്ള പ്രധാനഗുണം. അതിനാൽ ഏതുവിധത്തിലും ആശാൻവർകളുടെ ഈ പുതിയ കാവ്യരത്നവും മലയാളഭാഷയ്ക്കു് ഒരു അമൂല്യസമ്പത്തായിത്തന്നെ പരിലസിക്കുന്നതാണു്.

തിരുവനന്തപുരം.
1095 ഇടവം 20. } ഏ. കൃഷ്ണപ്പിഷാരടി.

Digitized By Kerala Sahitya Akademi

ചിന്താവിഷ്ടയായ

# സീത.

---

## ഒരു ഖണ്ഡകാവ്യം

സുതർമാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ
അതിചിന്ത വഹിച്ചു സീതപോയ്
സ്ഥിതിചെയ്താളുടജാന്തവാടിയിൽ. ൧

അരിയോ രണി പന്തലായ് സതി
യ്ക്കൊരു പൂവാക വിതിർത്ത ശാഖകൾ,
ഹരിനീലതൃണങ്ങൾ കീഴിരു
ന്നരുളും പട്ടുവിരിപ്പുമായിതു.

രവിപോയിമറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല പോ-
യവിടെത്താൻ തനിയേയിരിപ്പതും. ൩

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ
ഇളകും വനരാജി വെണ്ണിലാ-
വൊളിയാൽവെള്ളിയിൽ വാർത്തപോലെയായ്. ൪

Digitized By Kerala Sahitya Akademi

൨

വനമുല്ലയിൽ നിന്നു വായുവിൻ
ഗതിയിൽ പാറിവരുന്ന പൂക്കൾപോൽ
ഘനവേണി വഹിച്ചു കുന്തളിൽ
പതിയും തൈജസകീടപംക്തിയെ. ൩

പരിശോഭകലർന്നിതപ്പൊഴാ
പ്പുരിവാർകുന്തളരാജി രാത്രിയിൽ
തരുവാടിയിലൂടെ കണ്ടിടു-
ന്നൊരുതാരാപഥഭാഗമെന്നപോൽ. ൬

ഉടൽമൂടിയിരുന്നു ദേവി ത-
ന്നുടയാടയതാളിരൊന്നു കൊണ്ടുതാൻ
വിടപങ്ങളൊടൊത്ത കൈകൾ തൻ
തുടമേൽവച്ചുമിരുന്നു സുന്ദരി. ൯

ഒരുനോട്ടവുമെന്നിനിന്നിതേ
വിരിയാതല്പമടഞ്ഞ കണ്ണുകൾ,
പരുഷാളകപംക്തി കാറ്റിലാ
ഞ്ഞുരസുമ്പോഴുമിളകാതെന്നിയേ

അലസാംഗിനിവന്നിരുന്നു, മെ-
ല്ലലയാതാനതമേനിയെങ്കിലും,
അയവാർന്നിടയിൽ ശ്വസിച്ചു ഹാ!
നിയമം വിട്ടൊരു തെന്നൽമാതിരി.

Digitized By Kerala Sahitya Akademi

നിദ്രയെന്നിയെ ദേവിയാൾക്കക-
ത്തലതല്ലുന്നൊരു ചിന്തയാം കടൽ
പലഭാവമണച്ചു മെല്ലെ നിർ-
മലമാം ചാരുകവിൾത്തടങ്ങളിൽ. ൪൦

ഉഴലും മനതാരടക്കുവാൻ
വഴികാണാതെ വിചാരഭാഷയിൽ
അഴലാർന്നരുൾ ചെയ്തിതന്തരാ-
മൊഴിയോരോന്നു മഹാമനസ്വിനീ:— ൪൧

ഒരുനിശ്ചയമില്ലയൊന്നിനും
വരുമോരോദശ വന്നപോലെപോം;
വിരയുന്നു മനുഷ്യനേതിനോ,
തിരിയാലോകരഹസ്യമാർക്കുമേ. ൪൨

തിരിയും രസബിന്ദുപോലെയും
പൊരിയും നെന്മണിയെന്നപോലെയും
ഇരിയാതെമനം ചലിപ്പൂ, ഹാ!
ഗുരുവായും ലഘുവായുമാർത്തിയാൽ. ൪൩

ഭുവനത്തിനു മോടികൂട്ടുമ-
സ്സുഖകാലങ്ങളുമോർപ്പതുണ്ടു ഞാൻ
അവ ദുർവ്വിധിതന്റെ ധൂർത്തെഴും-
മുപഹാസങ്ങൾ കണക്കെയൊത്തതും. ൪൪

Digitized By Kerala Sahitya Akademi

അഴലേകിയവേനൽപോയുടൻ
മഴയാം ഭ്രമിയിലാണ്ടുതോറുമേ
പൊഴിയും തരു പത്രമാകവേ,
വഴിയേപല്ലവമാൎന്നുപൂത്തിടും. ൧൨

അഴലിന്നുമൃഗാദിജന്തുവിൽ
പഴതേറിടിലുമെത്തിയാൽ ധ്രുതം
കഴിയാമതു—മാനഹേതുവാ
മൊഴിയാത്താത്തിമനുഷ്യനേവതു! ൧൩

പുഴപോലെ തുടിക്കയല്ലി? ഹാ-
പഴതേയിപ്പൊഴുമെന്നിടത്തുതോൾ!
നിഴലിൻവഴി പൈതൽപോലെ പോ-
യുഴലാൻഭാഗമിരന്നു ഞാനിനി. ൧൪

മുനിചെയ്തമനോജ്ഞകാവ്യമ-
മ്മനുവംശാധിപനിന്നുകേട്ടുടൻ
അനുതാപമിയന്നിരിക്കണം!
തനയന്മാരെയറിഞ്ഞിരിക്കണം! ൧൫

സ്വയമേ പതിരാഗങ്ങളെല്ലാം
പ്രിയഭാവങ്ങൾ തുലഞ്ഞിടായ്കിലും
അവചിന്തയിലൂന്നിടാതെയായ്
ശ്രവണത്തിൽ പ്രതിശബ്ദമെന്നപോൽ. ൧൬

Digitized By Kerala Sahitya Akademi

ക്ഷണമാത്രവിയോഗമുൾത്തടം
വ്രണമാക്കുംപടി വാച്ചതെങ്കിലും
പ്രണയം, തദപൊക്കിടാതെയി
ന്നണലിപ്പാമ്പുകളാകെ നിദ്രയായ്. ൧൦

സ്വയമിന്ദ്രിയമോദഹേതുവാം
ചിലഭാവങ്ങളൊഴിഞ്ഞുപോകയാൽ
ദയതോന്നിടുമാറുമാനസം
നിലയായ് പ്രാക്കൾവെടിഞ്ഞകൂടുപോൽ. ൧൧

ഉദയാസ്തമയങ്ങളെന്നിയെൻ
ഹൃദയാകാശമരങ്ങിലെപ്പൊഴും
കതിർവീശിവിളങ്ങിനിന്നവെൺ
മതി താനും സ്മൃതിദർപ്പണത്തിലായ്. ൧൨

പഴകീ വ്രതചര്യ, ശാന്തമായ്
കിഴിവൂകാലമി താത്മവിത്ര്യയാൽ
അഴൽപോയ് — അവമാനശല്യമേ
യൊഴിയാതുള്ളവിവേകശക്തിയാൽ. ൧൩

സ്വയമന്നുടൽ വിട്ടിടാതെ ഞാൻ
ദയയാൽ ഗർഭഭരം ചുമക്കയാൽ
പ്രിയചേഷ്ടകളാലെനിക്കു നി-
ഷ്ക്രിയയായ് കൗതുകമേകിയുണ്ണിമാർ. ൧൪

Digitized By Kerala Sahitya Akademi

കരളിന്നിരുൾനീക്കമുള്ളലി
ച്ചൊരുമന്ദസ്മിതരശ്മികൊണ്ടവർ:
നരജീവിതമായ വേദന
യ്ക്കൊരുമട്ടൗഷധങ്ങൾതാൻ. ൨൫

സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർതീർപ്പതിനേക ഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും. ൨൬

പരമിന്നതു പാർക്കിലില്ലതാൻ
സ്ഥിരവൈരം നിയതിക്കു ജന്തുവിൽ
ഒരുകൈ പ്രഹരിക്കവേ പിടി-
ച്ചൊരുകൈകൊണ്ടു തലോടുമേയിവൾ. ൨൭

കഴിയാതെയതല്ലി ജീവിപ്പോം
വഴിയെല്ലാം വിഷമങ്ങളാവതും
അഴലും സുഖവും സ്ഫുരിപ്പതും
നിഴലും ദീപവുമെന്നപോലവേ. ൨൮

അതുമല്ല സുഖാസുഖങ്ങളായ്
സ്ഥിതിമാറീടുവതൊക്കെയേകമാം
അതുതാനിളകാത്തതാം മഹാ
ദ്യുതിമത്തുക്കളിവററ രണ്ടിലും. ൨൯

Digitized By Kerala Sahitya Akademi

വിനയാന്നസുഖംകൊതിക്കയി-
ല്ലിനിമേൽ ഞാൻ — അസുഖം വരിക്കവേൻ;
മനമല്ലൽകൊതിച്ചുചെല്ലുകിൽ
തനിയേകൈവിട്ടുമീർഷ്യദുർവ്വിധി. ൯൰൧

ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ്വരാം
ശരിയായ്മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ. ൯൰൨

പിരിയാത്ത ശുഭാശുഭങ്ങളാ-
ണൊരുവിശ്രാന്തിയെഴാതെ ജീവിതം
തിരിയാംഭുവനത്തിൽ നിത്യമി-
ങ്ങിരുപക്ഷംപെടുമിന്ദുവെന്നപോൽ. ൯൰൩

നിലയററ സുഖാസുഖങ്ങളാ-
മലയിൽത്താണുമുയർന്നുമാർത്തനായ്
പലനാൾകഴിയുമ്പൊഴം മോഹമാം
ജലധിക്കക്കരെ ജീവിയേറിടാം. ൯൰൪

അചലവാസുഖദുർഗ്ഗമേറുവാൻ
സ്ഥിരമായ്നിന്നൊരു കൈശരീരിയെ
വ്യഥയാം വഴിയൂടെ യമ്പിനാൽ
വിരവോടുന്തിവിടുന്നുതന്നെയാം. ൯൰൫

Digitized By Kerala Sahitya Akademi

മനമിങ്ങുഴന്നുംവരുമ്പൊഴും
വിനയെന്നൊത്തുവ്യഥാഭയപ്പെട്ടും
കനിവാൻ പിടിച്ചിന്നകവാൻ
തുനിയുമ്പോൾ പിടയുന്ന പക്ഷിപോൽ. ൩൫

സ്ഫുടമാക്കിയിതെന്നെ മന്നവൻ
വെടിവാൻ നൽകിയൊരാജ്ഞ ലക്ഷ്മണൻ;
ഉടനേയിരുളാണ്ടുലോകമ-
ങ്ങിടിവാളേററ കണക്കു വീണു ഞാൻ. ൩൬

മൃതിവേണ്ടുകിലും സഹാർത്ഥ്യയിൽ
പതിയാതായ് മതി ശങ്കിച്ചയാൽ,
അതിവിഹ്വലയായി, വീണ്ടുമീ
രതിമുമ്പാന്ന തഴമ്പിലേററ ഞാൻ. ൩൭

ഗതിമുട്ടിയുഴന്നു കാണ്ണൊരെൻ
മതിയുന്മാദവുമാന്നതില്ല! ഞാൻ
അതിനാലഴലിൻെറ കെട്ടഴി-
ഞ്ഞതിഭാരം കുറവാൻ കൊതിക്കിലും. ൩൮

ഒരുവേളയിരട്ടിയാത്തിതാൻ
തരുമാവ്യാധി വരാഞ്ഞതാം ഗുണം
കരണക്ഷതിയാൻ വാഴ്വിലും
മരണം നല്ല മനുഷ്യനോക്കിൽ. ൩൯

Digitized By Kerala Sahitya Akademi

നിനയാഗുണപുഷ്പവാടിയാ-
നിനിയക്കാട്ടുകുരങ്ങിനേകുവാൻ
വനവായുവിൽ വിണ്ടവേണുപോൽ
തനിയേനിന്നു പുലമ്പുവാനുമേ. ൧൦

അഥവാ ക്ഷമപോലെ നന്മചെ-
യ്തരുളാൻ നോറോരു നല്ല ബന്ധുവും
വ്യഥപോമറിവോതിടുന്ന സൽ
ഗുരുവും മർത്ത്യനു വേറെയില്ലതാൻ. ൧൧

മതിതേടിയലത്തിൽ മാനസം
ചരിയാതായതു ഭാഗ്യമായിതേ,
അതിനാൽ ശുഭമായ് കുലത്തിനി-
പ്പരിപാകം ഫലമായിനിക്കുമേ ൧൨

അരുതോർപ്പതിനിന്നു കാർനിറ-
ഞ്ഞിരുളാമെൻഹൃദയാങ്കണങ്ങളിൽ
ഉരുചിന്തകൾ പൊങ്ങിടുന്നു ചൂഴ്-
ന്നൊരുമിച്ചീയൽകണക്കെ നേർക്കുമേൽ ൧൩

സ്മൃതിധാരയുപേക്ഷയാം തമോ
വൃതിനീങ്ങിച്ചിലനാൾ സ്ഫുരിക്കയാം
ഋതുവിൽ സ്വയമുല്ലസിച്ചുടൻ
പുതുപുഷ്പം കലരുന്ന വല്ലിപോൽ ൧൪

Digitized By Kerala Sahitya Akademi

പൂരികം പൂഴപോൽ പിടഞ്ഞകം
ഞെരിയും തൻതല താങ്ങി കൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനേ സ്മരിപ്പൂ ഞാൻ. ൨൫

അതിധീരനമേയശക്തിയ-
മ്മതിമാനഗ്രജഭക്തനാവിധം
കദനം കലരുന്നകണ്ടൊരെൻ
ഹൃദയം വിട്ടഴൽപാതി പോയിതേ. ൨൬

വനപത്തനഭേദചിന്തവി-
ട്ടനഘൻ ഞങ്ങളൊടൊത്തു വാണു നീ
വിനയാർദ്രമെനിക്കുകേവലം
നിനയ്ക്കാൻ പണി തമ്പിനിന്മുഖം. ൨൭

ഗിരികാനനഭംഗി ഞങ്ങൾ ക-
ണ്ടരിയോരുത്സവമായ് കഴിച്ചുനാൾ
അരിഭീഷണ! നീ വഹിച്ചൊര-
പ്പുരിചര്യാവ്രതനിഷ്ഠയൊന്നിനാൽ. ൨൮

കടുവാക്കുകൾ കേട്ടു കാനനം
നടുവേയെന്നെ വെടിഞ്ഞു മുമ്പു നീ
വെടിവാൻ തരമായ് മറിച്ചുമേ
കുടിലം കർമ്മവിപാകമോർക്കിൽ, ൨൯

Digitized By Kerala Sahitya Akademi

കനിവാന്നനുജാ! പൊറുക്ക ഞാൻ
നിനയാതോതിയ കൊള്ളിവാക്കുകൾ;
അനിയന്ത്രിതമായ് ചിലപ്പൊഴീ
മനമോടാത്ത കുമാർഗ്ഗമില്ലെടോ ൩൦

വിരഹാർത്തിയിൽ വാടിയേകനായ്
കരകാണാത്ത മഹാവനങ്ങളിൽ
തിരിയും രഘുനാഥനെത്തുണ-
ച്ചരിയോരനഘയമുഴറിച്ചു നീ. ൩൧

പരദുർജ്ജയനിന്ദ്രജിത്തുമായ്
പൊരുതും നിൻകഥ കേട്ടുവെമ്പവാൽ
കരൾ നിന്നിവിയന്ന ക്രൂരതൻ
പെരുതാമാഴമറിഞ്ഞിതന്നിവൾ. ൩൨

മുനികാട്ടിടുമെൻകിടാങ്ങളെ-
ക്കനിവാൽ നീ സ്വയമാഞ്ഞു പുൽകിടാം
അനസൂയ വിശുദ്ധമിന്നു നിൻ-
മനമാനന്ദസരിത്തിൽ നീന്തിടാം. ൩൩

വിടുകെൻ കഥ, വത്സ! വാഴ്ക നീ!
നെടുനാളഗ്രജനേകബന്ധുവായ്
ഇടരെന്നിയെയഗ്ഗുണോൽകരം
തടവും ബന്ധുജനങ്ങളോടുമേ. ൩൪

Digitized By Kerala Sahitya Akademi

അറിവററു മുറക്കെഴാതെയും
മറയായ് മൂടിയുമിന്ദ്രിയങ്ങളെ
മുറിയും കരളിൽ കുഴമ്പുപോ-
ലുറയും ശീതളമൂച്ഛ്യയോറ്റു ഞാൻ ൩൬

മൃതിതൻ മകളെന്നു തോന്നുമ
സ്ഥിതിയിൽ ദേഹികൾ പേടി തേടിലും
മതികാഞ്ഞു ഞെരുങ്ങുവോക്കതി
ങ്ങതിമാത്രം സുഖമേകിടുന്നു താൻ. ൩൭

പ്രിയനിൽപകതോന്നിടാതെയും
ഭയവും നാണവുമോൎമ്മിയാതെയും
സ്വയമങ്ങനെയത്തമസ്സുതൻ
കയമാണ്ടെൻ മതി താണുനിന്നിതേ. ൩൮

മലർമെത്തയിൽ മേനിനോവുമെ-
ന്നലസാംഗം ലളനാങ്ഗദ്ദ്വയം
അലയാതെ ശയിച്ചു കണ്ടകാ-
കുലമായ് കീടമിയന്ന ഭൂവതിൽ. ൩൯

പെരുമാരിയിൽമുങ്ങിമാഴ്കിട്ടു-
ന്നൊരുഭൂമിക്കു ശരത്തുപോലവേ
പരമെന്നരികത്തിലെത്തിയ-
പ്പുരവിദ്യാനിധിയിന്നതോറ്റു ഞാൻ. ൪൰

Digitized By Kerala Sahitya Akademi

നികടത്തിൽ മദീയമാശ്രമം
മകളേ! പോരികതോക്ക്നിൻഗൃഹം,
അകളങ്കമിവണ്ണമോതിയെ-
ന്നകമൊട്ടാററി പിതൃപ്രിയൻമുനി. ൩൦

മതിമേൽ മൃഗതൃഷ്ണപോൽ ജഗൽ
സ്ഥിതിയെന്നും, സ്ഥിരമായശാന്തിയേ
ഗതിയെന്നുമലിഞ്ഞുബുദ്ധിയിൽ
പതിയുമ്മട്ടരുൾചെയ്തമാമുനി. ൩൧

എരിയുന്നമഹാവനങ്ങൾ ത-
ന്നരികിൽ ശീതളനീർത്തടാകമോ?
തിരതല്ലിയെഴുന്നസിന്ധുവിൻ
കരയോ? ശാന്തി കരം തപോവനം. ൩൨

സ്വകപോലവെളിച്ചമിഷ്ടയാം
പുകമൂടാത്തമുനീന്ദ്രയോഷമാർ
ഇടരെന്നിലസിക്ക! സൌമ്യമാ-
മുടജത്തിൻെറ കെടാ വിളക്കുകൾ ൩൩

തരു പക്ഷിമൃഗങ്ങളോടുമി-
ന്നരരോടും സുരരോടുമെന്നുമേ
ഒരുമട്ടിവരുള്ളിലേന്തുമ-
സ്സരളസ്നേഹരസം നിനപ്പുഞാൻ. ൩൪



Digitized By Kerala Sahitya Akademi

അനലാർക്കവിധുക്കളാംവിധം
വനശൈലാദികൾ വേദമെന്നതിൽ
മനതാരലയാതവർക്കെഴും
ഘനമാമാസ്തികബുദ്ധിയോർപ്പു ഞാൻ. ൩൫

മഹിയിൽ ശ്രുതിപോലെ മാന്യമാർ
പ്രയതാത്മാക്കളൃഷിപ്രസൂതിമാർ
വിഹിതാവിഹിതങ്ങൾ കാട്ടുവോർ
സ്വയമാചാര നിദർശനങ്ങളാൽ ൩൬

ഇതിഹാസപുരാണസൽക്കഥാ-
സ്മൃതിയാൽ ജീവിതഭൂ നനച്ചിവർ
ഫിതമായരുളുന്നു ചേതനാ
ലതയിൽ പുഷ്പഫലങ്ങളാക്കുമേ (യുഗ്മകം) ൩൭

ധൃതിയാം കണവന്റെ സേവനിർ-
വൃതിയാഴ്ന്നാണ്ടൊരു ശുദ്ധരാഗമാർ
പതിദേവതമാർ ഭുജിക്കയുൾ-
ക്കൊതിയോരാത്തവർ ഭോഗമായയിൽ. ൩൮

സ്മൃതിവിസ്മൃതമാകിലും സ്വയം
ശ്രുതികാലാബ്ധിയിലാണ്ടുപോകിലും
അതിപാവന ശീലമേവുമി-
സ്സതിമാർ വാണിടുമൂഴി ധന്യമാം. ൩൯

Digitized By Kerala Sahitya Akademi

കനിവിന്നുറവായ്പ്പിളങ്ങുമീ-
വനിതാമൌലികളോടു വേഴ്ചയാൽ
അനിവാര്യവിരക്തി രൂക്ഷരാം
മുനിമാരാർദ്രതയാർന്നിടുന്നതാം. ൨൦

ഘൃണചിന്തകളാൽ ജഗത്ത്രയം
തൃണമാക്കും മതിമാൻ മഹാകവി
ഇണചേർന്നുമരിച്ച കൊററയിൽ
ഘൃണതേടാനിതുതാൻ നിമിത്തമാം. ൨൧

ഉടപെട്ടിവരൊത്തുമേവുവാ-
നിടയാക്കീടിനദുർവ്വിധിക്കഹോ
പടുശല്യഭിഷക്കിനെന്നപോ-
ലൊടുവിൽത്താനൂണബലയായി ഞാൻ ൨൨

പരിതൃപ്തിയെഴാത്ത രാഗമാ-
മെരിതീക്കിന്ധനമായി നാരിമാർ
പുരിയിൽ സ്വയമാത്മജീവിതം
കരിയും ചാമ്പലുമാക്കിടുന്നിതെ! ൨൩

പരപുച്ഛവുമഭ്യസൂയയും
ദുരയും ദുർവൃതിയാനസക്തിയും
കരളിൽ കുടിവച്ചു ഹാ! പര-
മ്പരയായ് പൌരികൾ കെട്ടുപോയിതേ! ൨൪

Digitized By Kerala Sahitya Akademi

നിജദോഷനിദർശനാന്ധന്മാർ
സുജനാചാരമവിശ്വസിക്കവേ്ാർ
ഭജതേടി മരിപ്പു കല്മഷ-
പ്രഭവമാം കാമലബാധയാലിവർ. ൧൭

ചെളി മൂടിയ രത്നമെന്നപോ-
ലൊളിപോയ് ചിത്തഗുഹാന്തികിടമായ്
വെളിവറ്റൊരഴുക്ക കുണ്ടിൽവീ
ണളിയു ദുർജ്ജനപാപചേതന. ൧൮

വിഷയസ്പൃഹയായ നാഗമുൾ
ത്തൃഷപൂണ്ടഗ്ഗുഹതൻമുഖംവഴി
വിഷവായുനിവമിക്കവേ പരം
വിഷമിക്കുന്നു സമീപവർത്തികൾ. ൧൯

വിലയാർന്നവിശിഷ്ടവസ്ത്രവും
വിലസും പൊന്മണിഭൂഷണങ്ങളും
ഫലമാം വനകൂപപാംശുമേൽ-
കരളും പുഷ്പലതാ വിതാനമാം. ൨൦

വിധുകാന്തിയെവെന്ന ഹാസവും
മധുതോല്ക്കും മധുരാക്ഷരങ്ങളും
അതിഭീഷണപൈശാചത്തിലെ
ചതിരക്ഷേശ്വരചാരരെന്നഹോ. ൨൧

Digitized By Kerala Sahitya Akademi

കൊടി തേർ പട കോട്ടകൊത്തളം
കോടിയോരായുധമൊന്നുമെന്നിയെ
നൊടിയിൽ ഖലജിഹ്വകൊള്ളുമിപ്പോ
ളടിയേ വൈരിവനം ദഹിക്കുമേ. ൮൧

നൃപഗാഢവിചിന്തനം കഴി
ഞ്ഞപരോക്ഷീകൃതമായകൃത്യവും
അപഥം വഴി സ്വതന്ത്രമക്കട-
നുപജാപം തലകീഴ്മറിക്കുമേ. ൮൨

സുപരീക്ഷിതമായരാഗവും
കൃപയുംകൂടി മറന്നുകേവലം
കൃപണോക്തികൾ കേട്ടു ബുദ്ധികെ-
ട്ടപകൃത്യത്തിനു ചാടുമേന്നവർ ൮൩

മുടിയിൽ കൊതിചേർത്ത പുത്രനെ
ജ്ജടിയാക്കും ചിലർ മൽകുമാരരോ
മടിവിട്ടുമഹാവനത്തിലും
വെടിയും ദ്രോഹദമാന്ന ചതിയേ. ൮൪

അഹഹ! സ്മൃതിവായൂഹത്തിലെ
ദ്ദഹനജ്വാല വളർത്തിവീണ്ടുമേ
സഹസാ പുടപാകരീതിയായ്
പരിഹനിപ്പൂ ഹതമെന്റെജീവിതം. ൮൫

Digitized By Kerala Sahitya Akademi

ശ്രുതികേട്ട മഹീശർ തന്നെയീ
വ്യതിയാനം സ്വയമേറ്റുടങ്ങുകിൽ
ക്ഷതി ധർമ്മഗതിക്കുപററി താൻ
ക്ഷിതി ശിഷ്ടർക്കനിവാസ്യമായിതാൻ ൯൩

തെളിയിച്ചു വിരക്തിയെന്നില.
ന്നൊളിവായ് ലങ്കയിൽവച്ചു, പിന്നെയും
ചെളിയിൽ പടമൂന്നിയെന്തിനോ
വെളിവായിക്കഴുകുന്നു രാഘവൻ? ൯൪

പെരുകും പ്രണയാനുബന്ധമാ
മൊരു പാശം വശമാക്കിയീശ്വരാ
കരുതിക്കഴിയുന്ന നാരിയെ
പ്പുരുഷന്മാരുടെ ധീരമാനിത! ൯൫

ഇതരേതരസക്തരാം ഗൃഹ-
സ്ഥിതബന്ധുക്കളെ ജീവനോടുമേ
സ്വതന്ത്രം പിടിപ്പെട്ടിരിക്കുമ-
ച്ചിതയാം ശങ്കമനുഷ്യനുള്ളതാം ൯൬

അതിപാവനമാം വിവാഹമേ
ശ്രുതിമന്ദാരമനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകി നിന്നനിൻ-
ഗതികാൺകെത്ര യശഃ പതിച്ചു നീ! ൯൭

Digitized By Kerala Sahitya Akademi

ഗുണമാണു വിധിക്കു ലോകത്തിൽ
പിണയാം പുരുഷദോഷമീവിധം
ക്ഷണമാമൊ വിപരീതവൃത്തിയാൽ
തുണയന്യേ ശ്രുതിയ പ്രമാണമാം. ൪൧

നെടുനാൾ വിപിനത്തിൽവാഴുവാ-
നിടയായ് ഞങ്ങളതെൻറകുററമോ?
പടുരാക്ഷസചക്രവർത്തിയെ
നടൽ മോഹിച്ചിതു ഞാൻ പിഴച്ചതോ? ൪൨

ശരി ഭൂപതി സമ്മതിക്കണം
ചരിതവൃത്തിൽ നിജ പ്രജാമതം
പിരിയാം പലകക്ഷിയായ് ജനം
പരിശോധിച്ചറിയേണ്ടയോ നൃപൻ. ൪൩

തനതക്ഷികളോടുതന്നെയും
ഘനമേറും ചെലജിഹ്വചൊല്ലിടാം
ജനവാദമപാർത്ഥമെന്നതി-
ന്നനഘാചാരയെനിക്കുസാക്ഷി ഞാൻ. ൪൪

കരതാരിലണഞ്ഞ ലക്ഷ്മിയെ
തറയിൽ തട്ടിയെറിഞ്ഞു നിഷ്കൃപം
ഭരതൻെറ സവിത്രി, അപ്പൊഴും
നരനാഥൻ ജനചിത്തമോർത്തിതോ? ൪൫

Digitized By Kerala Sahitya Akademi

അത്ര സത്യപരായണനതാമാ
മിത്ര ധൎമ്മവ്യസനിതമെന്നുമാം
പൊതുവിൽ ഗ്ഗുണമാക്കിടും ജനം
ചതുരന്മാരുടെ ചാപലങ്ങളും. ൬൨

ജനമെന്നെ വരിച്ചു മുമ്പുതാ-
നനുമോദത്തൊടു സാൎവ്വഭൌമിയായ്
പുനരെങ്ങിനെ നിന്ദ്യയായി ഞാൻ
മനുവംശാങ്കുര ശൎമ്മനാശനാൽ? ൬൩

നയമായ് ചിരവാഞ്ഛയെന്നതാൻ
പ്രിയമെന്നിൽപെടുമഭ്യസൂയകൾ
സ്വയമേയപവാദശസ്ത്രമാ
ന്നുയരാമെന്നതു വന്നുകൂടയോ? ൬൪

മേതൻ വനമെത്തിയപ്പൊഴും
പരശങ്കാവിലമായ മാനസം
നരകല്മഷ ചിന്ത തീണ്ടുവാൻ
തരമന്യേ ധവള്ളി ഭവിച്ചിതോ? ൬൫

പതിയാം പരദേവതയ്ക്കഹോ
മതിയപ്പിച്ചൊരു ഭക്തയല്ലി ഞാൻ
ചതിയോൎക്കിലുമെന്നൊടോതിയാൽ
ക്ഷതിയെന്തങ്ങനെ ചെയ്യുവോ നൃപൻ? ൬൬

Digitized By Kerala Sahitya Akademi

ഇടനെഞ്ചിളകിസ്സതിയ്ക്കിതി
ന്നിടയിൽ കണ്ണുകൾ പെയ്യുന്നിക്കുന്നാ
പുടഭേദകമായതെന്നാലഃ-
ററിടറുംഗ്ലപ്മദലങ്ങളെന്നപോൽ. ൧൦൦

തരളാക്ഷി തുടന്നു ചിന്തയെ
ത്തരസാധാരമുറിഞ്ഞിടാതെ താൻ
ഉരചേറുമൊഴുക്കു നില്ക്കുമോ
തിരയാൽ വായു ചമച്ച സേതുവിൽ? ൧൦൧

ഗിരിഗഹ്വരമുഗ്രമാം വനം
ഹരിശാർദ്ദൂലഗണങ്ങൾ പാമ്പുകൾ
പരിഭീകരസിന്ധു രാക്ഷസ
പ്പുരിഷയ്ക്കുള്ള നികേതമാദിയായ് ൧൦൨

നരലോകമിതിൽപ്പെടാപ്പതാം
നരകം സദ്മമടുത്തറിഞ്ഞതൊൻ
പരമാത്മമതോരലഞ്ഞുവാൻ
തരമില്ലെന്തിനൊളിച്ചുമന്നവൻ? (യുഗ്മകം) ൧൦൩

പതിചിത്തവിരുദ്ധവൃത്തിയാം
മതിയുണ്ടോ കലരുന്നു ജാനകി?
കുതികൊണ്ടിടുമോ മഹോദധി
ക്കെതിരായ് ജാഹ്നവി തന്നൊഴുക്കുകൾ? ൧൦൪

Digitized By Kerala Sahitya Akademi

അപകീർത്തി ഭയാന്ധനീവിധം
സ്വപരിക്ഷാളന തൽപരൻ നൃപൻ
കൃപണോചിത വൃത്തിമൂലമെ
ന്നപവാദം ദൃഢമാക്കിയില്ലയോ? ൨൦൧

അപരാധിയെ ദണ്ഡിയാതെയാം
കൃപയാൽ സംശയമാന്ന ധാർമ്മികൻ
അപകല്മഷ ശിക്ഷയേററു ഞാൻ
നൃപനിപ്പാപമൊഴിപ്പതെങ്ങനേ? ൨൦൨

അതിവത്സല ഞാനരച്ചിതെൻ
കൊതിവിശ്വാസമൊടന്നു ഗർഭിണി
അതിലേ പദമൂന്നിയല്ലിയി
ച്ചതിചെയ്തു! നൃപനോക്കവശ്യ! താൻ! ൨൦൩

ജനകാജ്ഞ വഹിച്ചുചെയ്ത തൻ-
വനയാത്രയ്ക്കു തുണയ്ക്കുപോയി ഞാൻ!
അനഘൻ പ്രിയനെന്നെ യേകയായ്
തനതാജ്ഞയ്ക്കിരയാക്കി കാട്ടിൽ!! ൨൦൪

ഇതരേതരഭേദമററ ഹൃദ്-
ഗതമാം സ്നേഹമതങ്ങുനില്ക്കുക,
ശ്രുതമായ കൃതജ്ഞഭാവവും
ഹതമാക്കീനൃപനീഹതാശയിൽ ൨൦൫

Digitized By Kerala Sahitya Akademi

ഭുജയാന്മകം കനിഞ്ഞുതൻ
പ്രജയെപ്പോററുമുറുമ്പുപോലുമേ
സുജനാഗ്രണികാട്ടിലെൻ പ്രിയൻ
നിജഗർഭത്തെ വലിച്ചെറിഞ്ഞിതേ. ൧൧൬

ശ്വശുരൻ ബഹുയജ്ഞദീക്ഷയാ-
ലശുഭം നീക്കി ലഭിച്ച നന്ദനൻ
പിശുനോക്തികൾ കേട്ടു പുണ്യമാം
ശിശുലാഭോത്സവമുന്മഥിച്ചിതേ! ൧൧൭

അരുതോക്കിൽ നൃപൻ വധിച്ചു നി-
ഷ്കരുണം ചെന്നൊരു ശൂദ്രയോഗിയെ
നിരുപിക്കിൽമയക്കി ഭൂപനെ
തരുണീപാദജഗർഹിണിശ്രുതി! ൧൧൮

സഹജാർദ്രത ധർമ്മമാദിയാം
മഹനീയാത്മഗുണങ്ങൾ ഭൂപനെ
സഹധർമ്മിണിയാൾക്കു മുമ്പു ഹാ!
സഹസാ വിട്ടുപിരിഞ്ഞുപോയി താൻ. ൧൧൯

വനഭൂവിൽ നിജാശ്രമത്തില-
ഗ്ലനഗർഭാതുര യെൻമൃഗാംഗന
തനതക്ഷിപഥത്തിൽ നില്ക്കവേ
നനയും മൽപ്രിയനാശ്രു കൺമുന. ൧൨൦

Digitized By Kerala Sahitya Akademi

അതികോമളമാകുമമ്മനഃ
സ്ഥിതി കാട്ടിൽ തളിർപോലുദിപ്പതാം
ക്ഷിതിപാലക പട്ടബദ്ധമാം
മതിയോ ചന്ദ്രകരാഭമെന്നുമാം. ൧൫

നിയതം വനവാസവേളയിൽ
പ്രിയനന്യാദൃശഹാർദ്ദമാർന്നു താൻ
സ്വയമിങ്ങു വിളിച്ചതുമേറിയാൽ
ക്ഷയമേലാം പരമാത്മസൌഹൃദം. ൧൬

നിയമങ്ങൾകഴിഞ്ഞു നിത്യമാ
പ്രിയഗോദാവരിതൻ തടങ്ങളിൽ
പ്രിയനൊത്തുവസിപ്പതോർപ്പു ഞാൻ
പ്രിയയായും പ്രിയശിഷ്യയായുമേ. ൧൭

ഒരു ദമ്പതിമാരുമൂഴിയിൽ
കരുതാത്തൊരു വിവിക്തലീലയിൽ
മരുവീടിനരവർ ഞങ്ങള-
ങ്ങിരുമെയ്യാണൊരു ജീവിപോലവേ. ൧൮

നളിനങ്ങളറുത്തുനീന്തിയും
കുളിരേലും കയമാർന്നുമുങ്ങിയും
പുളിനങ്ങളിലെന്നൊടോടിയും
കളിയാടും പ്രിയനന്നു കുട്ടിപോൽ. ൧൯

Digitized By Kerala Sahitya Akademi

പറയേണ്ടയി! ഞങ്ങൾ ബുദ്ധിയിൽ
കുറവില്ലാത്ത മൃഗങ്ങൾ പോലെയും
നിറവേററിസുഖം വനങ്ങളിൽ
ചിറകില്ലാത്തഖഗങ്ങൾ പോലെയും. ൧൨൦

സഹജാമലരാഗമേ! മനോ
ഗൃഹയേലും സ്ഫുടരത്നമാണു നീ
മഹനീയമതാണുമാറിലു -
ന്മഹമാത്മാവണിയുന്ന ഭൂഷണം. ൧൨൧

പുരുഷന്നു പുമർത്ഥഹേതു നീ
തരുണിയ്ക്കുത്തരുണീഗുണങ്ങൾ നീ
നിരുപിക്കുകിൽ നീ ചമയ്പു ഹാ!
മരുഭൂമോഹന പുഷ്പവാടിയായ്. *൧൨൨

നയമാർഗ്ഗചരർക്കുദീപ്തമാ-
യുയരും നിൻപ്രഭ നാകമേറുവാൻ
നിയതം നരകം നയിപ്പു നി-
ന്നയഥായോഗമസജ്ജനങ്ങളെ. ൧൨൩

മൃതിയും സ്വയമിങ്ങു രാഗമേ!
ക്ഷതിയേകില്ല നിനക്കു; വാഴ്വുനീ,
സ്മൃതിയാം പിതൃലോകസീമയിൽ
പതിവായശ്രുനിവാപമുണ്ടുമേ. ൧൨൪

Digitized By Kerala Sahitya Akademi

ചതിയററൊരമർഷമല്ലനിൻ
പ്രതിമല്ലൻ പ്രിയതേ! പരസ്പരം
രതിമാർഗ്ഗമടച്ചുഹൃത്തിൽനിൻ
ഹതിചെയ്യുന്നതു ഗർവ്വമാണു കേൾ. ൧൬൧

സമദൃഷ്ടി, സമാത്മചിന്തനം,
ക്ഷമ,യന്യോന്യഗുണാനുരാഗിത,
ക്രമമായിവയെക്കരണ്ടിടാം
ശ്രമമററാന്തരഗർവ്വമൂഷികൻ. ൧൬൨

വിഭവോന്നതി,കൃത്യവൈഭവം,
ശുഭവിഖ്യാതി, ജയങ്ങൾമേൽക്കുമേൽ,
പ്രഭവിഷ്ണുതയെന്നിവററയാൽ
പ്രഭവിക്കാം ദുരഹന്ത യാക്കുമേ. ൧൬൩

അതിമാനിതയായ വായുവിൻ
ഹതിയാൽ പ്രേമവിളക്കുപോയ്മനം
സ്മൃതിതന്നൊളികെട്ടുചെന്നഹോ!
പതിയാംസാഹസദുർഗ്ഗമങ്ങളിൽ. ൧൬൪

സ്ഥിതിയിങ്ങനെയല്ലയെങ്കിലി
ശ്രുതദോഷത്തിൽ വിരക്തിയെന്നിയേ
ക്ഷിതിപാണിട്ടുമോ സഗർഭ്യയാം
സതിയെക്കാട്ടിൽ വെടിഞ്ഞുമന്നവൻ? ൧൬൫

Digitized By Kerala Sahitya Akademi

നിഹതാരികൾ ഭൂഭരിക്കവാൻ
സഹജന്മാർ നൃപനില്ലിയോഗ്യരായ്?
സഹധർമ്മിണിയൊത്തുവാഴുവാൻ
ഗഹനത്തിൽ സ്ഥലമില്ലിവേണ്ടപോൽ? ൨൱൩

പരിശുദ്ധവനാശ്രമം നൃപൻ
പരിശീലിച്ചറിവുള്ളതല്ലയോ?
തിരിയുന്നവയല്ലയോ നൃപ-
നരിയോരാത്മവിചാര ശൈലികൾ? ൨൱൪

പറവാൻ പണി-തൻപ്രിയയ്ക്കൊരാൾ
കുറചൊന്നാൽ സഹിയാകുശീലനം,
കറയെന്നിലുറപ്പുത്തമൻ
മറപോലെങ്ങനെ കേട്ടമന്നവൻ? ൨൱൫

ഒരു കാക്കയൊടും കയർത്തതും
പെരുതാമാശരവംശകാനനം
ഒരുവാക്കിയതും നിനയ്ക്കിലാ
പ്പുരുഷവ്യാഘ്രനിതും വരാവതോ? ൨൱൬

അഥവാ നിജനീതിരീതിയിൽ
കഥയോരാം പലതൊററിനാൽനൃപൻ
പൃഥമാനയശോധനൻപരം
വ്യഥയറ്റു ശ്രുതികേട്ടിയന്നിടാം. ൨൱൭

Digitized By Kerala Sahitya Akademi

ഉടനുള്ളിലെരിഞ്ഞതീയിൽനി-
ന്നിടറിപ്പൊങ്ങിയ ധൎമ്മശൂരത
സ്ഫുടമോതിയകൎമ്മമമ്മഹാൻ
തുടരാം-മാനിവിപത്തു ചിന്തിയാ. ൧൪൫

വിഷയാധിപധൎമ്മമോർത്തഹോ
വിഷമിച്ചങ്ങനെ ചെയ്തതാം നൃപൻ
വിഷസംക്രമശങ്കമൂലമായ്
വിഷഹരിക്കും ബുധരംഗകൃന്തനം! ൧൪൬

ബലശാലിയിയന്നിടുംപുറ-
ത്തലയാത്തൊരു വികാരമുഗ്രമാം
നിലയറ്റൊരുനിക്ഷയത്തിനു-
ള്ളലയെക്കാൾ ചുഴിയാം ഭയങ്കരം! ൧൪൭

പരകാൎയ്യപരൻ സ്വകൃത്യമായ്
ധരയിൽ തോന്നുവതേറ്റുരച്ചിടും
ഉരചെയ്തതു ചെയ്തിടാതെയും
വിരമിക്കാറില്ലസൂനൃതസത്യവാൻ. ൧൪൮

അതിദുശ്ശൂരമാമരക്കർതൻ
ഹതിയെദ്ദണ്ഡകയിങ്കലേറ്റതും
ധൃതിയിൽ പുനരൃശ്യമൂകത്ര
വതിലെബ്ബാലിവധപ്രതിജ്ഞയും. ൧൪൯

Digitized By Kerala Sahitya Akademi

പവിത്രുണ്ടിതുപോലെ ഭാനുമൽ
കുലചൂഡാമണി ചെയ്തസാഹസം,
ചില വീഴ്ച മഹാനുശോഭയാം
മലയിൽ കന്ദരമെന്നമാതിരി. (യുഗ്മകം) ൧൭൦

മുനിപുത്രനെയച്ഛനാനയെ
ന്നനുമാനിച്ചുടനെയ്തുകൊന്നതും
തനിയേ വരമേകി തൻപ്രിയ
യ്ക്കുനുതാപാതുരനായ്മരിച്ചതും. ൧൭൧

മികവേറിയ സാഹസങ്ങളാം
പകവിട്ടിന്നതു പാർത്തു കാണുകിൽ
മകനീവക മർഷണീയമാം
പകരം ഹേതുഗുണങ്ങൾ വസ്തുവിൽ (യുഗ്മകം) ൧൭൨

അജനായ പിതാമഹൻ മഹാൻ
നിജകാന്താമൃതി കണ്ടു ഖിന്നനായ്
രുജയാനു മരിച്ചു തൽകുല
പ്രജയിൽ തദ്ഗുണ ശൈലിയും വരാം. ൧൭൩

അതിനില്ല വികല്പമിപ്പൊഴും
ക്ഷിതിപൻ മൽപ്രണയൈകനിഘ്നനാം
പതിയാ വിരഹം മഥിക്കിലും
രതിയും രാഘവനോക്കിലന്യയിൽ. ൧൭൪



Digitized By Kerala Sahitya Akademi

പ്രിയനാഥവിയോഗവേളയിൽ
സ്വയമുന്മാദമിയന്നു രാഗവാൻ
ജയമാർന്നു മടങ്ങി വീണ്ടുമു-
പ്രിയമെന്നിൽത്തെളിയിച്ചു നാൾക്കുനാൾ. ൪൰൫

അതുപാർക്കിലിപ്പൊഴെത്രയി
പ്പുതുവേർപാട്ടിൽ വലഞ്ഞിടാം നൃപൻ
അതിമാനിനി ഞാൻ സഹിക്കുമി
സ്ഥിതിയസ്സാഹസശയൻ പൊറുക്കുമോ? ൪൰൬

അഹഹ! സ്വയമിന്നു പാർക്കിലും-
സ്പൃഹയാൽ കാഞ്ചന സീതയാണു പോൽ
സഹധർമ്മിണിയജ്ഞശാലയിൽ-
ഗഹനം സജ്ജനചര്യയോർക്കിൽ! ൪൰൭

അതിസങ്കടമാണു നീതിതൻ-
ഗതി കഷ്ടം! പരതന്ത്രർ മന്നവർ
പതിനാടു കടത്തിയെന്നെ-മൽ
പ്രതിമാരാധകനാവതായ്ഫലം. ൪൰൮

ഒളിയൊന്നു പരന്നുടൻ കവിൾ-
ത്തളിമത്തിൽ ചെറുകണ്ടകോൽഗമം
ലളിതാംഗിയിയന്നു പൊന്മണൽ
പുളിനം നെന്മുളപൂണ്ടമാതിരി. ൪൰൯

Digitized By Kerala Sahitya Akademi

ഘനമാമറകമ്പനയിൽതട
ഞ്ഞനതിവ്യാകുലമായി നിന്നുടൻ
ജനകാത്മജതന്റെ ചിന്തയാം
വനകല്ലോലിനി പാഞ്ഞുവീണ്ടുമേ. ൧൯൦

അറിയുന്നിതു ഹന്ത! ഞാൻ വിഭോ!
പുറമേ വമ്പൊടു തന്റെ കയ്യിനാൽ
മുറിവനാഘമേററു നീതിത-
ന്നറയിൽ പാർപ്പു തടങ്ങലിൽഭവാൻ! ൧൯൧

ഉരപേറിയ കീഴ്‌നടപ്പിലായ്
മറയാം മാനവനാത്മവൈഭവം
ചിരബന്ധനമാർന്ന പക്ഷിതൻ
ചിറകിൻ ശക്തി മറന്നുപോയിടാം. ൧൯൨

പ്രിയയുംചെറു പൊൻകിടാങ്ങളും
നിയതം കാട്ടിലെഴുന്ന ചേക്കകൾ
സ്വയമോർത്തുടനുദ്‌ഗളാന്തനായ്
പ്രയതൻ കൂട്ടിലുഴന്നിടാം ഭവാൻ. ൧൯൩

ചിലതിന്നൊലികേട്ടുമന്തരാ
ചിലരിൻച്ഛായകൾ കണ്ടുമാർത്തനായ്
നിലയിൽ ചിറകാട്ടിയും ഭവാൻ
വലയാം ചഞ്ചുപുടങ്ങൾ നീട്ടിയും. ൧൯൪

Digitized By Kerala Sahitya Akademi

തനിയേ നിജശയ്യയിൽ ഭയാ
നനിവാര്യാർത്തികലർന്നുരുണ്ടിടാം
കനിവാർന്നു പുലമ്പിടാം കിട
ന്നനിശം ഹന്ത! കിനാവു കണ്ടിടാം. ൱൬൬

മരുവാം ദയിതാവിരക്തനായ്
മരുവാം ദുർവിധിയാൽ വിയുക്തനായ്
വരുവാൻ പണി കൃത്യനിഷ്ഠയാൽ
പെരുതാം ത്യാഗമിവണ്ണമാർക്കുമേ. ൱൬൭

മുടി ദൂരെയെറിഞ്ഞു തേണ്ടിടാം
വെടിയാമന്യനുവേണ്ടി ദേഹവും
മടിവിട്ടു ജനേച്ഛപോലെ തൻ
തടി കാത്തുഴിഭരിക്ക ദുഷ്കരം. ൱൬൮

എതിരറ്റയമാദിദീക്ഷയാൽ
പ്രതികർമ്മങ്ങൾ ബഹുമാന്യനമ്മഹാൻ
ക്ഷിതിപാലകധർമ്മദീക്ഷയാ-
ന്നതിവർത്തിപ്പു സമസ്തരാജകം. ൱൬൯

കൃതികൾക്കു നെടുംതപസ്സിനാം
ക്ഷിതിവാസം സ്വസുഖത്തിനല്ലതാൻ
എതിരിട്ടു വിപത്തൊടെന്നുമു-
ന്നതിവിശ്രാന്തരനാന്നു രാഘവൻ. ൱൭൦

Digitized By Kerala Sahitya Akademi

കൊതിയേറിടുമിന്ദ്രിയങ്ങളെ
പ്പതിവായ്പ്പോററി നിരാശനായ്സദാ
മൃതിഭീതിയെ നീട്ടിവാഴുമ-
സ്ഥിതിഞാൻ ജീവിതമെന്നു ചിന്തിയാ. ൧൩൦

അതിമാനുഷശക്തിയെങ്കിലും
യതിയെക്കാൾ യമശാലി രാഘവൻ
ധൃതിയേറിയ ധർമ്മദീപമ
മ്മതിമാൻമാന്യനെനിക്കു സർവ്വദാ. ൧൩൧

അതിവിസ്തൃതകാലദേശജ
സ്ഥിതിയാൽ നീതിവിഭിന്നമാകിലും
ക്ഷിതിനാഥ! പരാർത്ഥജീവികൾ
ക്കെതിരില്ലാത്ത നിദർശനം ഭവാൻ. ൧൩൨

ക്ഷുഭിതേന്ദ്രിയ ഞാൻ ഭവാനിലി-
ന്നപദർശിച്ചകളങ്കരേഖകൾ
അഭിമാനിനിയാം സ്വകാന്തയിൽ
കൃപയാൽ ദേവ ഭവാൻ ക്ഷമിക്കുക. ൧൩൩

നിരുപിക്കുകിൽ നിന്ദ്യമാണുമ,
ച്ചരിതം ഞാൻസുചരിത്രയെങ്കിലും
ഉരുദുഃഖനിരക്കു നൽകിനേ
നിത്യമായിപ്പല വാറു കാന്തനെ ൧൩൪

Digitized By Kerala Sahitya Akademi

അതുമല്ലിവർമൂലമെത്രപേർ
പതിമാർ ചത്തുവലഞ്ഞു നാരിമാർ
അതുപോലെ പിതാക്കൾ പോയഹോ
ഗതികെട്ടത്ര കിടാങ്ങൾ ഖിന്നരായ്  ൱൩൬

അറിവാൻ പണി-നീതിസംഗ്രഹം
മറിയാം കാററുകണക്കെയെങ്കിലും
കുറിയിൽ കടുകർമ്മപാകമ-
മ്മുറിയേൾപ്പിച്ചിട്ടു മന്നുപോലെതാൻ.  ൱൩൭

മതിതീർന്നശരങ്ങളേ! ശ്രമം
ക്ഷതമേലാമരവിച്ചോരെന്മനം
കുതികൊള്ളുക ലോക ചക്രമേ!
ഹതയാം സീതയെയിങ്ങുതള്ളുക!  ൱൩൮

ചരിതാർത്ഥതയാന്നദേഹിയിൽ.
തിരിയേശ്ശോഭനമല്ലജീവിതം
പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളിതീർന്നനട്ടുവൻ.  ൱൩൯

വനഭൂവിൽ നശിപ്പൂതാൻപെറും
ധനമന്യാർത്ഥമകന്നു ശാലികൾ
ഘനമററുകിടപ്പുമുത്തുതൻ
ജനനീശുക്തികൾ നീക്കയങ്ങളിൽ.  ൱൪൦

Digitized By Kerala Sahitya Akademi

തെളിയുന്ന മനോനഭസ്സെന്നി
യ്യൊളിവീശുന്നിതു ബുദ്ധിമേൽക്കുമേൽ
വെളിവായ് വിലസുന്ന സിന്ധുവിൽ
കളിയായ് ചെന്നണയുന്നൊരിന്നദി. ൱൭൦

ഇനിയാത്രപറഞ്ഞിടട്ടെ ഹാ!
ദിനസാമ്രാജ്യപതേ! ദിവസ്പതേ!
അനിയന്ത്രിതദീപ്തിയാം കതിർ-
ക്കനകാസ്ത്രാവൃതനാം ഭവാനു ഞാൻ. ൱൭൧

സുസിതാംബരനായി വൃദ്ധനായ്
ബിസിനീതന്തുമരീചികേശനായ്
ലസിതസ്മിതനായ ചന്ദ്രികാ-
ഭസിതസ്നാത! മൃഗാങ്ക! കൈതൊഴാം. ൱൭൨

അതിഗാഢതമസ്സിനെത്തുര-
ന്നെതിരേ രശ്മികൾനീട്ടിടുരവേ
ദ്യുതികാട്ടു മുഡുക്കളേ! പരം
നതിനിങ്ങൾക്കതിമോഹനങ്ങളേ! ൱൭൩

സ്വയമന്തിയിലും വെളുപ്പിലും
നിയതം ചിത്രവിരിപ്പുനെയ്തുടൻ
വിയദാലയ വാതിൽമൂടുമെൻ
പ്രിയസന്ധ്യേ! ഭവതിക്കുവന്ദനം ൱൭൪

Digitized By Kerala Sahitya Akademi

രമണീയ വനങ്ങളേ! രണൽ-
ഭ്രമരവ്യാകുലമാം സുമങ്ങളെ
ക്രമമെന്നിരസിച്ചു നിങ്ങളിൽ
പ്രമദംപൂണ്ടവരാം യാത്രചൊൽവുഞാൻ. ൱൧

അതിരമ്യബഹിർജ്ജഗത്തൊടി-
ന്നഥവാവേർ പിരിയേണ്ടതില്ല ഞാൻ
ക്ഷിതിയിൽതന്നെ ചേരുമെൻമനോ-
രഥമിബ്ഭംഗികളോടുമൈക്യമാം, ൱൨

ജനയിത്രിവസുന്ധരേ! പരം
തനയസ്നേഹമൊടെന്നെയേന്തിനി
തനതുജ്ജ്വലമഞ്ചഭ്രവിലേ-
ക്കനഘേ! പോവതു ഹന്ത! കാണ്മു ഞാൻ ൱൩

ഗിരിനിർഝരശാന്തിഗാനമ-
ദ്ദരിയിൽകേട്ടു ശയിക്കുമങ്ങു ഞാൻ
അരികിൽ തരുഗുല്മസഞ്ചയം
ചൊരിയും പൂനിരനിത്യമെൻറമേൽ. ൱൪

മുകളിൽ കളനാദമാർന്നിടും
വികിരശ്രേണി പറന്നു പാടിടും
മുകിൽപോലെ നിരന്നു മിന്നുമ-
ത്തകടിത്തട്ടിൽ മൃഗങ്ങൾ തുള്ളിടും. ൱൫

Digitized By Kerala Sahitya Akademi

അതുമല്ലയി! സാനുഭ്രുവിലെ-
പ്പുതുരത്നാവലി ധാതുരാശിയും
കുതുകം തരുമെന്നുമല്ലഹോ!
പൊതുവിൽ സമ്പത്തെൻറയായിടും! ൧൫൦

സസുഖം ഭവദങ്കശയ്യമേൽ
വസുധേയങ്ങനെ ഞാൻരമിച്ചിടും
സുസുഷുപ്തിയിൽ-അല്ലയല്ല!യെൻ
പ്രസുവേ കുപ്പിയുണർന്നു പൊങ്ങിടും ൧൫൧

തടിനീജല ബിംബിതാംഗിയായ്
ക്ഷമയെക്കണ്ടിടുപോരുതാരപോൽ
സ്ഫുടമായ് ഭവദംഘ്രിലീനഞാ-
നമലേ! ദ്യോവിലുയർന്നദീപമാം, ൧൫൨

പ്രിയരാഘവ! വന്ദനം ഭവാ
നയരുന്ന ഭുജശാഖവിട്ടുഞാൻ
ഭയമററുപറന്നു പോയിടാം
സ്വയമിദ്ദ്യോവിലൊരാശ്രയം വിനാ. ൧൫൩

കനമാന്നൊഴുമണ്ഡമണ്ഡലം
മനവും മണ്ണിവിടില്ലതാഴെയാം
ദിനരാത്രികളററു ശാന്തമാം-
മനഘസ്ഥാനമിതാദിധാമമാം. ൧൫൪

Digitized By Kerala Sahitya Akademi

രുജയാൽപരിപാകസത്വനായ്
നിജഭാരങ്ങളൊഴിഞ്ഞു ധന്യനായ്
അജപൌത്ര! ഭവാനുമെത്തുമേ
ഭജമാനൈകവിഭാവ്യമിപ്പദം! ൧൮൩

ഉടനൊന്നു നടുങ്ങിയാത്മപൂ-
പ്പൂടലുൽ കമ്പമിയന്നു ജാനകി
സ്ഫുടമിങ്ങനെയോതി സംഭ്രമം
തടവിശ്ശുബ്ധവിചാരമിശ്രമായ്:- ൧൮൪

അരുതെന്തയി! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോ? ശരി! പാവയോ യിവൾ? ൧൮൫

അനാലാശയ! ഹാ! ക്ഷമിക്ക! എൻ-
മനവും ചേതനയും വഴങ്ങിടാ;
നിനയായ്കമറിച്ചു- പോന്നിടാം
വിനയത്തിന്നു വിധേയമാമുടൽ. ൧൮൮

സ്ഫുടമിങ്ങനെ ഹന്ത! ബുദ്ധിയിൽ
പടരും ചിന്തകളാൽ തുടിച്ചിതേ
പുടവയ്ക്കു പിടിച്ചതീ ചുഴ-
ന്നുടൽകത്തുന്നൊരു ബാലപോലവൾ. ൧൮൯

Digitized By Kerala Sahitya Akademi

“അന്തിക്കു പൊങ്ങിവിലസീടിനതാരജാലം
പന്തിക്കു പശ്ചിമപയോധിയണഞ്ഞുമുങ്ങീ
പൊന്തിത്തുടങ്ങിയിതരോഡുഗണങ്ങൾ സീതേ!
എന്തിങ്ങിതെ”ന്നൊരുതപസ്വിനിയോടിവന്നാൾ.

പലവുരുവവൾ തീർത്ഥപ്രോക്ഷണം ചെയ്തുതാങ്ങി
ച്ചലമിഴിയെയകായിൽ കൊണ്ടുപോയിക്കിടത്തി
പുലർസമയമടുത്തു കോസലത്തിങ്കൽനിന്ന-
ക്കുലപതിയുമണഞ്ഞു രാമസന്ദേശമോടും. ൯൮

വേണ്ടാ ഖേദമെടോ, സുതേ! വരികയെ-
ന്നോതും മുനീന്ദ്രന്റെ കാൽ-
ത്തണ്ടാർ നോക്കിനടന്നധോവദനയായ്
ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തിയൊന്നനുശയ
ക്ലാന്താസ്യനാം കാന്തനെ
ക്കണ്ടാൾ പൗരസമക്ഷം, മന്നിലയിലീ
ലോകം വെടിഞ്ഞാൾ സതി. ൯൯

(ശുഭം.)

Digitized By Kerala Sahitya Akademi

ഗ്രന്ഥനിർമ്മാണവിഷയത്തിൽ ഇതു് എന്റെ ഒന്നാമത്തെ ശ്രമമാണു്. ഈ പ്രൌഢകാവ്യത്തിനു് ഒരു ടിപ്പണം എഴുതിഫലിപ്പിക്കുന്നതു് സുകരമല്ല. ഗ്രന്ഥകർത്താവു് അവശ്യപ്പെട്ടുകൊണ്ടും അദ്ദേഹത്തിൽനിന്നുതന്നെ ഗണ്യമായ സാഹായ്യം ലഭിച്ചതുകൊണ്ടുമാണു് ഞാൻ ഇതിനു തുനിഞ്ഞതു്. വ്യാഖ്യാനം ആവശ്യമാണെന്നു തോന്നിയ പദങ്ങളുടെ അർത്ഥങ്ങളും വിഷയങ്ങളുടെ പൂർവ്വാപരസംബന്ധങ്ങളും, ചില പദ്യങ്ങളുടെ സ്ഥൂലമായ താല്പര്യങ്ങളും അവിടവിടെ ചില അലങ്കാരങ്ങളുടെ പേരുകളും മാത്രമേ ഈ ടിപ്പണത്തിൽ കൊടുപ്പാൻ സാധിച്ചിട്ടുള്ളൂ. രസം വ്യംഗ്യം മുതലായ സൂക്ഷ്മവിഷയങ്ങളിൽ വിസ്തരഭയംകൊണ്ടു് ഞാൻ സ്പർശിച്ചിട്ടേ ഇല്ല. വിദ്യാർത്ഥികൾക്കു് ഈ പ്രൌഢസരസകാവ്യം പഠിക്കുന്നതിൽ എന്റെ ടിപ്പണം ഉപയുക്തമായി തീരുമെങ്കിൽ ഞാൻ കൃതാർത്ഥനാണു്.

തിരുവനന്തപുരം<br>1095. ഇടവം } വി. കെ. കേശവൻ വിദ്വാൻ.

Digitized By Kerala Sahitya Akademi

# ടിപ്പണം.

—:0:—

൧. സൂതർ=കുശലവന്മാർ. മാമുനി=വാല്മീകിമഹർഷി. ഗതർ=പോയവർ. അന്ന്=അക്കാലത്ത്. ഉടജാന്തവാടിയിൽ=പർണ്ണശാലയ്ക്കു സമീപമുള്ള തോട്ടത്തിൽ.

ശ്രീരാമൻെറ അശ്വമേധയാഗത്തിൽ സംബന്ധിക്കുന്നതിനായി വാല്മീകിമഹർഷി കുശലവന്മാരോടുകൂടി അയോദ്ധ്യയ്ക്കു പോയി വളരെദിവസം കഴിഞ്ഞിരിക്കുന്നു. തപസ്വിനിയായ സീത അപ്രകാരം ശൂന്യപ്രായമായ ആശ്രമത്തിൽ താമസിക്കുന്നു. ഈ അവസ്ഥ സ്വാഭാവികമായി സീതയ്ക്കു ചിന്തയെ ഉദ്ദീപിപ്പിക്കാവുന്നതാണെല്ലോ. വൃത്തം വിയോഗിനി.

൨. അണിപന്തൽ=മേൽക്കട്ടികെട്ടിയ പന്തൽ. പൂവാക=പൂത്തുനിൽക്കുന്ന നെന്മേനിവാക. ഹരിനീലതൃണങ്ങൾ=ഇന്ദ്രനീലം പോലെ നിറമുള്ള പുല്ലുകൾ.

ആശ്രമവാടിയിൽ സീത പോയിരുന്നതു്, പൂത്തുനില്ക്കുന്ന നെന്മേനിവാകയുടെ താഴെയുള്ള പച്ചപ്പുല്ലുകളിന്മേലാണെന്നു കവി വിവക്ഷിക്കുകയും സീതയുടെ പൂർവ്വാവസ്ഥയെ സ്മരിച്ചുകൊണ്ടു് ആ ആസനഗ്രഹണത്തെ രാജ്ഞിക്കുചിതമായവിധത്തിൽ വർണ്ണിച്ചു് സമർത്ഥിക്കുകയും ചെയ്യുന്നു. അലങ്കാരം പരിണാമം അല്ലെങ്കിൽ രൂപകം.

൩. അവനീശ്വരി=രാജ്ഞി. (സീത) തനിയെ ഏകാകിനിയായി.

വലുതായ ചിന്തയിൽ മുഴുകിയിരുന്നതിനാൽ സീത സമയത്തിൻെറ അതിക്രമണവും ആ അസമയത്തു് താൻ അകലെ ഏകാകിനിയായിരിക്കുന്നതിൻെറ അനൌചിത്യവും അറിഞ്ഞില്ല.

൪. പുളകങ്ങൾ=രോമാഞ്ചങ്ങൾ. ഹ്രദത്തിൽ=കയത്തിൽ. (ജലമദ്ധ്യത്തിൽ) അമ്പലാൽ വിടരുന്ന=അമ്പൽപൂക്കളാൽ. തെളിയി

Digitized By Kerala Sahitya Akademi

ക്കം=സ്പഷ്ടമായി കാണിക്കുന്നു. തമസാസമീപത്തിൽ=തമസാനദിയിൽ സഞ്ചരിക്കുന്ന വായുവിൽ. വനരാജി=കാട്ടുമരങ്ങളുടെ സമൂഹം.

തമസാനദിയുടെ തീരത്താണ് വാല്മീകിയുടെ ആശ്രമം. രാത്രിയിൽ ആ നദിയിൽ മന്ദമാരുതൻ ഏററു ആമ്പൽപൂക്കൾ വിടരുന്നതുകണ്ടാൽ നദി കോൾമയിർകൊള്ളുകയാണോ എന്നു തോന്നും. ആ കാററിൽ മെല്ലെ അലഞ്ഞുനിൽക്കുന്ന ആ വനരാജിയിൽ ധവളവർണ്ണമായ ചന്ദ്രിക വ്യാപിച്ചിരിക്കുന്നതുകണ്ടാൽ കാട്ടുഴവൻ വെള്ളികൊണ്ടു വാർത്തതാണോ എന്നും തോന്നും. ഈ ശീതളമായ കാററും ചന്ദ്രികയും സീതയുടെ വെളിയിലുള്ള ആ ഇരിപ്പിനെ ദീർഘതരമാക്കാൻ അനുകൂലിക്കുന്നു എന്നു താല്പര്യം. അലങ്കാരം പൂർവ്വാർദ്ധത്തിൽ ഗമ്യവും ഉത്തരാർദ്ധത്തിൽ വാച്യവുമായ സാപഹ്നവോൽപ്രേക്ഷ.

൫. ഘനവേണി=മേഘംപോലെ കറുത്ത തലമുടിയുള്ളവൾ പതിയും=പററുന്ന. തൈജസകീടപംക്തി=മിന്നാമിനുങ്ങുകൾ എന്നു താല്പര്യം

സമീപത്തുള്ള കാട്ടുമുല്ലകളിൽ നിന്നു കാററിൽ പറന്നു വരുന്ന പുഷ്പങ്ങൾപോലെ മിന്നാമിനുങ്ങുകൾ ദേവിയുടെ തലയിൽ പറന്നുപററിക്കൊണ്ടിരിക്കുന്നു. ഇതു സീതയുടെ നിസ്സംജ്ഞതയെ ദ്യോതിപ്പിക്കുന്നു. അലങ്കാരം ഉപമ.

൬. പുരിവാർകുന്തളരാജി=സീതയുടെ കേശപാശം. തരുവാടി=മരത്തോട്ടം. താരാപഥഭാഗം=നക്ഷത്രങ്ങളോട്ടുകൂടിയ ആകാശമണ്ഡലത്തിൻെറ ഏകദേശമെന്നു താല്പര്യം. മുൻപറഞ്ഞ അലങ്കാരം ഇതിൽ അനുവർത്തിക്കുന്നു. ഈ രണ്ടുപദ്യങ്ങളുംകൊണ്ടു സീതയുടെ ആ വനഭാഗത്തിലുള്ള ഇരിപ്പും പര്യന്താവസ്ഥയും കവി വെളിപ്പെടുത്തുന്നു.

൭. ഉടയാടത്തളിർ=തളിരുപോലെയുള്ള ഉടയാട. (ചേല)വിടപങ്ങൾ=ശാഖകൾ.

൮. വിരയാതെ=ചലിക്കാതെ. പരഭാഗകം=എണ്ണതേയ്ക്കാത്തതിനാൽ പരുപരുത്ത കറുനിരക്കൂട്ടം.

Digitized By Kerala Sahitya Akademi

൯. അനതമേനി=സ്വഭാവേന കറഞ്ഞൊന്നു കനിഞ്ഞശരീരമുള്ളവൾ. തെന്നൽ=ഇളംകാററ്.

മേൽപറഞ്ഞ മൂന്നു പദ്യങ്ങളെക്കൊണ്ടു ക്രമേണ ദേവിയുടെ ഇരിപ്പും ഉടുപ്പും മുഖഭാവവും ധ്യാനാനുകൂലമായ ശരീരാവസ്ഥയും കവി വർണ്ണിക്കുന്നു. ഒൻപതാമത്തെ പദ്യത്തിൻെറ ഉത്തരാർദ്ധത്തിൽസൂചിപ്പിക്കുന്ന ശ്വാസങ്ങളുടെ ഗതിക്രമങ്ങൾ ആന്തരമായ വിചാരധാരയുടെ ഗതവൈചിത്ര്യത്തെ വിശേഷിച്ചും ദ്യോതിപ്പിക്കുന്നു. മൂന്നു പദ്യത്തിലും അലങ്കാരം സ്വഭാവോക്തി.

൧൦. നിലയെന്നിയെ (അഗാധമായും അസ്ഥിരമായും) അകത്ത്=ഹൃദയത്തിൽ. അലതല്ലുന്ന=തിരയടിക്കുന്ന. ഭാവം=ശോകനിർവേദാദി, വസ്തുവെന്നും. കവിൾത്തടങ്ങൾ=കവിളുകളിൽ—കവിളാകുന്ന തീരങ്ങളിലെന്നും. അലങ്കാരം ശ്ലിഷ്ടപരമ്പരിതരൂപകം.

൧൧. വിചാരഭാഷയിൽ=വിചാരമാകുന്ന ഭാഷകൊണ്ട്, സ്വഗതമായിട്ട് എന്നു താല്പര്യം. മഹാമനസ്വിനി=അതിധീരയായ സീത. ഇതുമുതൽ പദ്യങ്ങൾകൊണ്ട് പ്രസ്തുതത്തെ കവി അവതരിപ്പിക്കുന്നു.

൧൨. വിരയുന്നു=ഉഴലുന്നു. ലോകരഹസ്യം=ജീവിതത്തിൻെറ ആദ്യന്തങ്ങളും ഉദ്ദേശവും എന്നു താല്പര്യം.

൧൩. തിരിയും=ചലിക്കു. രസബിന്ദു=രസമെന്ന ധാതുദ്രവ്യത്തിൻെറ തുള്ളി. ആർത്തി=ഉൽക്കണ്ഠ.

രസബിന്ദുവും, നെന്മണിയും എന്നുള്ള രണ്ടുപമാനവും യഥാക്രമം ഹൃദയത്തിൻെറ അഗാധവും ഉത്താനവുമായ വികാരങ്ങളേയും അവയുടെ നൈരന്തര്യത്തേയും നിർദ്ദേശിക്കുന്നു.

൧൪. ഭുവനത്തിന്=ഭോഗയോഗ്യമായ ബാഹ്യലോകത്തിന്. മോടി=കൃത്രിമമംഗി. കൂട്ടും=വർദ്ധിപ്പിക്കുന്ന. സുഖകാലങ്ങൾ=ഭർത്താവൊരുമിച്ചു സുഖമായി കഴിഞ്ഞ കാലങ്ങൾ എന്നു താല്പര്യം. ധൂർത്ത്=വഞ്ചന. മുഖഹാസങ്ങൾ=മുഖത്തെച്ചിരികൾ—കള്ളപ്പുഞ്ചിരികൾ എന്നു താല്പര്യം. മാഞ്ഞതും=പെട്ടെന്നുകഴിഞ്ഞുപോയതു.

Digitized By Kerala Sahitya Akademi

ഈ ശ്ലോകം നായികയ്ക്കു് ഭോഗങ്ങളിലുള്ള അവിശ്വാസത്തേയും വെറുപ്പിനേയും ദ്യോതിപ്പിക്കുന്നു.

൧൫. തരു=വൃക്ഷം. പത്രം=ഇല. ഇതിലെ പൂർവാർദ്ധംകൊണ്ടു ഭൂമിയുടേയും ഉത്തരാർദ്ധംകൊണ്ടു് ഉൽഭിജലോകത്തിന്റെയും നിയതവും അസ്ഥിരവുമായ സുഖദുഃഖാവസ്ഥകളെ സൂചിപ്പിക്കുന്നു.

൧൬. മൃഗാദിജന്തു=മനുഷ്യനൊഴികെയുള്ള ജന്തുക്കൾ. പഴത്=ഭാരം. എത്തിയാൽ=അനുഭവമായാൽ. ദ്രുതം=വേഗത്തിൽ. കഴിയാം=വിട്ടുപോയേക്കാം. അതു്=അഴൽ. മാനഹേതു=ആത്മാഭിമാനമുള്ളതുകൊണ്ടു്. ഒഴിയാത്ത ആർത്തി=തീരാത്ത ദുഃഖം.

ദുഃഖം ജന്തുക്കൾക്കും, വൃക്ഷലതാദികൾക്കും ഭൂമിക്കുകൂടിയും ഒരുപ്രകാരത്തിൽ സാധാരണമാണെങ്കിലും അവയ്ക്കു് അതു് അസ്ഥിരവും ആത്മാഭിമാനവുമുള്ള മനുഷ്യവർഗ്ഗത്തിനു് സ്ഥിരവും ആണെന്നു് ഈ രണ്ടുപദ്യങ്ങൾകൊണ്ടു് കവി വിവക്ഷിക്കുന്നു. ഇതിൽനിന്നു് നായികയ്ക്കു് അപ്പോഴുമുള്ള മാനഭംഗംനിമിത്തമായ ഹൃദയശല്യവും ശോകവും വെളിവാകുന്നു.

൧൭. സ്ത്രീകൾക്കു് ഇടതുഭാഗം തുടിക്കുന്നതു് പ്രിയസമാഗമസൂചകമാണെന്നു് പ്രസിദ്ധമാണു്. ആ ശുഭനിമിത്തത്തിൽ തനിക്കുള്ള വിരക്തിയെ സീത പുഴപോലെ എന്ന നീചോപമകൊണ്ടു് വെളിപ്പെടുത്തുന്നു. താൻ മനസ്സുകൊണ്ടു് സുഖഭോഗങ്ങളെ നിശ്ശേഷം വെടിഞ്ഞുകഴിഞ്ഞിരിക്കയാൽ ഈ നിമിത്തം നിഷ്ഫലമെന്നു സീത വിചാരിക്കുന്നു. ശ്രീരാമൻ കുശലവന്മാരിൽ നിന്നു് രാമായണകഥ പാടിക്കേട്ടു് സീതയെ സ്മരിക്കുകയും വാല്മീകിയുടെ ആശ്രമത്തിൽ തപസ്സുചെയ്യുന്ന തന്റെ ആ മഹിഷിയെ തിരിയെ വിളിക്കാൻ വിചാരിക്കുകയും ചെയ്യുന്ന സന്ദർഭമാണു് ഈ ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്. അടുത്ത ശ്ലോകത്തിൽ അതിനെ വിവരിക്കുന്നു.

൧൮. മുനി=വാല്മീകി. മനോജ്ഞമായ കാവ്യം. മനോഹരമായ വാല്മീകിരാമായണം. അനുതാപം=പശ്ചാത്താപം.

൧൯. പതിരാഗജങ്ങൾ=ഭർത്തൃസ്നേഹത്തിൽനിന്നുണ്ടാകുന്ന പ്രിയഭാവങ്ങൾ=അനുകമ്പാനുമോദാദിചിത്തവൃത്തികൾ. തുലയുക=

Digitized By Kerala Sahitya Akademi

നിശ്ശേഷം നശിച്ചുപോക. ചിന്തയിൽ=ഹൃദയത്തിൽ. ഊന്നുക= ബലമായി പതിയുക. പ്രതിശബ്ദം=പ്രതിധ്വനി.

അനുരാഗവിഷയമായ ചിത്തവൃത്തികളിലുള്ള അനാസ്ഥയെ ഈ ശ്ലോകത്തിൽ സൂചിപ്പിക്കുന്നു. അടുത്തപദ്യത്തിൽ ആ മാന സാവസ്ഥയെ വിവരിച്ചു സ്പഷ്ടതരമാക്കുന്നു.

൨൦. ക്ഷണമാത്രവിയോഗം=അല്പനേരത്തെ വേർപാടുപോ ലും. ഉൾത്തടം=ഹൃദയം. മുറിവാക്കുംപടി=മുറിക്കത്തക്കവ്വം. വാച്ചു ത്=വദ്ധിച്ചതു്. അണലിപ്പാമ്പു്=ഒരുവക പെരുമ്പാമ്പ്. പ്രണയം= സ്നേഹം. വിരഹവികാരങ്ങളാൽ സ്തബ്ധമായിത്തീൎന്ന പ്രണയത്തെ ജീവത്സമായ പെരുമ്പാമ്പിനോടുപമിച്ചിരിക്കുന്നു.

൨൧. ഭാവങ്ങൾ=ഔൽസുക്യസ്മൃത്യാദികൾ.

൨൨. വെണ്മതി=സാക്ഷാൽ രാമചന്ദ്രൻ. സ്മൃതിദൎപ്പണം= സ്മൃതിയാകുന്ന കണ്ണാടി. രാമചന്ദ്രൻ ഇപ്പോൾ ഓൎമ്മയിൽ മാത്രം നിഴലിക്കുമാറായിരിക്കുന്നു.

൨൩. വ്രതചര്യ=വ്രതാനുഷ്ഠാനം. ആത്മവിദ്യാ=തത്വജ്ഞാ നാഭ്യാസം. അഴൽ=സാധാരണദുഃഖങ്ങൾ. അവമാനശല്യം=അവമാ നിച്ചതിനാലുള്ള വേദന.

തപസ്സുകൊണ്ടും ശാസ്ത്രജ്ഞാനംകൊണ്ടുംസിദ്ധിച്ച വിവേക ശക്തിയാൽ സാംസാരികമായ സകലദുഃഖങ്ങളും വിസ്മൃതപ്രായമാ യി എങ്കിലും ഭത്താവു് എന്നെ അവമാനിച്ചതിനാലുള്ള വേദന യെ മറക്കാൻ കഴിയുന്നില്ല. എന്നു താല്പൎയ്യം.

൨൪. അന്നു്=കാട്ടിൽ പരിത്യജിച്ച കാലത്തു്. നിഷ്ക്രിയ= പ്രതിക്രിയ. ത്യാഗാനന്തരം പുത്രന്മാരിൽനിന്നുളവായ സുഖത്തെ സീ ത സ്മരിക്കുന്നു.

൨൫. അർഭകർ=കുട്ടികൾ. മനുഷ്യജീവിതത്തെ ഒരു ദീർഘ രോഗമായും സന്താനസൌഖ്യം സ്വല്പംമാത്രം ആശ്വാസം നൽകുന്ന ഒരു സൌഖ്യമായും സീത സങ്കല്പിക്കുന്നു. അവരെക്കൂടി വെടിഞ്ഞു്

Digitized By Kerala Sahitya Akademi

ജീവിച്ചിരിക്കുന്നതു് ദുസ്സഹമെന്നു് ഇതിൽ നിന്നു ധ്വനിക്കുന്നു. ഈ അഭിപ്രായത്തെത്തന്നെ താഴെ തുടൎന്നു വിവരിക്കുന്നു.

൨൩. സ്ഫുടതാരകൾ=തെളിഞ്ഞ നക്ഷത്രങ്ങൾ. കൂരിരുട്ടിൽ ചന്ദ്രനില്ലാത്ത രാത്രിയിൽ എന്നുതാല്പൎയ്യം വിശേഷങ്ങൾകൊണ്ടു് സാമാന്യത്തെ സമൎത്ഥിയ്ക്കുന്നു. അലങ്കാരം. അൎത്ഥാന്തരന്യാസം.

൨൭. നിയതി=വിധി. സുഖദുഃഖങ്ങളുടെ പരസ്പരാനുവൎത്തനത്തെയും നിയതിയുടെ മാതൃഭാവത്തെയും ഈ പദ്യംകൊണ്ടു് സൂചിപ്പിക്കുന്നു.

൨൮. വിഷമങ്ങൾ=ദുൎഗ്ഗമങ്ങൾ മുൻശ്ലോകത്തിലെ അഭിപ്രായത്തെ ഈ പദ്യത്തിൽ തുടൎന്നു വൎണ്ണിച്ചിരിക്കുന്നു.

൨൯. ഏകമാം=ഒരേ ഒരു ഭാവം മാത്രമായിരിക്കാം- മഹാമതിമത്തുകൾ=മഹാത്മാക്കളായ ജ്ഞാനികൾ.

ഒരേമനോഭാവം തന്നെ നിമിത്തഭേദങ്ങളെ ആശ്രയിച്ചു് സുഖദുഃഖങ്ങളായി പരിണമിച്ചേക്കാം. അതുകൊണ്ടു് യഥാൎത്ഥത്തിൽ അവ തോന്നൽ മാത്രമായുംഇരുന്നേക്കാം. അതുകൊണ്ടായിരിക്കാം മഹാത്മാക്കൾ സുഖദുഃഖങ്ങളിൽ തുല്യഭാവനയോടെ വൎത്തിക്കുന്നതായി കാണപ്പെടുന്നതു് എന്നുതാല്പൎയ്യം.

൩൦. വിനയാന്തസുഖം=ദുഃഖപൎയ്യവസായിയായ സുഖമെന്നു താല്പൎയ്യം. ഈൎഷ്യ=ഗുണാസഹിഷ്ണുത.

സുഖത്തെത്തുടൎന്നു ദുഃഖംവരുത്തുന്നതു് വിധിക്കു് മനുഷ്യനോടുള്ള അസഹിഷ്ണുതകൊണ്ടാണെന്നു് സിദ്ധവൽകരിച്ചിട്ടു് സീത സുഖത്തെ വെറുക്കുകയും ദുഃഖത്തെ വരിക്കുകയും ചെയ്യുന്നു. മുൻ പദ്യത്തിൽ സൂചിപ്പിച്ച മഹാത്മാക്കളുടെമന:സ്ഥിതിതനിക്കു സിദ്ധിച്ചിട്ടില്ലാത്തതിനാൽ ദുഃഖനിവൃത്തിക്കായി ഈ ഉപായം സ്വീകരിച്ചതാണെന്നു താല്പൎയ്യം.

൩൧. ഏതുദുഃഖവും ക്രമേണസഹ്യമായിരിക്കുകയും സുഖമായി പരിണമിക്കയും ചെയ്യാമെന്നു് ഈപദ്യത്തിൽ സീത നിൎണ്ണയിക്കുന്നു.

Digitized By Kerala Sahitya Akademi

൩൨. ശുഭാശുഭങ്ങൾ=സുഖദുഃഖങ്ങൾ. വിശ്രാന്തി=വിശ്രമം. ഇരുപക്ഷം=കറുത്തപക്ഷവും വെളുത്തപക്ഷവും.

ആത്മാവു് മാറിമാറിവരുന്ന ഒഴിയാത്ത സുഖദുഃഖാനുഭവങ്ങളോടുകൂടി ശുക്ലകൃഷ്ണപക്ഷങ്ങളിൽ വൃദ്ധിക്ഷയങ്ങളോടുകൂടിയ ചന്ദ്രനെന്നപോലെ എന്നും ഈ ലോകത്തിൽ ഉഴന്നുകൊണ്ടിരിക്കുമായിരിക്കാം.

൩൩. മോഹം=സൃഷ്ടിരഹസ്യത്തെ മറച്ചുനില്ക്കുന്ന അജ്ഞാനം. ജീവി=ആത്മാവു്.

൩൪. സുഖദുർഗ്ഗം=മോക്ഷസുഖത്തിന്റെ കോട്ട. കൈ=ഈശ്വരശക്തി എന്നർത്ഥം. വ്യഥയാംവഴിയൂടെ=ദുഃഖമാകുന്ന ഏളുപ്പമാർഗ്ഗത്തിലൂടെ. അമ്പിനാൽ=കാരുണ്യത്താൽ.

൩൨-ാമത്തെ പദ്യംകൊണ്ടു് ആത്മാവിനു് സംസാരം നിത്യമായിരിക്കാമെന്നും ൩൩-ാമത്തേതുകൊണ്ടു് പ്രകൃത്യാതന്നെ ഒരിക്കൽ മോക്ഷംവരുന്നതാക്കാമെന്നും പ്രകൃതപദ്യംകൊണ്ടു് ദുഃഖമാർഗ്ഗത്തിലൂടെ പരിപക്വമായ ആത്മാക്കൾക്കു് ഈശ്വരൻ ശീഘ്രത്തിൽ ഗതിനൽകിയേക്കാമെന്നും സീത ശങ്കിക്കുന്നു.

൩൫. വിന=ദോഷം. മുൻപറഞ്ഞ പദ്യംകൊണ്ടു് തനിക്കു വന്ന കഷ്ടത തന്റെ ഭാവിനന്മയ്ക്കായിരിക്കുമെന്നു സിദ്ധാന്തിച്ചുകൊണ്ടു് അതിൽ ആദ്യംതോന്നിയ വൈമനസ്യം മനസ്സിനു സഹജമായുള്ള ഭീരുതകൊണ്ടാണെന്നു് ഈ പദ്യത്തിൽ സമർത്ഥിക്കുന്നു. അലംകാരം ഉപമ.

൩൬. സ്ഫുടമാക്കി=തുറന്നുപറഞ്ഞു. മന്നവൻ=ശ്രീരാമൻ. വെടിവാൻ=കാട്ടിൽ ഉപേക്ഷിച്ചുകളയാൻ.

ലക്ഷ്മണൻ രാമന്റെ ശാസനത്തെ കാട്ടിൽവെച്ചു വെളിപ്പെടുത്തിയപ്പോൾ സീതയ്ക്കു പെട്ടെന്നുണ്ടായ അവസ്ഥ ഈ പദ്യത്തിൽ വർണ്ണിച്ചിരിക്കുന്നു.

൩൭. മൃതി=മരണം. വേണ്ടുകിലും=ആവശ്യപ്പെട്ടു എങ്കിലും സ്വഹത്യയിൽ=ആത്മഹത്യചെയ്യുന്ന കാര്യത്തിൽ. മതി=ബുദ്ധി.

Digitized By Kerala Sahitya Akademi

ഗർഭചിന്ത=സന്തതിയെക്കുറിച്ചുള്ള വിചാരം. അതിവിഹ്വല=ഏററവും പരവശ. ഹതി=ദുർവിധിപ്രഹരണം. മുമ്പൊന്നുതഴമ്പ്=മുൻപെ ഉണ്ടായ വിരഹദുഃഖത്തിന്റെ തഴമ്പ്.

൩൭. ഉന്മാദം=ചിത്തഭ്രമം. അതിനാൽ=ആ ചിത്തഭ്രമത്താൽ. അതിഭാരം=ദുസ്സഹമായ ഭാരം.

ശോകത്തിന്റെ ദുസ്സഹത നീങ്ങാനായി ഞാൻ ചിത്തഭ്രമത്തെക്കൂടി പ്രാൎത്ഥിച്ചിരുന്നു എന്നു താല്പൎയ്യം.

൩൮. ആ വ്യാധി=ആ ചിത്തഭ്രമരോഗം. കരണക്ഷതി=ഇന്ദ്രിയവൈകല്യം. അലംകാരം അൎത്ഥാന്തരന്യാസം.

൪൦. മാനിയാ=ആഗ്രഹിക്കില്ല. ഗുണപുഷ്പവാടി. ഗുണങ്ങളാകുന്ന പുഷ്പങ്ങൾക്കു ആരാമംപോലെയിരിക്കുന്ന തന്റെ ബുദ്ധി എന്നു താല്പൎയ്യം. കാട്ടുകരങ്ങ്=കാട്ടുകരങ്ങുപോലെയുള്ള ആ ബുദ്ധിഭ്രമം. വിണ്ടവേണു=പിളൎന്നുപോയ വീണമുള.

കാട്ടിലെ കാറെററു പോയമുള്ള മുളകൾ സദാ ശബ്ദിക്കുന്നപോലെ നിയമമില്ലാതെ എന്തെങ്കിലും പുലമ്പിക്കൊണ്ടിരിക്കുന്ന ശോചനീയമായ ഉന്മാദാവസ്ഥ എന്നു താല്പൎയ്യം. അലംകാരം രൂപകാതിശയോക്തി, ഉപമ, പൎയ്യായോക്തി ഈ അലങ്കാരങ്ങൾക്കു സംസൃഷ്ടി.

൪൧. സ്പഷ്ടം.

൪൨. അഘം=പാപം. ചരിയാതെ=ചായാതെ. ശുഭം=മംഗളം. കുലത്തിന്=സൂൎയ്യകുലത്തിന്. സന്താനലാഭമുണ്ടായി എന്നു താല്പൎയ്യം. ഇപ്പരിപാകം. സീതയ്ക്കു സ്വതേതന്നെ ബോദ്ധ്യമുള്ള ആത്മാവിന്റെ പരിപക്വാവസ്ഥ.

൪൩. കാർ=മേഘങ്ങൾ, ദുഃഖസ്മരണകൾ എന്നു താല്പൎയ്യം ഹൃദയാങ്കണങ്ങൾ=വിചാരശക്തിയുടെ പുരോഭാഗങ്ങൾ, ഹൃദയത്തിന്റെ മുററങ്ങൾ എന്നും. ഈയൽ=മഴപ്പാററകൾ.

പെട്ടെന്നു ഹൃദയം പൂൎവ്വസ്മരണകളാൽ അധികമധികം വ്യാകുലമായിതീരുന്നതിനെ ഈ പദ്യത്തിൽ വൎണ്ണിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

൩൩. സ്മൃതിധാര=സ്മരണയുടെ പ്രവാഹം. ഉപേക്ഷ=തടസ്ഥാവസ്ഥ. തമോവൃതി=തമസ്സിൻെറ മറവു്. സ്ഫുരിക്ക=പ്രകാശിക്ക. ജുഷ്ടു=വസന്തൾ.

മുൻപദ്യത്തിൽ പറഞ്ഞ പൂർവ്വസ്മരണകളുടെ ആവിർഭാവത്തെ ഇതിൽ വിവരിച്ചിരിക്കുന്നു. അലങ്കാരം ഉപമ.

൩൪. അകം തെരിയും=ഉള്ളുവിള്ളുന്നോ എന്നു തോന്നുംവണ്ണം. ദുസ്സഹവിചാരം നിറഞ്ഞ.

സീതയെ കാട്ടിൽവിട്ടു യാത്രപറയുന്ന ലക്ഷ്മണൻെറ തല്ക്കാലാവസ്ഥയെ ഇതൽ ഉല്ലേഖിച്ചിരിക്കുന്നു. അലങ്കാരം ഉപമ, ഉൽപ്രേക്ഷ സ്വഭാവോക്തികൾക്ക അംഗാംഗിഭാവസങ്കരം.

൩൫. അതിധീരൻ=ഏററവും ധൈര്യമുള്ളവൻ. അമേയശക്തി=മഹാപരാക്രമി. അമ്മതിമാൻ=ബുദ്ധിമാനായ ലക്ഷ്മണൻ.

ശക്തനും യോഗ്യനും നിത്യപരിചിതനുമായ ലക്ഷ്മണൻ തന്നെ അത്ര ദുഃഖാവിഷ്ടനായതിൽനിന്നു് ഞാൻ നിർദ്ദോഷിയെന്നു് തെളിയുകയാൽ എൻെറ ശോകാവേഗം കറെ കുറഞ്ഞു എന്നു താല്പര്യം. അലങ്കാരം പരികരകാവ്യലിംഗങ്ങൾക്ക സങ്കരം.

൩൬. വനപത്തനഭേദചിന്ത=കാടെന്നും വീടെന്നുമുള്ള വിചാരം. അനഘൻ=പരിശുദ്ധൻ. തമ്പി!=അനുജ!

ഇതുമുതൽ തുടൻ ഏഴു പദ്യങ്ങളെക്കൊണ്ടു് ലക്ഷ്മണൻെറ സ്വഭാവവിശേഷത്തേയും യോഗ്യതയേയും അദ്ദേഹത്തിൽ സീതയ്ക്കുള്ള വാത്സല്യാതിശയത്തേയും മററും വർണ്ണിക്കുന്നു.

൩൭. ഗിരികാനനഭംഗി=മലകളുടേയും കാടുകളുടേയും ശോഭ. പരിചര്യാവ്രതനിഷ്ഠ=ശുശ്രൂഷാവ്രതത്തിലുള്ള സ്ഥിരത. അലങ്കാരം, കാവ്യലിംഗം.

൩൮. മറിച്ചും=എന്നിൽ കുററം ആരോപിച്ചും. കടിപം=വിഷമം. കർമ്മവിപാകം=കർമ്മഫലം.

ലക്ഷ്മണൻ പഞ്ചവടിയിൽവെച്ചു് സീതയെ ഒട്ടവിൽ പിരിഞ്ഞുപോയതു് സീത അദ്ദേഹം തന്നിൽ അനുരക്തനാണെന്നു് ശങ്കി

Digitized By Kerala Sahitya Akademi

ച്ചു കൊള്ളിവാക്കു പറഞ്ഞതു കേട്ടിട്ടായിരുന്നു. ലങ്കാവാസംകൊണ്ടു തനിക്കു പാതിവ്രത്യഭംഗംവന്നതായി ശങ്കിക്കപ്പെട്ട സീതയെ കാട്ടിൽ നാടുകടത്തുകയാണു് ഇപ്പോൾ ലക്ഷ്മണൻചെയ്യുന്നതു്. നിർദ്ദോഷികളിൽ കുററം ആരോപിക്കുന്നതിൻെറ പാപഫലംസ്വയം ഒരിക്കൽ അനുഭവമായിതീരുമെന്നു് സീത ഇതിൽനിന്നു മനസ്സിലാക്കുന്നു. അലംകാരം അർത്ഥാന്തരന്യാസം.

൭൦. അനിയന്ത്രിതഃ=അനിവാര്യം. കമാർഗ്ഗം=ദുർമ്മാർഗ്ഗം.

അലങ്കാരം, കാവ്യലിംഗം.

൭൧. കര=അതിരു്.

൭൨. വെമ്പൽ=ഉൽകണ്ഠ. കൂറു്=സ്നേഹം.

ലങ്കയിൽവെച്ചു് ലക്ഷ്മണനു് ഇന്ദ്രജിത്തുമായി ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ പ്രതിക്ഷണം വർദ്ധിച്ചുകൊണ്ടിരുന്ന തൻെറ ഉൽകണ്ഠയാലാണു് ഭർത്തൃസഹോദരനായ അദ്ദേഹത്തിലുള്ള സ്നേഹത്തിൻെറ അഗാധതയെ സീത പൂർണ്ണമായിമനസ്സിലാക്കിയതെന്നു താല്പര്യം.

൭൩. മുനി=വാല്മീകി. കാട്ടിടും (ശ്രീരാമൻെറ മുമ്പാകെ കാണിക്കുന്ന) അനസൂയവിശുദ്ധഃ=അസൂയ ഇല്ലാത്തതുകൊണ്ടു് പരിശുദ്ധമായിരിക്കുന്നതു്. ആനന്ദസരിത്ത്=ആനന്ദമാകുന്ന നദി.

ഇതു് ശ്രീരാമൻ കുശലവന്മാരെ പുത്രന്മാരാണെന്നു് ആ ദിവസം അറിഞ്ഞതായി സങ്കല്പിച്ചുകൊണ്ടു് സീത നിർദ്ദേശിക്കുന്നതാകുന്നു. അലംകാരം, കാവ്യലിംഗരൂപകങ്ങൾക്കു സംസൃഷ്ടി.

൭൪. ഇടർ=വിപത്തു്. ഗുണോൽകരം=ഗുണസഞ്ചയം.

സീത സമാഗമം തീരെ കാംക്ഷിക്കുന്നില്ലെന്നു്, ഇതിൽനിന്നു വീണ്ടും വ്യക്തമാകുന്നു.

൭൫. ഉറയും=പററും.

ലക്ഷ്മണൻ പിരിഞ്ഞുപോയതിൽപിന്നെ സീതയ്ക്കുണ്ടായ ദുഃഖമൂർച്ഛയേയും ആ അവസ്ഥയുടെ സ്വഭാവത്തേയും മററും ഇതുമു

Digitized By Kerala Sahitya Akademi

തൽ ൯൭-വരെയുള്ള പദ്യങ്ങളെക്കൊണ്ടു് വർണ്ണിക്കുന്നു. അലംകാരം ഉപമാസ്വഭാവോക്തികളുടെ സങ്കരം.

൯൩. അസ്ഥിതി=മൂർച്ഛാവസ്ഥ. അലങ്കാരം, ഉൽപ്രേക്ഷ.

൯൪. പക=വൈരം. തമസ്സ്=മൂർച്ഛ. അലങ്കാരം. സ്വഭാവോക്തിരൂപങ്ങളുടെ സങ്കരം

൯൫. അലസാംഗം=കോമളമായ ശരീരം. ഘനഗർഭദുർവ്വഹം=പൂർണ്ണഗർഭത്താൽ ഭാരമേറിയതു്. കണ്ടകാകലം=മുള്ളുകൾ നിറഞ്ഞതു്. കീടം=പുഴു.

സീതമൂർച്ഛയെ ഇങ്ങിനെ സ്തുതിക്കുന്നതിൽനിന്നു് അതിന്റെ അടുത്ത അവസ്ഥയായ ദേഹത്യാഗത്തെ വരിക്കാൻപോകുന്നു എന്നു ധ്വനിക്കുന്നു.

൯൬. പെരുമാരി=കാലവർഷം. ശരത്തു്=ശരൽകാലം. പരം=അനന്തരം. പരവിദ്യാനിധി=വേദാന്തശാസ്ത്രകുശലനായ വാല്മീകി എന്നു താല്പര്യം.

പരിത്യക്തയായ സീത കാട്ടിൽ മൂർച്ഛിച്ചുകിടക്കുമ്പോൾ വാല്മീകി അവിടെ എത്തിയ സംഭവം ഇതിൽ വർണ്ണിച്ചിരിക്കുന്നു. അലങ്കാരം. ഉപമാപര്യായോക്തികളുടെ സംസൃഷ്ടി.

തനിക്കുണ്ടാകാൻപോകുന്ന ആധ്യാത്മികമായ സംസ്കാരാതിശയത്തേയും തജ്ജന്യമായി ജീവിതത്തിനുണ്ടാകുന്ന മാററത്തേയും ഈ പദ്യം സ്പഷ്ടമായി സൂചിപ്പിക്കുന്നു.

൱൦. അകളങ്കം=കളങ്കംകൂടാതെ. പിതൃപ്രിയൻ=പിതാവായ ജനകരാജാവിന്റെ ഇഷ്ടൻ.

ജനകനും വാല്മീകിയും ഒരുപോലെവേദാന്തപാരംഗതന്മാരും മിത്രങ്ങളുമായിരുന്നു എന്നു പ്രസിദ്ധമാണു്.

൱൧. മതിമേരു=ബുദ്ധിവൃത്തിയിൽ. മൃഗതൃഷ്ണ=മരുമരീചിക (കാനൽജലം) ശാന്തി=നിർവികാരാവസ്ഥ.

പ്രപഞ്ചം ബുദ്ധിയിൽ കാനൽജലംപോലെയുള്ള ഒരു തോന്നൽ മാത്രമാണെന്നും അതിനെ അറിഞ്ഞു് സുഖദുഃഖങ്ങളിൽ അശേ

Digitized By Kerala Sahitya Akademi

ഷം മമതാബന്ധം കൂടാതെ എല്ലാം വിസ്മരിച്ച് വികാരരഹിതമായിരിക്കുന്ന ആത്മാവസ്ഥയാണ് മോക്ഷമെന്നും യുക്ത്യനുഭവങ്ങൾകൊണ്ട് വർണ്ണം എന്നൊരു പറഞ്ഞ് മഹർഷി ആശ്വാസപ്പെടുത്തിയെന്നു താല്പര്യം.

൩൨. വാല്മീകിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ സീതയ്ക്കു സ്വയമേ തോന്നിയ ആശ്വാസത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു. നഗരവാസത്തിലെ ക്ലേശങ്ങളിൽനിന്നു തനിക്കു മോചനംലഭിച്ചതായിത്തോന്നി എന്നു സാരം. അഹങ്കാരം, സന്ദേഹം.

൩൩. സ്വകപോലവെളിച്ചം=തങ്ങളുടെ കവിൾത്തടത്തിന്റെ പ്രകാശം. മുനീന്ദ്രയോഷമാർ=താപസസ്ത്രീകൾ. ഉടജം=പർണ്ണശാല.

തന്നെ യാതൊരുപ്രകാരമുള്ള ഇർഷ്യയോടും കൂടാതെ സ്വീകരിച്ച നിർമ്മലസ്വഭാവകളായ താപസസ്ത്രീകളുടെ മാഹാത്മ്യത്തെ ഇതുമുതൽ ൩൮ വരെയുള്ള പദ്യങ്ങളെക്കൊണ്ട് സീത അനുസ്മരിക്കുന്നു.

൩൪. സരളസ്നേഹരസം=നിർമ്മലസ്നേഹമാധുര്യം. ഈ പദ്യത്തിൽ അവരുടെ സ്നേഹഗുണത്തെ വർണ്ണിക്കുന്നു.

൩൫. അനലാർക്കവിധുക്കൾ=അഗ്നിസൂര്യചന്ദ്രന്മാർ. ഘനം=സാന്ദ്രം. ആസ്തികബുദ്ധി=ഈശ്വരവിശ്വാസം.

ഋഷിപത്നിമാരുടെ ഈശ്വരവിശ്വാസത്തിന്റെ സ്വഭാവം ഇതിൽ വിവരിക്കുന്നു.

൩൬. ശ്രുതി=വേദം. പ്രയതാത്മാക്കൾ=തപസ്വിനികൾ. ഋഷിപ്രസൂതിമാർ=ഋഷിമാരുടെ അമ്മമാർ. ഋഷിപ്രോക്തങ്ങളെന്നും. വിഹിതാവിഹിതങ്ങൾ=വിധിനിഷേധങ്ങൾ. ആചാരനിദർശനങ്ങൾ അനുഷ്ഠാനങ്ങളാകുന്ന ഉദാഹരണങ്ങൾ.

൩൭. ഇതിഹാസപുരാണസൽകഥാശ്രുതി=ഇതിഹാസപുരാണങ്ങളിലെ സൽകഥകളെ സംബന്ധിച്ച പ്രസംഗപ്രവാഹം. ജീ

Digitized By Kerala Sahitya Akademi

വിതഭൂ=ജീവിതമാകുന്ന ഭൂമി. ചേതനാലത=ആത്മാവാകുന്ന വള്ളി. പുഷ്പഫലങ്ങൾ=ഇഹപരസുഖങ്ങൾ എന്നു താല്പര്യം.

ഈ രണ്ടുപദ്യങ്ങളെക്കൊണ്ടു് അവരുടെ ആചാരശുദ്ധിയേയും സാത്വികമായ പ്രേരണാബലത്തേയും വർണ്ണിക്കുന്നു.

൩൯. വ്രതി=തപോനുഷ്ഠാനതല്പരൻ. നിർവൃതി=മോക്ഷം. ശുദ്ധരാഗമാർ=പരിശുദ്ധമായ സ്നേഹമുള്ളവർ. പതിദേവതമാർ=ഭർത്താവിനെ ഈശ്വരനെന്നു വിചാരിക്കുന്ന സാധ്വിമാർ. ഭോഗമായ=നിസ്സാരമായ വിഷയസുഖം.

ഇതിൽ അവരുടെ വിഷയസുഖവൈമുഖ്യത്തേയും പരിശുദ്ധമായ ഭർത്തൃസ്നേഹത്തേയും വർണ്ണിച്ചിരിക്കുന്നു.

൩൯. സ്മൃതി=ധർമ്മശാസ്ത്രം. വിസൃതം മറക്കപ്പെട്ടതു്. ശ്രുതി=വേദം. കാലാബ്ധി=സമുദ്രംപോലെ വിസ്തീർണ്ണമായ ഭാവികാലം. അണ്ടുപോക=മുങ്ങിമറഞ്ഞുപോക. അതിപാവനശീല=അതിപരിശുദ്ധമായ സ്വഭാവവും നടത്തയും. ധന്യം=കൃതാർത്ഥം.

ജ്ഞാനവും ആചാരശുദ്ധിയും കൊണ്ടു് ഇവർ ജീവിച്ചിരിക്കുന്ന ശ്രുതിസ്മൃതികൾതന്നെയാണെന്നു താല്പര്യം.

൬൦. കനിവു്=കരുണ. വനിതാമൌലികൾ=സ്ത്രീരത്നങ്ങൾ അനിവാര്യവിരക്തി=സ്ഥിരവൈരാഗ്യം. രൂക്ഷർ=പരുഷശീലന്മാർ. ആർദ്രത=സ്നേഹരസം.

൭൧. ഗുണചിന്തകൾ=പദാർത്ഥങ്ങളുടെ ധർമ്മങ്ങളെപ്പററിയുള്ള തത്വചിന്തകൾ. ജഗത്രയം=മൂന്നുലോകം. തൃണം=നിസ്സാരം. മതിമാൻ=ബുദ്ധിശാലി. മഹാകവി=ആദികവിയായ വാല്മീകി. കൊററി=ക്രൌഞ്ചപക്ഷി. ഘൃണ=അനുകമ്പ. ഇതു് മുൻപദ്യത്തിൽ പറഞ്ഞതുവേഴ്ച. നിമിത്തം=കാരണം.

സ്വതേ നിസ്സ്നേഹന്മാരായ മുനിമാർ സ്നേഹശീലന്മാരാകുന്നതും വസ്തുവിവേചനത്താൽ പ്രപഞ്ചത്തെ മുഴുവൻ മിത്ഥ്യയായി കാണുന്ന വാല്മീകിതന്നെ കാട്ടാളനെയ്തുവീഴ്ത്തിയ ക്രൌഞ്ചമിഥുനത്തെക്കണ്ടു് അനുകമ്പാകുലിതനായി കവിത എഴുതാനാരംഭിച്ചതും സ്നേഹശീലകളായ ഇവരുടെ സഹവാസത്തിന്റെ ഫലമാണെന്നു് ഈ ര

Digitized By Kerala Sahitya Akademi

ണ്ടുപദ്യങ്ങളാൽ സീത സമത്ഥിക്കുന്നു. ഈ രണ്ടുശ്ലോകത്തിലും അലങ്കാരം കാവ്യലിംഗം.

൧൨. പടുശച്യുമിഷക്ക്=വിദഗ്ദ്ധനായ ശസ്ത്രവൈദ്യൻ. ഋണബദ്ധ=കടപ്പെട്ടവൾ=ഉപകാരസ്മരണയുള്ളവൾ എന്നത്ഥം.

ഇവരോടുള്ള സമാഗമത്താൽ എന്റെ ത്യാഗം എനിക്കനുഗ്രഹമായി പരിണമിച്ചു എന്നുസാരം. ഉപമാലങ്കാരം.

൧൩. രാഗം=വിഷയതൃഷ്ണ. പുരിയിൽ, നഗരങ്ങളിൽ എന്നു താല്പര്യം. ആത്മജീവിതം=തങ്ങളുടെ ജീവിതം. കരിയും ചാമ്പലുമാക്കിടുന്നു. മലിനമാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു എന്നു താല്പര്യം.

ആശ്രമജീവിതത്തെ വണ്ണിച്ചശേഷം സീതനഗരജീവിതത്തെ ദൂഷിക്കുന്നു. നിഷ്കളങ്കയായ തന്നെ ദോഷാരോപണംചെയ്തു ബഹിഷ്കരിപ്പാൻ കാരണമായതു നാഗരികസ്വഭാവത്തിന്റെ നികൃഷ്ടതയാണല്ലോ. അലങ്കാരം, രൂപകം.

൧൪. ദുർവ്വൃതിയാനശക്തി=വ്യഭിചാരപ്രസക്തി.

൧൫. നിജദോഷനിദർശനാന്ധമാർ=തന്റെ ദോഷങ്ങളെതന്നെ ദൃഷ്ടാന്തമായെടുത്തു് അന്യരേയും അപ്രകാരംതന്നെ കരുതി വിവേകശൂന്യകളായി കഴിയുന്നവർ. സുജനാചാരം=സജ്ജനങ്ങളുടെ ഉൽകൃഷ്ടമായ നടത്ത. രുജ=വേദന. കന്മഷവ്രജം=പാപസമൂഹം കാമലബാധ=കാണുന്നതൊക്കെ മഞ്ഞനിറത്തിൽ തോന്നുന്ന ഒരു രോഗവിശേഷം. അലങ്കാരം രൂപകം.

൧൬. ചിത്തഗുഹാന്തകീടം=മനോഗുഹയുടെ അററത്തു പററിയിരിക്കുന്ന പുഴവു്. ദുജ്ജനപാപചേതന=ദുർജ്ജനങ്ങളുടെ പാപിഷ്ഠമായ ആത്മാവു്. ഈ പദ്യംമുതൽ നാഗരികസാമാന്യജനങ്ങളുടെ ദുസ്സ്വഭാവത്തെ സീത ദൂഷിക്കുന്നു. അലങ്കാരം ഉപമാ രൂപകങ്ങൾക്കു സങ്കരം.

൧൭. വിഷയസ്പൃഹ=ഭോഗേച്ഛ. നാഗം=സപ്പം. ഉൾത്തൃഷ=അന്തർദ്ദാഹം. അഗ്ഗ്രഹ=പൂവ്വശ്ലോകത്തിൽ പ്രസ്താവിച്ചഗ്രഹ

Digitized By Kerala Sahitya Akademi

വിഷവഹ്നി=വിഷജ്വാല. ഏഷണി എന്നത്ഥം. അലങ്കാരം രൂപകവും രൂപകാതിശയോക്തിയും.

൭൮. ഖലർ=ദുർജ്ജനങ്ങൾ. വനകൂപപംക്തി=കാട്ടുകിണറുകൾ. പുഷ്പലതാവിതാനം=പുഷ്പലതകളുടെ പടപ്പ്.

ഇതിൽ നഗരവാസികളുടെ അവിശ്വസനീയതയെ വർണ്ണിച്ചിരിക്കുന്നു.

൭൯. വിധുകാന്തി=ചന്ദ്രിക. മധു=തേൻ. മധുരാക്ഷരങ്ങൾ=ചഞ്ചാരവാക്കുകൾ. അതിഭീഷണപൌരഹൃത്=അതിഭയങ്കരമായ പൌരന്മാരുടെ ഹൃദയം. ചതിരക്ഷോവരചാരർ=ചതിയാകുന്ന രാക്ഷസാധിപൻെറ ഒററുകാർ. അലങ്കാരം രൂപകം.

൮൦. ഖലജിഹ്വ=നുണപറയുന്നവരുടെനാവു്. വൈരിവനം=ശത്രുക്കളാകുന്ന കാട്. വിഭാവന, ഉപമ, രൂപകം ഈ അലങ്കാരങ്ങൾക്കു സങ്കരം.

൮൧. നൃപഗാഢവിചിന്തനം=രാജാവിൻെറ ഗാഢമായ പര്യാലോചന. അപരോക്ഷീകൃതം=(പ്രജകളുടെ അറിവിനായി) പ്രസിദ്ധീകൃതം. കൃത്യം=രാജ്യകാര്യം. അപഥം=അന്യായമാർഗ്ഗം. ഉപജാപം=നുണ. നാഗരികന്മാരെ സാമാന്യമായി ദൂഷിച്ചശേഷം രാജാക്കന്മാരെ പ്രത്യേകമായി ഉപാലംഭിക്കുകയും അതിൽ അയോദ്ധ്യാധിപതികളുടെ നടപടികളെ പൃഥക്കരിച്ചുകാണിക്കുകയും ചെയ്യുന്നു. മന്ഥരയുടെ നുണയും ശ്രീരാമൻെറ അഭിഷേകവിഘ്നവും ഈ പദ്യത്തിൽ സാമാന്യേന ദ്യോതിപ്പിച്ചിരിക്കുന്നു.

൮൨. സുപരീക്ഷിതം=നല്ലവണ്ണം പരിശോധിച്ചറിഞ്ഞതു്. രാഗം=സ്നേഹം. കൃപണോക്തികൾ=അല്പബുദ്ധികളുടെ ഏഷണികൾ. അപകൃത്യം=നിന്ദ്യകൃത്യം.

ശ്രീരാമൻെറ സീതാപരിത്യാഗത്തെ ഇതിൽ സാമാന്യേന സൂചിപ്പിക്കുന്നു.

൮൩. മുടി=രാജ്യാഭിഷേകം എന്നു താല്പര്യം. ജടി=ജടകെട്ടിയതാപസൻ. തൽകുമാരർ=അവരുടെ പുത്രന്മാർ. ദോഹദം=ഗർഭം.

Digitized By Kerala Sahitya Akademi

മേൽപദ്യത്തിൽ സാമാന്യേന സൂചിപ്പിച്ച അകൃത്യങ്ങൾ ഇതിൽ സ്ഫുടതരമായി വിവരിച്ചിരിക്കുന്നു. ദശരഥൻ രാമനെ വനവാസത്തിന്നയച്ചതും രാമൻ ഗർഭിണിയായ സീതയെ കാട്ടിൽ കളഞ്ഞതുമാണു് വിവക്ഷിതം.

വൃ൬. സ്മൃതിവായു=ഒടുവിൽപറഞ്ഞ സംഭവത്തിന്റെ സ്മരണയാകുന്ന കാററു്. ഹൃത്തിലെദഹനജ്വാല=ശോകാഗ്നിജ്വാല എന്നു താല്പര്യം. സഹസാ=പെട്ടെന്നു്. പുടപാകരീതി=ധാതുദ്രവ്യങ്ങളെ മൂശയിൽവെച്ചു ശുദ്ധമാക്കുകയോ ഭസ്മമാക്കുകയോ ചെയ്യുന്ന ക്രമം. നിഹനിപ്പൂ=ധ്വംസിക്കുന്നു ഹതം=നഷ്ടസാരം.

സീത തന്റെ ത്യാഗത്തെക്കുറിച്ചു വീണ്ടും സ്മരിക്കുകയും അപ്പോഴും ഉദ്വേഗജനകമായ ആ സംഗതിയെപ്പററി വിമർശിക്കയും ചെയ്യുന്നു.

വൃ൭. ശ്രുതികേട്ട=ധർമ്മിഷ്ഠന്മാരെന്നു പ്രസിദ്ധിസമ്പാദിച്ച വ്യതിയാനം=നിഷിദ്ധാചരണം. ക്ഷതി=നാശം. ധർമ്മഗതി=ധർമ്മമാർഗ്ഗം. ക്ഷിതി=ഭൂമി. ശിഷ്ടർ=സജ്ജനങ്ങൾ. അനിവാര്യം=ജീവിപ്പാൻ കൊള്ളാത്തതു്.

രാമോപാലംഭത്തെ സീത ഈ പദ്യത്തിൽ സാമാന്യേന ഉപക്രമിക്കുന്നു. അലംകാരം കാവ്യലിംഗം.

വൃ൮. വിരക്തി=വെറുപ്പു്. ഒളിവായ്=രഹസ്യമായ്. കോസലവാസികളായ പ്രജകൾ അറിയാതെ എന്നുതാല്പര്യം.

രാവണവധാനന്തരം ലങ്കയിൽവെച്ചു് രാമൻ സീതയുടെചാരിത്ര്യത്തെ സംശയിച്ചിരുന്നു. അപ്പോൾതന്നെ ഉപേക്ഷിച്ചുകളയാതെ സ്വീകരിക്കയും അധികകാലം കഴിഞ്ഞു് ഗർഭിണിയായി തീർന്നശേഷം സ്വരാജ്യത്തിൽ ജനസമക്ഷം പരസ്യമായി ഉപേക്ഷിക്കയും ചെയ്തതു് ഒന്നുകൊണ്ടും ശ്ലാഘ്യവും യുക്തവുമല്ലെന്നു താല്പര്യം. അലങ്കാരം. അപ്രസ്തുത പ്രശംസ.

വൃ൯. പ്രണയാനുബന്ധം=സ്നേഹബന്ധം. പാശം=കയറ്. വശമാക്കി=കരസ്ഥമാക്കി. കരുതിക്കഴിയുന്നു=ബലികഴിക്കുന്നു. ധീരമാനിത=ഭാര്യാത്യാഗം ചെയ്യുന്ന ധീരൻ എന്നുള്ള മിഥ്യാഭിമാനം.

Digitized By Kerala Sahitya Akademi

രാമനെപ്പോലെ ഭാൎയ്യയെ പരിത്യജിക്കുന്ന പുരുഷന്മാർ സ്നേഹനിമിത്തമായി അവരനുഭവിക്കുന്ന ക്ലേശത്തെപ്പററി അശേഷം അറിയുന്നവരല്ലെന്നു സാരം. അലങ്കാരം രൂപകം.

൮൮. ഇതരേതരസക്തർ=അന്യോന്യം അനുരാഗത്താൽ കെട്ടപ്പെട്ടവർ. ഗൃഹവ്രതബന്ധുക്കൾ=ഗൃഹസ്ഥാശ്രമവൃത്തിയിൽ സഹകാരികളായ ദമ്പതിമാർ. ശങ്ക=ചാരിത്ര്യവിഷയമായ സംശയം.

ഈ ശങ്ക മനുഷ്യന്റെ ഭയങ്കരമായ ഒരു ദോഷമാണെന്നു താല്പൎയ്യം. അലങ്കാരം വ്യതിരേകം.

൮൯. ശ്രുതിമന്ദാരം=ധൎമ്മശാസ്ത്രമാകുന്ന കല്പകവൃക്ഷത്തിന്റെ മനോഹരമായ പൂവ്. അധഃപതിക്ക=അധോഗതിയെ പ്രാപിക്ക.

വിവാഹത്തിന്റെ മാഹാത്മ്യത്തെ, വിശ്വാസമില്ലാത്ത ദമ്പതിമാർ എത്ര നിസ്സാരമായി കരുതുന്നു എന്നു താല്പൎയ്യം.

൯൦. വിധി=ശാസ്ത്രവിധി. ലാക്ക്=ഉദ്ദേശ്യം. പിണയാം=യുദ്ധംചെയ്യാം. പുരുഷദോഷം=കൎത്താവായ മനുഷ്യന്റെ മനോഗതമായ ദോഷം. ക്ഷണം=ശീഘ്രത്തിൽ. വിപരീതവൃത്തി=പ്രതികൂലാചരണം. തുണയെന്യേ=നിരാലംബമായി. അപ്രമാണം=പ്രമാണമല്ലാത്തത്.

ശാസ്ത്രവിധികൾ സദുദ്ദേശത്തോടുകൂടിയവയാണെങ്കിലും അവയെ അനുഷ്ഠിക്കേണ്ടവർ സ്വന്തമനോദോഷങ്ങളാൽ പ്രതികൂലമായി പ്രവൎത്തിക്കുകയും അങ്ങനെ വേഗത്തിൽ ശാസ്ത്രങ്ങളുടെ പ്രാമാണ്യം തന്നെ നശിച്ചുപോകയും ചെയ്യുന്നു. രാമനെപ്പോലെയുള്ള ശിഷ്ടപുരുഷന്മാർ അപ്രകാരം ചെയ്യുന്നതു് തീരെ ഗൎഹ്യമെന്നു താല്പൎയ്യം.

൯൧. പടുരാക്ഷസചക്രവൎത്തി=മഹാസമർത്ഥനും രാക്ഷസന്മാരുടെ ചക്രവൎത്തിയുമായ രാവണൻ.

രാവണനു് തന്നെ കാമിക്കാൻ സന്ദർഭംകൊടുത്തതു താനല്ലെന്നും താനൊരിക്കലും അവന്റെ കാമത്തിനു വഴിപ്പെട്ടില്ലെന്നും അതുകൊണ്ടു രാമൻതന്നെ ശിക്ഷിച്ചതുതീരെ അനുചിതമെന്നും താല്പൎയ്യം.



Digitized By Kerala Sahitya Akademi

൯൨. ചരിതവ്യം=കൎത്തവ്യം. നിജപ്രജാമതം=തന്റെ പ്രജകളുടെ അഭിപ്രായം.

ജനങ്ങളുടെ ഹിതം അനുസരിച്ചു് രാജാവായ രാമൻ എന്നെശിക്ഷിപ്പാൻ ബദ്ധനായരാണെന്നു് പറകയാണെങ്കിൽ അതു ശരിയല്ല. ജനങ്ങളിൽ പല അഭിപ്രായക്കാരുമുണ്ടാവാം. അതിനെപ്പററി ശരിയായി വിചാരണചെയ്തു് തീരുമാനിച്ചിട്ടുള്ളതല്ലല്ലൊ.

൯൩. അക്ഷികൾ=കണ്ണുകൾ. ഘനമേറും=തടിച്ച. ഖലജിഹ്വ=ഖണയന്മാരുടെ നാവു്—സ്വന്തകണ്ണിനാൽ കണ്ട സംഗതിയെതന്നെയും സാമൎത്ഥ്യമുള്ള ഖണയന്മാർ മറിച്ചുപറഞ്ഞു സമൎത്ഥിക്കും എന്നു താല്പൎയ്യം. ജനവാദം=ജനശ്രുതി. അപാൎത്ഥം=അൎത്ഥശൂന്യം. അനഘാചാര=പരിശുദ്ധമായ നടത്തയുള്ളവൾ.

ഖണയന്മാർ ഏതും പറഞ്ഞു സാധിക്കുമെന്നും ജനവാദത്തെ വിശ്വസിച്ചു് ഒരിക്കലും അധികൃതന്മാർ ഒന്നും പ്രവൎത്തിച്ചുകൂടെന്നും അതുകൊണ്ടു രാമന്റെ കൃത്യ, ഒരിക്കലും ക്ഷന്തവ്യമല്ലെന്നുംതാല്പൎയ്യം.

൯൪. ലക്ഷ്മി=രാജത്വം. തരം=വേഗം. നിഷ്ക്രപം=അനുകമ്പകൂടാതെ. സവിത്രി=അമ്മ (കൈകേയി) നരനാഥൻ=രാജാവു്, രാമനെന്നൎത്ഥം. ജനചിത്തം=ജനാഭിപ്രായം.

ജനങ്ങളുടെ അഭിപ്രായം പോലയെ പ്രവൎത്തിക്ക എന്ന നിർബന്ധംതന്നെ രാമനില്ലെന്നും, കൈകേയി അഭിഷേകം മുടക്കിയകാലത്തു സകലജനങ്ങളും തടുത്തിട്ടും രാമൻ വനത്തിൽപോയില്ലെ എന്നും, അതുകൊണ്ടു് സീതാവിഷയത്തിൽമാത്രം ഇങ്ങനെ പ്രവൎത്തിച്ചതു് ഒട്ടും ന്യായമായില്ലെന്നും സാരം.

൯൫. അതു്=ജനങ്ങളുടെ അഭിപ്രായത്തിന വിപരീതമായിവനത്തിൽ പോയതു്. സത്യപരായണത്വം=സത്യതല്പരത, അച്ഛന്റെ സത്യത്തെ പരിപാലിപ്പാനുള്ള ഔത്സുക്യം എന്നു താല്പൎയ്യം. ഇതു=സീതാത്യാഗം. ധൎമ്മവ്യസനിത്വം=സദാചാരതല്പരത. ചാരിത്ര്യത്തിൽ സന്ദിഗ്ദ്ധയായ ഭാൎയ്യയെ സ്വീകരിക്കുന്നതിലുള്ള പാപശങ്ക എന്നു താല്പൎയ്യം. ചതുരന്മാർ=യോഗ്യന്മാർ. ചാപലങ്ങൾ=ദൌർബല്യകൃതങ്ങളായ ദോഷങ്ങൾ.

Digitized By Kerala Sahitya Akademi

രാമൻെറ കൃത്യം ഒന്നുകൊണ്ടും സമാധേയമല്ലെന്നുംകവയം അ ബദ്ധംതന്നെയെന്നും വീണ്ടും ഈ പദ്യംകൊണ്ടു് സ്ഥാപിക്കുന്നു.

൯൬. മുൻപു്=രാവണവധം കഴിഞ്ഞുവന്നപ്പോൾ. സാവ്ഭൌമി=ചക്രവത്തിനി. മനുവംശാംകുരഗർഭം=മാനവംശത്തിൻെറ സന്തതിയായഗർഭം.

ലങ്കയിൽനിന്നു മടങ്ങിവന്ന ഉടനെ അനുമോദപൂർവം എന്നെ പട്ടമഹിഷിയായി അഭിഷേകംചെയ്തു ജനങ്ങൾ അതിനുശേഷം ഞാൻ കിരീടാവകാശിയായ സന്താനത്തെ ഗർഭം ധരിക്കുമ്പോൾ അപവാദം പറവാൻ തുടങ്ങി എങ്കിൽ അതുതന്നെ ബുദ്ധിയുള്ള രാജാവിന്നു് സംശയിക്കത്തക്ക സംഗതിയല്ലയൊ എന്നു സാരം.

൯൭. നയമായ്=ഉപചാരരൂപമായി, വാസ്തവമല്ലാതെ എന്നു താല്പൎയ്യം. ചിരവന്ധ്യ=വളരെക്കാലം പ്രസവിക്കാതിരുന്നവൾ. അഭ്യസൂയകൾ=അസൂയയുള്ള ജനങ്ങൾ എന്നു താല്പൎയ്യം. അപവാദശസ്ത്രം=അപവാദമാകുന്ന ആയുധം.

ഭർത്താവൊന്നിച്ചു് പത്തുപന്ത്രണ്ടുകൊല്ലം അയോദ്ധ്യയിലും പതിമ്മൂന്നുവർഷം വനത്തിലും താമസിച്ചിട്ടു് ഗർഭം ധരിക്കാത്ത ഞാൻ വന്ധ്യയായിരിക്കാമെന്നു കരുതി എൻെറ പട്ടമഹിഷീസ്ഥാനം അന്നനുവദിച്ചുവല്ലവരും ഗർഭദർശനത്തിൽ അസൂയവർദ്ധിച്ചു് എൻെറ സന്തതിക്കു് രാജ്യം കിട്ടാതിരിക്കത്തക്കവണ്ണം ഈ അപവാദംഉണ്ടാക്കിവിട്ടതാണെന്നു വിചാരിച്ചാലെന്താണു് എന്നു താല്പൎയ്യം.

൯൮. പരശങ്കാവിലം=ശത്രു എന്ന ശങ്കയാൽ കലങ്ങിയതു്. നരകരമഷചിന്ത=മനുഷ്യരുടെ മേൽപ്രകാരമുള്ള ദുരൂഹങ്ങൾ. തീണ്ടുവാൻ=സ്പർശിക്കുവാൻ. ധവളീഭവിക്ക=ശുദ്ധനിർമ്മലമായിതീരുക.

ഭരതൻ സന്നാഹത്തോടുകൂടി ചിത്രകൂടത്തിൽ രാമനെ തിരിയെ വിളിക്കാൻ എത്തുന്ന സന്ദർഭത്തിൽ കൈകേയീപ്രേരിതനായിട്ടു് അദ്ദേഹം അവിടെനിന്നുംകൂടി രാമനെ ഓടിച്ചുകളവാൻ വരികയാണൊ എന്നു് രാമലക്ഷ്മണന്മാർ ശങ്കിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് മേൽപറഞ്ഞ രാജ്യതന്ത്രസംബന്ധമായ കൃത്രിമവിചാരങ്ങൾക്കു് രാ

Digitized By Kerala Sahitya Akademi

ന്റെ ഹൃദയത്തിൽ തീരെ സ്ഥാനമില്ലെന്നു പറയാവുന്നതല്ലെന്നു സാരം.

൯൯. പതിയാംപരദേവത=ഭർത്താവാകുന്ന ഇഷ്ടദേവത. മതിയർപ്പിച്ചു=ബുദ്ധിയെ നിവേദനംചെയ്തു. ക്ഷതി=ദോഷം.

ഇതുമുതൽ സ്നേഹധർമ്മത്തെ പുരസ്കരിച്ച് രാമന്റെ കൃത്യത്തെ ഉപാലംഭിക്കുന്നു. ഞാൻ ഭർത്താവിനെ ഈശ്വരനായികരുതി ഹൃദയം തുറന്നു പെരുമാറുന്ന പതിവ്രതയായിരുന്നു. കാര്യാർത്ഥമായി എനിക്കു തന്നെ ദോഷം വരത്തക്കവണ്ണം അദ്ദേഹം പ്രവർത്തിച്ചാലും അറിഞ്ഞുകൊണ്ട് ഞാൻ സമ്മതിക്കുമായിരുന്നു. അതുകൊണ്ട് എന്നോടു വിവരംപറയാതെ എന്നെ ശിക്ഷിച്ചതു് അപ്രകാരമുള്ള സ്നേഹവിശ്വാസങ്ങൾക്ക് തീരെ അടുത്തതല്ലെന്നു സാരം.

൧൦൦. പുടഭേദകം=ഒട്ടിയിരിക്കുന്ന ഇലകളെ വിടുത്തുന്നതു്. ഗുല്മദളങ്ങൾ=ചെടികളുടെ ഇലകൾ.

മേൽപ്രസ്താവിച്ച വിചാരത്തോടുകൂടി സീത പെട്ടെന്നു നിശ്വസിക്കുകയും കണ്ണിൽനിന്ന് അശ്രുക്കൾ പതിക്കുകയുംചെയ്തു. അതു. ചെടികളുടെ ഒട്ടിയിരിക്കുന്ന ഇലകൾക്കുള്ളിൽനിന്ന് ഇളംകാറ്റേറ്റ് മഞ്ഞുതുള്ളികൾ വീഴുന്നതുപോലെതോന്നിയിരുന്നു. അലങ്കാരം,ഉപമ്

൧൦൧. തരളാക്ഷി=ഇളകുന്ന കണ്ണുകളോടുകൂടിയവൾ. സേതു=അണ.

മുൻപദ്യത്തിൽ പറഞ്ഞ ബാഹ്യേന്ദ്രിയവികാരം സീതയുടെ അന്തർഗ്ഗതമായ വിചാരധാരയെ തടുത്തുനിറുത്തുവാൻ ശക്തമായില്ലതന്നെ. ഒഴുക്കിന്റെ മേൽ കാററടിച്ചുണ്ടാകുന്ന ഓളങ്ങളാകുന്ന അണകൾ ഒഴുക്കിനെ തടുത്തുനിറുത്താൻ കഴിയുന്നവയല്ലല്ലോ. അലങ്കാരം: പ്രതിവസ്തൂപമ.

൧൦൨. ഗിരി=മല. ഗഹ്വരം=ഗുഹ. ഉഗ്രം=ഭയംകരം. ഹരി=സിംഹം. ശാർദ്ദൂലം=പുലി. പരിഭീകരസിന്ധു=അതിഭയംകരമായ സമുദ്രം. നികേതം=ഭവനം.

൧൦൩. അഞ്ചുക=ഭയപ്പെടുക.

Digitized By Kerala Sahitya Akademi

൪൫-ാം പദ്യത്തിലെ അഭിപ്രായത്തെ ത്തുടൎന്നു ഞാൻ ഭയപ്പെട്ടുമെന്നു വിചാരിച്ചു് രാമൻ പറയാഞ്ഞതാണെങ്കിൽ അതു ശരിയല്ല. ഞാൻ ദുഃഖങ്ങളെ അനുഭവിച്ചറിഞ്ഞു് ഏററവും ലോകപരിചയം സമ്പാദിച്ചിട്ടുള്ള ഒരു പ്രൌഢസ്ത്രീയാണു്. അതുകൊണ്ടങ്ങനെ പേടിച്ചിട്ടു് തീരെ ആവശ്യമില്ലായിരുന്നു എന്നു സാരം.

൪൰൬. പതിചിത്തവിരുദ്ധവൃത്തി=ഭൎത്താവിന്റെ അഭിപ്രായത്തിനുവിപരീതമായി പ്രവൎത്തിക്കുന്നളു്. ജാനകി=സീത, രാജൎഷിയായ ജനകന്റെ പുത്രി എന്നു താല്പൎയ്യം. മഹോദധി=സമുദ്രം. ജാഹ്നവി, ജഹ്നുമഹൎഷിയിൽ നിന്നുൽപന്നയായ ഗംഗ.

ഭയപ്പെട്ടുമെന്നു വിചാരിച്ചിട്ടല്ല, അനുസരിക്കാതിരിക്കുമെന്നു വിചാരിച്ചിട്ടാണു് എന്നോടു പറയാതിരുന്നതെങ്കിൽ അതും ശരിയല്ല. പവിത്രകുലജാതയായ ഒരു പതിവ്രത ഭൎത്താവിന്റെ ആജ്ഞയെ അനുസരിക്കയില്ലെന്നു് എങ്ങനെ വിചാരിപ്പാൻ കഴിയും.

൪൰൭. അപകീൎത്തിഭയാന്ധൻ=അപകീൎത്തിയിലുള്ള ഭയം കൊണ്ടു് വിവേകം നശിച്ചുപോയവൻ. നിജചരിക്ഷാളനതല്പരൻ=തന്നെ ദുഷ്കീൎത്തിയിൽനിന്നു മോചിപ്പിക്കാൻ ബദ്ധപ്പെടുന്നവൻ. കൃപണോചിതവൃത്തി=അല്പന്മാൎക്കുള്ള തൊഴിൽ. ദൃഢമാക്ക=സ്ഥിരീകരിക്ക.

മാനിയായ രാമൻ തന്റെ അപമാനത്തെ ക്ഷാളനംചെയ്വാൻ ബദ്ധപ്പെട്ടെന്നെ ശിക്ഷിച്ചതാണെങ്കിൽ ആ കൃത്യംകൊണ്ടുതന്നെ എന്റെ കുററം സ്ഥിരീകരിക്കപ്പെട്ടു എന്നുള്ള വസ്തുകൂടി അദ്ദേഹം വിചാരിക്കേണ്ടിയിരുന്നില്ലേ. ഇതെത്ര കഷ്ടമായിപ്പോയി എന്നു താല്പൎയ്യം.

൪൰൮. അപരാധി=കുററക്കാരൻ. ദണ്ഡിയാതെയാം=ശിക്ഷിക്കാതെ മാപ്പുകൊടുത്തേക്കാം. സംശയം=തെളിവിലുള്ള സന്ദേഹം: ധാൎമ്മികൻ=ധൎമ്മിഷ്ഠനായ അധികൃതൻ എന്നു താല്പൎയ്യം. അപകല്മഷ=നിരപരാധ.

തെളിവിൽ സംശയംവന്നാൽ ധൎമ്മബുദ്ധിയുള്ള ന്യായാധിപന്മാർ കുററം ചെയ്തവൎക്കുതന്നെ മാപ്പുകൊടുക്കാറുണ്ടു. നിരപരാധി

Digitized By Kerala Sahitya Akademi

യായ എനിക്കു ശ്രീരാമൻ കഠിനശിക്ഷനൽകിയിരിക്കുന്നു. അതിൽ പാപഭയമെങ്കിലും അദ്ദേഹത്തിനു തോന്നിയില്ലല്ലൊ എന്നു താല്പര്യം.

൮൭. അതിവത്സല=അത്യന്തം സ്നേഹമുള്ളവൾ. കൊതി=ഗർഭകാലത്തെ അഭിലാഷം. അതിലെ=ആ കാര്യംവഴി.

ചിന്തിക്കാൻകൂടി വയ്യാത്ത ക്രൂരതയും വിശ്വാസഭംഗവുമാണി തെന്നു താല്പര്യം.

൮൮. ജനകാജ്ഞ=ദശരഥന്റെ കല്പന. അനയൻ=നീതികെട്ടവൻ. തന്നതാജ്ഞ=തന്റെ കല്പന. ഇരയാക്കി=ബലികൊടുത്തു.

വനവാസത്തിൽകൂടി അദ്ദേഹത്തെ പിന്തുടന്ന സ്ത്രീയായ എന്നെ അസഹായയായി കാട്ടിൽ അടിച്ചുകളഞ്ഞതു നീതികേടെന്നു മാത്രമല്ല നന്ദികേടുകൂടിയാണു്. ഈ അഭിപ്രായത്തെതന്നെ അടുത്ത പദ്യത്തിൽ വിവരിക്കുന്നു.

൮൯. ഇതരേതരഭേദം=പരസ്പരഭേദം. നില്ക്കുക=നില്ക്കട്ടെ. അതിനെപ്പററി പറയേണ്ട എന്നു താല്പര്യം. ശ്രുതം=രാമനെ സംബന്ധിച്ചു പ്രസിദ്ധം. കൃതജ്ഞഭാവം=നന്ദി. ഹതമാക്ക=നശിപ്പിച്ചു. ഹതാശ=നിരാശയായ സീത.

൯൦. രുജ=ക്ലേശം. പ്രജ=സന്തതി. മക്കൾ എന്നു താല്പര്യം. സുജനാഗ്രണി=ശിഷ്ടന്മാരിൽ അഗ്രഗണ്യൻ. നിജഗർഭം=ഗർഭസ്ഥമായ തന്റെ സന്താനത്തെ എന്നു താല്പര്യം.

മറെറാന്നുമില്ലെങ്കിൽ ജന്തുസഹജമായ സന്താനസ്നേഹമെങ്കിലും അദ്ദേഹത്തെ തടുത്തില്ലല്ലൊ.

൯൧. ശ്വശുരൻ=ഭത്താവിന്റെ അച്ഛനായ ദശരഥമഹാരാജാവു്. ബഹുയജ്ഞദീക്ഷ=വളരെ പുത്രകാമേഷ്ടിയാഗങ്ങളുടെ അനുഷ്ഠാനം. അശുഭം=പ്രതിബന്ധമായ പാപം. പിതൃനോക്തി=തനയന്മാരുടെ വാക്കു്. ശിശുലാഭോത്സവം=പുത്രജനനത്തിലുള്ള സന്തോഷം. ഉന്മഥിക്ക=നശിപ്പിച്ചുകളയുക.

Digitized By Kerala Sahitya Akademi

തന്റെ സുഖത്തെ മാത്രമല്ല കുലത്തിന്റെ നിലനില്പ്പിനേയുംകൂടി വിസ്മരിച്ചു് അപ്രകാരം ചെയ്തതു് അവിവേകമെന്നു താല്പര്യം.

൧൯൨. നിഷ്കരുണം=ദയകൂടാതെ. ശൂദ്രയോഗി=ശംബൂകനെന്ന ശൂദ്രമുനി. മയക്കി=വ്യാമോഹിപ്പിച്ചു. തരുണീപാദജഗർഹിണി=സ്ത്രീ ശൂദ്രന്മാരുടെ സ്വാതന്ത്ര്യാവകാശങ്ങളെ തിരസ്കരിക്കുന്നതു്. ശ്രുതി, ധർമ്മശാസ്ത്രം എന്നു താല്പര്യം.

രാമന്റെ അവിവേകംസംബന്ധിച്ച മറെറാരു പ്രധാനതെളിവു് സൂചിപ്പിക്കുകയും അതു ധർമ്മശാസ്ത്രങ്ങളെ അക്ഷരാർത്ഥമായി അനുഷ്ഠിപ്പാൻ തുടങ്ങിയതിന്റെ ദോഷഫലമാണെന്നു് ഇതിൽ ഊഹിക്കയും ചെയ്തിരിക്കുന്നു.

൧൯൩. സഹജാർദ്രത=സ്വാഭാവികമായ പ്രാണിസ്നേഹം. ധർമ്മം=സദാചാരം. മഹനീയാത്മഗുണങ്ങൾ=ഉൽകൃഷ്ടമായ മനോഗുണങ്ങൾ. സഹധർമ്മിണി=ധർമ്മപത്നിയായ സീത. സഹസാ=പൊടുന്നനെ.

രാമന്റെ ഉൽകൃഷ്ടമായ മനോഗുണങ്ങളെല്ലാം സീതയ്ക്കുമുൻപു തന്നെ അദ്ദേഹത്തെ വിട്ടുപിരിഞ്ഞുപോയിരിക്കണം എന്തെന്നാൽ അതിനുശേഷം രാമൻ ചെയ്തതൊക്കെ ഇപ്രകാരമുള്ള ഓരോ അവിവേകങ്ങളാണു് എന്നു താല്പര്യം.

൧൯൪. വനഭൂവ്=പഞ്ചവടീവനം. ഘനഗർഭാതുര=പൂർണ്ണഗർഭഭാരംകൊണ്ടു് ഖിന്നയായ. എൻമൃഗാംഗന=ഞാൻ വളർത്തിയ മാൻപേട. അക്ഷിപഥത്തിൽ=ദൃഷ്ടിമാർഗ്ഗത്തിൽ. നനയും=അശ്രുക്കളാൽ ആർദ്രമാകുക പതിവായിരുന്നു. മൽപ്രിയൻ=എന്റെ പ്രിയതമനായ രാമൻ.

വനവാസകാലത്തു് ഗർഭിണിയായിരുന്ന എന്റെ മാൻപേടയോടുംപോലും ദയാലുവായിരുന്ന രാമൻ എന്നിൽ ഇത്ര ക്രൂരമായിപ്രവർത്തിച്ചതു് അദ്ദേഹത്തിന്റെ അന്തരംഗത്തിൽ ഉണ്ടായ വലിയ മാററത്തിന്റെ ഫലമാണെന്നു് സീത അനുചിന്തനം ചെയ്യുന്നു.

൧൯൫. അതികോമളം=ഏററവും സുകുമാരം. ക്ഷിതിപാല

Digitized By Kerala Sahitya Akademi

കപട്ടബന്ധം=രാജകിരീടം തലയിൽ വഹിച്ചതെന്നു താല്പൎയ്യം. മതി=ബുദ്ധി. കഠോരം=പരശ്ശയുടെ പുറംപോലെ കഠിനം.

രാജ്യകാൎയ്യങ്ങൾ തലയിൽ കേറിയാൽ സ്നേഹസംബന്ധമായ മാൎദ്ദവംപോയി ഹൃദയം പരുഷമായി തീരുമായിരിക്കാം എന്നു സീത ഊഹിക്കുന്നു. അലംകാരം പൂൎവ്വാൎദ്ധത്തിലും. ഉത്തരാൎദ്ധത്തിലും ഉപമ.

൧൪൬. നിയതം=നിശ്ചയം. അന്യാദൃശഹാൎദ്ദം=അന്യാദൃശമായ പ്രണയം. വിദഗ്ദ്ധത്വം=പ്രഭുത്വം. പരമാൎത്ഥസൌഹൃദം=വാസ്തവസ്നേഹം.

മുൻപുപറഞ്ഞ അഭിപ്രായത്തെ ഇതിൽ അനുഭവംകൊണ്ടും ഊഹംകൊണ്ടും ഉറപ്പിച്ചുപറയുന്നു.

൧൪൭. നിയമങ്ങൾ=നിത്യാനുഷ്ഠാനങ്ങൾ. ഗോദാവരി=പഞ്ചവടിയിൽക്കൂടി ഒഴുകുന്ന ഗോദാവരിനദി. തടങ്ങൾ=തീരപ്രദേശങ്ങൾ.

രാമന് മുൻപുണ്ടായിരുന്ന സ്നേഹാതിശയത്തെ പൂൎവ്വകഥകളിൽനിന്നു സീത അനുസ്മരിക്കുന്നു.

൧൪൮. വിവിക്തലീല=വിജനസ്ഥലത്തിലുള്ള വിനോദം. ഗതഗൎവ്വർ=പരസ്പരാഭിമാനമില്ലാത്തവർ. ഇരുമെയ്യാൎന്നൊരുജീവി=രണ്ടുശരീരത്തോടുകൂടിയുള്ള ഒറ്റപ്രാണി.

പരിശുദ്ധമായസ്നേഹത്തിന്റെ അത്യുൽകൃഷ്ടമായ അഭേദപരിണാമത്തെ അനുഭവംകൊണ്ട് സീത വൎണ്ണിക്കുന്നു.

൧൪൯. നളിനങ്ങൾ=താമരപ്പൂക്കൾ. പുളിനങ്ങൾ=മണൽത്തിട്ടകൾ. കുട്ടിപോൽ എന്ന വിശേഷണം അഭിമാനരാഹിത്യംകൊണ്ടുള്ള പ്രേമത്തിന്റെ പൂൎണ്ണതയെ സവിശേഷം ദ്യോതിപ്പിക്കുന്നു. അലങ്കാരം സ്വഭാവോക്തിയും ഉപമയും.

൧൫൦. ഖഗങ്ങൾ=പക്ഷികൾ. സ്വച്ഛമായപ്രേമവിലാസത്തിന്റെ മൂൎദ്ധന്യാവസ്ഥയെ വൎണ്ണിച്ചുകൊണ്ട് സീത ആ പ്രമേയത്തെ ഉപസംഹരിക്കുന്നു.

Digitized By Kerala Sahitya Akademi

൧൨൧. സഹജാമലരാഗമേ=സ്വാഭാവികമായും പരിശുദ്ധമായുമുള്ള അനുരാഗമെ. മനോഗൃഹ=ഹൃദയഖനി എന്നു താല്പര്യം. സ്ഫുരത്തം=പ്രകാശമാനമായ ഏകരത്നം. മഹനീയം=മാഹാത്മ്യമേറിയതു്. ഉന്മഹം=സന്തോഷപ്രദയായതു്. ആത്മാവു്=ജീവാത്മാവു്. സ്നേഹത്തിന്റെ സ്വരൂപത്തേയും മാഹാത്മ്യത്തെയും ഇതുമുതൽ വർണ്ണിക്കുന്നു. സ്നേഹത്തെ മനസ്സാകുന്ന ഖനിയിൽ വിളയുന്ന അത്യുൽകൃഷ്ടമായ രത്നമായും ജീവാത്മാവു് തന്റെ ഹൃദയത്തിൽ അണിയുന്ന ജാജ്വല്യമാനമായ ദിവ്യഭൂഷണമായും ഇതിൽ വിഭാവനം ചെയ്തിരിക്കുന്നു. ഉല്ലേഖാലംകാരം.

൧൨൨. പുമർത്ഥഹേതു=പുരുഷാർത്ഥങ്ങൾക്കു സാധകം. തരുണീഗുണങ്ങൾ=സ്ത്രീസഹജമായ സൌശീല്യസൌഭാഗ്യാദി സുകുമാരഗുണങ്ങൾ. മരുഭൂ=നിർജ്ജലപ്രദേശം.

സ്നേഹത്തിന്റെ പ്രേരണാശക്തിയേയും മാഹാത്മ്യത്തേയും ഇതിൽ പ്രത്യേകം വർണ്ണിക്കുന്നു.

൧൨൩. നയമാർഗ്ഗചരർ=ധർമ്മമാർഗ്ഗത്തിൽ നടക്കുന്നവർ. പ്രദ=പ്രകാശം. നാകം=സ്വർഗ്ഗം. നയനം=നിയമേന. അയഥായോഗം=വിപരീതഗതി. അസജ്ജനങ്ങൾ=അധർമ്മിഷ്ഠന്മാർ. അനുരാഗത്തിന്റെ പാരത്രികമായ ഗുണദോഷഫലങ്ങളെ ഇതിൽ സൂചിപ്പിച്ചിരിക്കുന്നു.

൧൨൪. മൃതി=മരണം. ക്ഷതി=നാശം. സ്മൃതി=പ്രിയജനത്തെപ്പററിയുള്ള അനുസ്മരണം. പിതൃലോകം=മരിച്ചുപോയ ആത്മാക്കളുടെ ആവാസസ്ഥാനം. സീമ=കോണു്. അശ്രുനിവാപം=കണ്ണുനീരാകുന്ന ജലാഞ്ജലി. പ്രേമത്തിന്റെ അനശ്വരസ്വഭാവത്തെ ഇതിൽ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. അലങ്കാരം=രൂപകം.

൧൨൫. അമർഷം=ദ്വേഷം. പ്രതിമല്ലൻ=വിരോധി. പ്രിയതേ=സ്നേഹമെ! രതി=പരസ്പരാസക്തി. ഹതി=ഹിംസ. ഗർവ്വം=ദുരഭിമാനം. അനുരാഗത്തിന്റെ സാക്ഷാൽ ശത്രു ദ്വേഷമല്ലെന്നും ദുരഭിമാനമാണെന്നും സീത അനുമാനിക്കുന്നു.

൧൨൬. സമസൃഷ്ടി=ദമ്പതിമാർ അന്യോന്യം സമന്മാരെന്നുള്ള ഭാവന. സമാർത്ഥചിന്തനം=രണ്ടുപേരുടേയും ഗുണങ്ങളെ അഭേ

Digitized By Kerala Sahitya Akademi

മായി ചിന്തിക്കുന്ന സ്വഭാവം. ക്ഷമ=ചില്ലറവീഴ്ചകളെ അന്യോന്യം പൊറുക്കുന്നശീലം. അന്യോന്യഗുണാനുരാഗിത=ഗുണങ്ങളെപ്പററിയുള്ള പരസ്പരാനുമോദനം. ക്രമമായി=അല്പാല്പമായി. കരണ്ടിട്ടും=നശിപ്പിക്കും. അന്തരഗവ്യമൂഷികൻ=ഉള്ളിൽ കടന്നുകൂടിയ ദുരഭിമാനമാകുന്ന മൂഷികൻ. മേൽപറഞ്ഞ അനുമാനത്തെ ഇതിൽ സ്ഥാപിക്കുന്നു. രൂപകാലംകാരം-

൯൨ വിഭവോന്നതി=ഐശ്വൎയ്യസമൃദ്ധി. കൃത്യവൈഭവം=നിർവ്വഹണശക്തി. ശുഭവിഖ്യാതി=സൽകീൎത്തി. പ്രഭവിഷ്ണുത=യജമാനഭാവം. (സ്വാതന്ത്ര്യാതിശയം) പ്രഭവിക്ക=ഉണ്ടാക. ദുരഹന്ത=ദുരഭിമാനം.

സ്നേഹവൈരിയായ ദുരഭിമാനത്തെ ഇതിൽ വിവരിക്കുകയും അവയുടെ സമഗ്രത രാമന് സിദ്ധിച്ചിരിക്കുന്നതായി വ്യഞ്ജിപ്പിക്കുകയും ചെയ്യുന്നു.

൯൩. അതിമാനിത=മേൽ വൎദ്ധിച്ച ദുരഭിമാനം. ഹതി=താഡനം. പ്രേമവിടക്ക്=സ്നേഹമാകുന്ന ചീപം. സ്തുതി=പ്രശംസ. ഒലി=ശബ്ദം. സാഹസദുൎഗ്ഗമങ്ങൾ=സാഹസങ്ങളാകുന്ന അടുക്കുവാൻ കടക്കുവാൻ പാടില്ലാത്ത സ്ഥാനങ്ങൾ. പതിയാം=വീഴാം.

ദുരഭിമാനംകൊണ്ട് പരിശുദ്ധമായ സ്നേഹം നശിച്ചുപോയവർ കേവലം സ്തുതിപ്രിയന്മാരായി വഴിതെററി അലഞ്ഞുനടന്ന് അപകടങ്ങളിൽ ചെന്നുചാടുമെന്നു സാമാന്യേന നിർദ്ദേശിച്ചുകൊണ്ട് രാമൻ ഇപ്പോൾ ആ അവസ്ഥയിലാണെന്നു സീത വ്യഞ്ജിപ്പിക്കുന്നു. രൂപകാലംകാരം.

൯൪. ഇശ്രുതിദോഷത്തിൽ=എന്നെക്കുറിച്ചുള്ള ഈ അപവാദത്തിൽ. വിരക്തി=ലോകത്തോടു വെറുപ്പ്. ക്ഷിതിവാണിടുക=രാജ്യംഭരിക്ക. സഗർഭ=ഗർഭിണി. സത=പതിവ്രതയായ പട്ടമഹിഷിയെന്നു താല്പൎയ്യം.

പ്രേമധൎമ്മത്തിന്നു വിരുദ്ധമായി രാജാവെന്നുള്ള ദുരഭിമാനം രാമനെ ബാധിച്ചു നിസ്നേഹനാക്കിത്തീൎത്തിരിക്കാമെന്നുള്ള മേൽ സൂചിപ്പിച്ച തൻെറ ഊഹം ശരിയാണെന്നും അല്ലെങ്കിൽ ഗർഭിണി

Digitized By Kerala Sahitya Akademi

യായ സീതയെ ത്യജിച്ചിട്ട് വീണ്ടും രാമൻ രാജാവായിരിപ്പാൻ അഭിലഷിക്കയില്ലെന്നും സീത നിർണ്ണയിക്കുന്നു.

൧൩൦. നിഹതാരികൾ=ശത്രുക്കളെ കീഴടക്കിയവർ, രാമനെപ്പോലെതന്നെ പരാക്രമികളെന്നു സാരം. സഹധർമ്മിണി=ഭാര്യ. ഗഹനം=കാട്.

കാരണാന്തരങ്ങളാൽ മേൽപറഞ്ഞ നിർണ്ണയത്തെ സ്ഥിരീകരിക്കുന്നു.

൧൩൧. പരിശുദ്ധം=പാവനം. വനാശ്രമം=വാനപ്രസ്ഥാശ്രമം, മുനിവൃത്തി എന്നർത്ഥം. ആത്മവിചാരശൈലികൾ=ആദ്ധ്യാത്മചിന്തകളുടെ പരിപാടികൾ.

അപവാദത്തിൽ ഉണ്ടായ നിർവ്വേദത്താൽ രാജ്യം അനുജന്മാരെ ഏല്പിച്ചു് തന്നോടൊന്നിച്ചു രാമൻ കാട്ടിൽപോയി മുനിവൃത്തിയെ ആശ്രയിച്ചു് അവശിഷ്ടകാലം കഴിപ്പാൻ തീർച്ചയാക്കിയിരുന്നുവെങ്കിൽ ധർമ്മത്തിനും സ്നേഹധർമ്മത്തിനും ഉചിതമായിരുന്നുവെന്നും, നേരെമറിച്ചു് തന്നെ ഉപേക്ഷിച്ചുംകൊണ്ടു് രാജാവായിരിക്കുന്നതു് മേൽ സൂചിപ്പിച്ച ദോഷത്തിന്റെ ഫലമാണെന്നും സീത അവസാനമായി സ്ഥാപിക്കുന്നു.

൧൩൨. കശീലൻ=അധമൻ. കറ=ദോഷാരോപണം. മറ=വേദവാക്യം.

സ്നേഹത്തിനു് എത്രതന്നെ ഹാനിതട്ടിയിരുന്നാലും എന്നെക്കുറിച്ചാരെങ്കിലും പറയുന്ന ഇത്ര നീചമായ ദൂഷണത്തിൽ ചെവികൊടുത്തതു് അദ്ദേഹത്തിന്റെ പുരുഷസ്വഭാവത്തിനുതന്നെ ചേർന്നതല്ലെന്നു് സീത ആശ്ചര്യപ്പെടുന്നു.

൧൩൩. ആശരവംശകാനനം=രാക്ഷസവംശമാകുന്ന കാട്. മരു=വെറുംഭൂമി. പുരുഷവ്യാഘ്രൻ=ശൂരപുരുഷൻ. ഇതു്=മേൽ സൂചിപ്പിച്ച ഭാര്യാദൂഷണസഹനം.

സീതയുടെ സ്തനത്തെ സ്പർശിക്കാൻ വന്ന കാക്കയെ രാമൻ പുൽകോൽ പറിച്ചമ്പാക്കി എയ്തുവെന്നു് രാമായണത്തിലൊരുകഥ

Digitized By Kerala Sahitya Akademi

യുണ്ട്. ഭാര്യാവിഷയത്തിൽ തുച്ഛകാര്യത്തിൽക്കൂടി ഇത്ര അഭിമാനമുള്ള ആളും രാക്ഷസവംശത്തെസംഹരിച്ച മഹാവീരനും ആയ രാമന് മേൽ സൂചിപ്പിച്ച കൃപണസ്വഭാവം വരാൻ പാടുണ്ടോ എന്നു സീത ഖേദമായി സംശയിക്കുന്നു. കാവ്യലിംഗരൂപകാലങ്കാരങ്ങൾ.

൱൩൪. അഥവാ=പക്ഷേ. നിജനീതിരീതി=തന്റെ രാജ്യനീതിയുടെ ക്രമം അനുസരിച്ച് കഥ=വാർത്ത. ഒററിനാൽ=ചാരന്മാർവഴിക്കെന്നു താല്പര്യം. പ്രഥമാനയശോധനൻ=വ്യാപിച്ചിരിക്കുന്ന യശസ്സുതന്നെ ധനമായിട്ടുള്ളവൻ. അഭ്രശ്രുതി=എന്നെക്കുറിച്ചു ചാരന്മാർ അറിഞ്ഞ ദുരപവാദം. ഇത്ര വലിയ ഒരു കുററം രാമനിൽ ആരോപിക്കാൻ സാധിക്കാഞ്ഞിട്ട് സീത മറിച്ചു ചിന്തിപ്പാൻ ആരംഭിക്കുന്നു.

൱൩൫. ഉടൻ=അപവാദം ചെവിയിൽ എത്തിയ ക്ഷണത്തിൽ. ധീ=സന്താപാഗ്നിയെന്നുതാല്പര്യം. ധർമ്മശൂരത=ധർമ്മത്തിനുവേണ്ടി എന്തും ചെയ്യുന്നനിഷ്ഠ. സ്ഫുടം=സ്പഷ്ടമായി. തുടരാം=അനുഷ്ഠിച്ചുവെന്നുവരാം.

അപവാദശ്രവണത്തിൽ പെട്ടെന്നുണ്ടായ ഉദ്വേഗത്താൽ അദ്ദേഹം എന്നെ ഉപേക്ഷിപ്പാൻ നിശ്ചയിച്ചതായിരിക്കാം അതിനാലുണ്ടാകുന്ന ആപത്തുകളെപ്പററി അഭിമാനിയായ അദ്ദേഹം അപ്പോൾ ചിന്തിച്ചില്ലെന്നുംവരാം എന്നു താല്പര്യം. അലങ്കാരം ഉല്പ്രേക്ഷാതിശയോക്തിയും സമാസോക്തിയും അർത്ഥാന്തരന്യാസവും.

൱൩൬. വിഷയാധിപധർമ്മം=രാജധർമ്മം. വിഷമിച്ച്=ഗത്യന്തരമില്ലാതെ. വിഷസംക്രമശങ്ക=വിഷംപകരുമെന്നുള്ള ശങ്ക. വിഷഹിക്ക=സഹിക്ക. അംഗകൃന്തനം=അവയവച്ഛേദനം.

മററുപ്രകാരത്തിൽ അകാര്യമാണെങ്കിലും രാജധർമ്മത്തെ പുരസ്കരിച്ച് അദ്ദേഹം ഇങ്ങനെ ചെയ്വാൻ ബദ്ധനായതാണെന്നു പിന്നെയും സ്ഥാപിക്കുന്നു.

൱൩൭. ബലശാലി=ബലവാൻ. വികാരം=ക്ഷോഭം.—ഉദാത്തഹൃദയനായ അദ്ദേഹം സംഗതിയൊന്നും പുറത്തുപറയാതെ ത

Digitized By Kerala Sahitya Akademi

ന്നെ ഉപേക്ഷിക്കയാണു ചെയ്തതെങ്കിലും ഹൃദയത്തിൽ അദ്ദേഹം വളരെ ക്ലേശമനുഭവിച്ചിരിക്കാമെന്നു താല്പര്യം. ദൃഷ്ടാന്താലംകാരം.

൧൨൮. പരകാൎയ്യപരൻ=പരകാൎയ്യത്തിൽ തല്പരൻ. സ്വകൃത്യം=തന്റെ കൎത്തവ്യം. തൂറ്റി=പൊട്ടുന്നതെ. രഘുസൂനു=രാഘവൻ.

രാജാവിന്റെ നിലയിൽ തന്റെ കൎത്തവ്യമായി തോന്നിയ എന്റെ പരിത്യാഗം പെട്ടെന്നു സഭയിൽ പ്രസ്താവിക്കുകയും സത്യസന്ധനായ അദ്ദേഹം ഒടുവിൽ അങ്ങനെ ചെയ്വാൻ നിൎബ്ബന്ധനാകയും ചെയ്തതായിരിക്കണമെന്നു് രാമന്റെ സ്വഭാവത്തിൽ തനിക്കുള്ള പരിചയത്തെ അടിസ്ഥാനമാക്കി സീത പരിച്ഛേദിക്കുന്നു. ഈ അഭിപ്രായം താഴെ സ്ഫുടതരമാക്കുന്നു.

൧൨൯. അരക്കർ=രാക്ഷസന്മാർ. ഹതി=നിഗ്രഹം. ഏററതു്=ഏറ്ററുപറഞ്ഞതു്. ധൃതിയിൽ=ബദ്ധപ്പാടിൽ. ഋശ്യമൂകഭൂവു്. ഋശ്യമൂകപൎവ്വതപ്രദേശം. ബാലിവധപ്രതിജ്ഞ=ബാലിയെ കൊല്ലാമെന്നു് സുഗ്രീവനോടു ചെയ്ത വാഗ്ദാനം.

൧൩൦. ഭാനുമൽകുലചൂഡാമണി=സൂൎയ്യകുലാധിപനായ രാമൻ. കന്ദരം=ഗുഹ.

മഹാശയനായ ഭൎത്താവിന്റെ കാൎയ്യാൎത്ഥമായ സാഹസങ്ങളെ ഗുണബുദ്ധ്യാ ക്ഷമിപ്പാൻ സീതയുടെ മനസ്സു സന്നദ്ധമായി തുടങ്ങുന്നു. വികസ്വരാലങ്കാരം.

൧൩൧. അച്ഛൻ=ദശരഥമഹാരാജാവു്. തൻപ്രിയ=കൈകേയി. അനുതാപാതുരൻ=പശ്ചാത്താപവിവശൻ.

ഈ സാഹസശീലം രാമനു് പരമ്പരാലബ്ധമാണെന്നും അതുകൊണ്ടു് വിശേഷിച്ചും ക്ഷന്തവ്യമാണെന്നും സീത വിചാരിക്കുന്നു. വികസ്വരാലങ്കാരം.

൧൩൨. അജൻ=അജമഹാരാജാവു്. പിതാമഹൻ=മുത്തച്ഛൻ. കാന്താമരണം=റാണിയായ ഇന്ദുമതിയുടെ അപ്രതീക്ഷിതമായമരണം. രുജ=വിരഹദുഃഖം. തൽകുലപ്രജ=അദ്ദേഹത്തിന്റെ കുലസന്താനമായ രാമൻ. തദ്ഗുണശൈലി=അദ്ദേഹത്തിന്റെ പ്രസിദ്ധമായ അനുരാഗഗുണത്തിന്റെ ക്രമം. വരാം=പാരമ്പൎയ്യമായി സംഭവിക്കാം.

Digitized By Kerala Sahitya Akademi

മേൽപറഞ്ഞ സാഹസങ്ങൾ മാത്രമല്ല അന്യാദൃശമായ ഭാൎയ്യാസ്നേഹവും രാമന് കാലക്രമമായി സിദ്ധിച്ചിരിക്കുമെല്ലൊ എന്ന് സീത വിചാരണംചെയ്യുന്നു.

൧൦൫. വികല്പം=സന്ദേഹം. മൽപ്രണയൈകനിഷ്ഠൻ=എന്റെ സ്നേഹത്തിൽതന്നെ നിഷ്ഠയോടുകൂടിയവൻ. വിരഹം=ദീൎഘമായ വിരഹദുഃഖം. മഥിക്കിലും=ക്ലേശിപ്പിക്കിലും. രതി=അഭിലാഷം. മുൻപറഞ്ഞ വിഭാവനയെ കേൾവിയേയും വിശ്വാസത്തേയും അടിസ്ഥാനമാക്കി സീത പരിച്ഛേദിക്കുന്നു.

൧൦൬. ആദ്യവിയോഗവേള=പഞ്ചവടിയിൽവെച്ചുണ്ടായ വിരഹം. ഉന്മാദം=ചിത്തഭ്രമം. രാഗവാൻ=സ്നേഹശീലൻ.

൧൦൭. അതിമാനി=ഏറാവുംപ്രണയകോപമുള്ളവൾ. സാനുശയൻ=പശ്ചാത്താപപ്പെട്ടുന്നരാമൻ.

ഈ വിരഹം എനിക്ക പ്രണയകോപംകൊണ്ടു സഹ്യമാണെന്നും മറിച്ച് രാമന് പശ്ചാത്താപംകൊണ്ട് തീരെ അസഹ്യമാണെന്നും സീത അനുകമ്പിക്കുന്നു.

൧൦൮. അഹഹ!=ആശ്ചൎയ്യം. ഉൾസ്പൃഹ=ഉള്ളിലുള്ള അഭിലാഷം കാഞ്ചനസീത=സ്വൎണ്ണംകൊണ്ടുണ്ടാക്കിയസീതാപ്രതിമ. സഹധൎമ്മിണി=ഭാൎയ്യ. യജ്ഞശാല=യാഗശാല. ഗഹനം=അചിന്ത്യം. സജ്ജനചൎയ്യ=സജ്ജനങ്ങളുടെ നടത്ത.

ഈ സന്ദൎഭത്തിൽ സീത രാമൻ യജ്ഞപത്നിയായി സീതയുടെ പൊൻപ്രതിമവെച്ചിരിക്കുന്ന വിവരം സ്മരിക്കുകയും അദ്ദേഹത്തിന്റെസ്ഥിരപ്രണയത്തെപ്പററി ഏററവുംഅഭിനന്ദിക്കയും ചെയ്യുന്നു.

൧൦൯. സങ്കടം=ഏററവുംവിഷമം. നീതി=രാജനീതി. പരതന്ത്രർ=സ്വാതന്ത്ര്യമില്ലാത്തവർ. മൽപ്രതിമാരാധകൻ=എന്റെ പ്രതിമയെ ആരാധിക്കുന്നവൻ.

ജനാരാധനക്കായി എന്നെ ത്യജിച്ചുവെങ്കിലും എന്നെ പൂൎവ്വാധികം രാമൻ ബഹുമാനിക്കുന്നുവെന്നും രാജ്യനീതി സ്വേച്ഛപോലെ പ്രവൎത്തിക്കാൻ പാടില്ലാതെ ധൎമ്മതല്പരന്മാരായ രാജാക്കന്മാർ വലയുകയാൽ അവരുടെ ശിക്ഷയെപ്പററി പരിഭവിക്കാൻ പാടില്ലെന്നും താൽപൎയ്യം.

Digitized By Kerala Sahitya Akademi

൫൩൯. കവിൾത്തട്ടിമം=കവിൾത്തടം. കണ്ടകോൽഗമം=രോമാഞ്ചം. ലളിതാംഗി=സുന്ദരി. പുളിനം=മണൽതിട്ട. രാമന്റെ സ്ഥിരസ്നേഹത്തെ സംബന്ധിച്ചു മുൻ സൂചിപ്പിച്ച സംഗതികളെ അനുസരിച്ചിട്ട സീതയ്ക്കു് രോമാഞ്ചം ഉണ്ടായതായി ഇതിൽ വർണ്ണിച്ചിരിക്കുന്നു. ഉപമാലംകാരം.

൫൪൦. ഘനം=സാന്ദ്രം. അനുകമ്പ=രാമനോടുള്ള അനുകമ്പാവൃത്തി. അനതിവ്യാകുലം=അതിവ്യാകുലമല്ലാതെ. ജനകാത്മജ=സീത. വനകല്ലോലിനി=കാട്ടാറു്.

സീതയുടെ ചിന്താഗതിപെട്ടെന്നു സ്തംഭിച്ചതിനെയും ഉടനെയുള്ള അനുവർത്തനത്തെയും കവി വർണ്ണിക്കുന്നു. രൂപകാലംകാരം.

൫൪൧. വൻപു=ധീരനെന്നുള്ള നാട്യം. മുറിവു=ക്ഷതം. നീതി=രാജ്യധർമ്മം. അറ=ജയിലെന്നു താല്പര്യം. തടങ്ങൽ=ബന്ധനം.

അല്ലയൊ രാജാവെ, പുറമേ ഗാംഭീര്യംനടിച്ചുകൊണ്ടു് സ്വയംകൃതമായ കഠിനകൃത്യത്തെ ഓർത്തു് തന്നത്താൻ ശപിച്ചുകൊണ്ടു് രാജധർമ്മമാകുന്ന ഇരുട്ടടഞ്ഞ അറയിൽ അത്രു് തടവിലിരുന്നു കഴിക്കയാണെന്നുള്ള സംഗതി ഞാനറിയുന്നു. ഇതു് മുതൽ സീത രാമനെ അനുശോചിപ്പാനും അഭിനന്ദിക്കാനും ആരംഭിക്കുന്നു. അലങ്കാരം രൂപകാതിശയോക്തിരൂപകങ്ങൾ.

൫൪൨. ആത്മവൈഭവം=സ്വാതന്ത്ര്യശക്തി. ചിരബന്ധനം=വളരെക്കാലം കൂട്ടിൽ ബന്ധിച്ചിരിപ്പു്.

രാജാക്കന്മാൎക്കു് എത്രതന്നെ സ്വശക്തിയുണ്ടായിരുന്നാലും പാരമ്പര്യാചാരങ്ങൾ അവരെ സ്തംഭിപ്പിച്ചു് പരാധീനരാക്കും. അതുകൊണ്ടു് തന്റെ വിഷയത്തിൽ രാമനു് സ്വശക്തി ഉപയോഗിക്കാൻ കഴിഞ്ഞില്ല എന്നു താല്പര്യം. ദൃഷ്ടാന്താലംകാരം.

൫൪൩. പ്രിയ=പിടപ്പക്ഷിയെന്നു താല്പര്യം. ചേക്കകൾ=ചേക്കിരിക്കുന്ന ദിക്കുകൾ. ഉൽഗളാന്തൻ=കഴുത്തുപൊക്കി നോക്കുന്നവൻ. പ്രയതൻ=നിഷ്ഠകൊണ്ടു ക്ലേശിക്കുന്നവൻ. ഉഴന്നിടാം=ചുററിത്തിരിയാം.

രാമനെ പഞ്ജരബദ്ധമായ ഒരാൺകിളിയായി അധ്യവസായം ചെയ്തു വർണ്ണിച്ചിരിക്കുന്നു. അലംകാരം രൂപകാതിശയോക്തി.

Digitized By Kerala Sahitya Akademi

൫൩൪. ചിലതിന്നാമി=ചില പക്ഷികളുടെ ശബ്ദം. ചിലതിൻഛായകൾ=ചില പക്ഷികളുടെ നിഴലുകൾ, ഉൽത്തനായ്=ഉൽകണ്ഠിതനായ്. നിലയിൽ=സ്ഥാനംവിടാതെ. ചഞ്ചുപുടങ്ങൾ=ചുണ്ടുകൾ (കൊക്കുകൾ) മുൻപദ്യത്തിലെ അദ്ധ്യവസായം ഇതിൽ തുടൎന്നിരിക്കുന്നു. അലംകാരവും അതുതന്നെ.

൫൩൫. അനിവാൎയ്യാൎത്തി=തീരാത്ത ഉൽകണ്ഠ. ഇതിൽ വിരഹത്തിൻെറ ഉൽകടകോടിയിലുള്ള മാനസാവസ്ഥകളെ വൎണ്ണിച്ചിരിക്കുന്നു.

൫൩൬. മരുവാം=ജീവിക്കാം. ദയിതാവിരക്തൻ=ഭാൎയ്യയിൽ വെറുപ്പുള്ളവൻ. വിയുക്തൻ=വിരഹി. അതുരണ്ടും സാദ്ധ്യമാണെന്നു താല്പൎയ്യം. കൃത്യനിഷ്ഠ=ധൎമ്മത്തിലുള്ള നിഷ്ഠ. ത്യാഗം=വിഷയത്യാഗം. രാമനെപ്പോലെ സ്വസുഖം ത്യജിച്ചു് കൃത്യമനുഷ്ഠിക്കാൻ മററുക്കും സാദ്ധ്യമല്ലെന്നു താല്പൎയ്യം.

൫൩൭. മുടി=രാജകിരീടം. ജനേച്ഛ=പ്രജകളുടെ അഭിപ്രായം. തടി=ശരീരം.

പൂൎവ്വരാജാക്കന്മാർ രാജ്യത്തേയും ശരീരത്തെയും തന്നെ ഉപേക്ഷിച്ചു് പ്രതിജ്ഞപരിപാലിച്ചിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. പ്രജകളുടെ ഹിതംപോലെ രാജ്യം പരിപാലിച്ചു് ജീവിച്ചിരിക്കുന്നകാൎയ്യം അതിനേക്കാൾ ദുഷ്കരമാണു്. അതുകൊണ്ടു് രാമൻ തൻെറ പൂൎവ്വന്മാരെ ഒക്കെക്കാൾ മഹാനാണെന്നു താല്പൎയ്യം.

൫൩൮. യമാദിശിക്ഷ=യമനിയമാദി യോഗാംഗങ്ങളുടെ അഭ്യാസം. വ്രതികൾ=മുനിമാർ ബഹുമാന്യൻ=പൂജ്യൻ. ക്ഷിതിപാലകധൎമ്മദീക്ഷ=രാജധൎമ്മാനുഷ്ഠാനം. അതിവൎത്തിപ്പു=ജയിപ്പു. സമസ്തരാജകം=എല്ലാ രാജസമൂഹത്തേയും. മേൽപറഞ്ഞഅഭിപ്രായം സവിശേഷം ഇതിൽ വിസ്തരിച്ചിരിക്കുന്നു.

൫൩൯. കൃതികൾ=പുണ്യവാന്മാർ. ക്ഷിതിവാസം=ജീവിതം. വിശേഷാത്തരൻ=ഏറെവോൽകൃഷ്ടൻ.

രാമൻെറ ലോകാതിശായിയായ മഹിമയ്ക്കുകാരണം ലോകത്തിനുവേണ്ടി ഏതു കഷ്ടതയും സഹിപ്പാൻ അദ്ദേഹം ഒരിക്കലുംമടിക്കാഞ്ഞതാണെന്നു താല്പൎയ്യം.

Digitized By Kerala Sahitya Akademi

൫൬൦. കൊതി=വിഷയാഭിലാഷം. ഇന്ദ്രിയങ്ങൾ=ചക്ഷുരാദികൾ. നിരാശൻ=പ്രതിബന്ധങ്ങൾകൊണ്ടു് ഇച്ഛാഭംഗപ്പെടുന്നവൻ. മൃതിഭീതി=മരണഭയം. ആ സ്ഥിതി=ആ ഉദരപരായണത്വം. ചിന്തിയാ=ഗണിക്കയില്ല. മനുഷ്യൻ ഭോഗംകൊണ്ടല്ല ത്യാഗംകൊണ്ടാണു് കൃതാർത്ഥനാകേണ്ടതെന്നു താല്പര്യം.

൫൬൧. അതിമാനുഷശക്തി=അലൌകികപരാക്രമശാലി. യതി=യോഗി. യമശാലി=ഇന്ദ്രിയനിഗ്രഹമുള്ളവൻ. ദ്യുതിയേറിയ=പ്രകാശമേറിയ. ധർമ്മദീപം=ധർമ്മരഹസ്യം അനുഷ്ഠാനംകൊണ്ടു പ്രകാശിപ്പിക്കുന്ന വിളക്കു്. അമ്മതിമാൻ=മഹാവിവേകിയായ രാമൻ. മാന്യൻ=അഭിനന്ദനീയൻ. സർവ്വഥാ=എല്ലാ പ്രകാരത്തിലും.

൫൬൨. അതിവിസ്തൃതകാലദേശജസ്ഥിതി=പല പ്രകാരത്തിൽ ഭിന്നമായ കാലാവസ്ഥയും ദേശാവസ്ഥയും. നീതി=രാജ്യനീതിയും സമുദായനീതിയും. വിഭിന്നം=മാറിപ്പോകുന്നതു്. ക്ഷിതിനാഥ=രാജാവേ! പരാർത്ഥജീവികൾ=പരന്മാർക്കുവേണ്ടി സ്വസുഖത്തെ ത്യജിച്ചു ജീവിതം കഴിക്കുന്നവർ. എതിരില്ലാത്ത=തുല്യമില്ലാത്ത. നിദർശനം=ദൃഷ്ടാന്തം.

അങ്ങു് ഇന്നനുഷ്ഠിക്കുന്ന നീതി കാലാന്തരത്തിലൊ ദേശാന്തരത്തിലൊ നീതിയായി ഗണിക്കപ്പെടാതെവന്നാൽക്കൂടിയും അതിൽ അങ്ങു പ്രദർശിപ്പിച്ച ആത്മത്യാഗംകൊണ്ടു് അങ്ങു ലോകത്തിൽ ഏററവും ഉൽകൃഷ്ടമായ ഒരു സ്ഥാനത്തിന്നർഹനാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകയില്ലെന്നു താല്പര്യം.

൫൬൩. ക്ഷുഭിതേന്ദ്രിയ=ക്ഷോഭിച്ച അന്തഃകരണത്തോടുകൂടിയവൾ. ഉപദർശിച്ച=കണ്ട. കളങ്കരേഖകൾ=കളങ്കാംശങ്ങൾ. അഭിമാനി=അഭിമാനമുള്ളവൾ.

സീത രാമന്റെ അഭിനന്ദനത്തെ സമാപിപ്പിക്കയും മുൻപിൽചെയ്ത ഉപാലംഭനത്തിനു സകാരണമായി ക്ഷമായാചനംചെയ്യുകയും ചെയ്യുന്നു. അലങ്കാരം കാവ്യലിംഗം.

൫൬൪. മച്ചരിതം=എന്റെ ജീവചരിത്രം. ക്ഷമായാചനംകൊണ്ടു തൃപ്തിപ്പെടാതെ സീത രാമനോടുള്ള ആദരാതിശയത്താൽ ആത്മോപാലംഭം ചെയ്യാനാരംഭിക്കുന്നു.



Digitized By Kerala Sahitya Akademi

൱൬൫. താൻ നിമിത്തം ഭയങ്കരങ്ങളായ യുദ്ധങ്ങളും കഷ്ടതകളും ലോകത്തിന്നുണ്ടായതിനെപ്പററി സീത അനുതപിക്കുന്നു.

൱൬൬. നീതിസംഗ്രഹം=നീതിനിബന്ധനകൾ. മാറിയാം=മാറിമാറിവരാം. കുറിയിൽ=ലക്ഷ്യത്തിൽ. കടുകർമ്മപാകം=ഉൽകടമായ പുണ്യപാപകർമ്മഫലം.

ലോകനീതികൾക്ക് കാലാന്തരത്തിൽ മാററങ്ങൾ സംഭവിക്കാമെങ്കിലും പ്രാണികൾ ചെയ്യുന്ന കർമ്മങ്ങളുടെ ഗുണദോഷഫലങ്ങൾ ഒരിക്കലും തെററാതെ അവരെ പിന്തുടർന്നു ബാധിക്കതന്നെ ചെയ്യും. ഇങ്ങനെ പറഞ്ഞിട്ട് സീത തന്റെ ഈ അവിചാരിതങ്ങളായ ദുഃഖങ്ങൾക്ക് കാരണം മേൽ സൂചിപ്പിച്ച പാപഫലങ്ങൾ ആയിരിക്കാമെന്നു ദ്യോതിപ്പിക്കുന്നു.

൱൬൭. തീക്ഷ്ണശരങ്ങളെ=മൂർച്ചയുള്ള കർമ്മഫലങ്ങളാകുന്ന അമ്പുകളെ. ക്ഷതം=മുറിവ്. മരവിച്ച്=നൊമ്പരാധിക്യംകൊണ്ടു തഴമ്പിച്ച്. ലോകചക്രം=ചക്രംപോലെ പരിവർത്തിക്കുന്ന ലോകം. ഹത=നഷ്ടപ്രായ. ഇങ്ങ്=ഇവിടെ (ഈ കാലഘട്ടത്തിൽ) തള്ളുക=വിട്ടേക്കുക.

സീത മേൽ സൂചിപ്പിച്ച പാപഫലങ്ങൾ ഇനി തന്നെ ബാധിക്കയില്ലെന്നും ലോകചക്രത്തിന്റെ പരിവർത്തനപരിധിയിൽനിന്ന് ഉടനെ താൻ മുക്തയാകുമെന്നും സൂചിപ്പിക്കുന്നു.

൱൬൮. ചരിതാർത്ഥത=കൃതാർത്ഥത. ദേഹി=ആത്മാവ്. നട്ടുവൻ=നടൻ.

താൻ ലോകത്തിലുള്ള സകല സുഖദുഃഖങ്ങളേയും അനുഭവിച്ചു കൃതാർത്ഥയായി എന്നും ലോകരംഗത്തിൽ താൻ ഇനി ജീവിച്ചിരിക്കേണ്ട ആവശ്യകതയില്ലെന്നും സീത നിശ്ചയിക്കുന്നു. ദൃഷ്ടാന്താലങ്കാരം.

൱൬൯. വനഭൂവിൽ=കാട്ടിൽ. താൻപെറും ധനം=താൻ ജനിപ്പിച്ച വിലപിടിച്ച നെന്മണികൾ. ശാലികൾ=നെല്ലുകൾ. ഘനം=ഗൌരവം. ജനനീശുക്തികൾ=മുത്തിന്റെ ഉല്പത്തിഹേതുക്കളായ മുത്തുച്ചിപ്പികൾ.

ഗാർഹസ്ഥ്യത്തിന്റെ മുഖ്യധർമ്മമായ സന്താനോല്പാദനം തനിക്കു സാധിതമായിരിക്കയാൽ അതിന്നായിട്ടും താൻ ഇനിയും

Digitized By Kerala Sahitya Akademi

ജീവിച്ചിരിക്കേണ്ട അവശ്യമില്ലെന്നു താല്പൎയ്യം. ദൃഷ്ടാന്തസാമൎത്ഥ്യം കൊണ്ടു് സന്താനോല്പാദനത്തെ അപേക്ഷിച്ചല്ലാതെ ജീവിച്ചിരിക്കുന്നതു് അവിഹിതമെന്നുകൂടി സിദ്ധിക്കുന്നു. അപ്രസ്തുതപ്രശംസാലംകാരം.

൯൦. മനോനഭസ്സ്=മനസ്സാകുന്ന ആകാശം. ഒളി=പ്രകാശം. വീശുന്നു=ചരത്തുന്നു. സിന്ധുവിൽ=സമുദ്രംപോലെയുള്ള മഹാകാലത്തിൽ എന്നു താല്പൎയ്യം. കളിയായ്=ആയാസംകൂടാതെ. ഇന്നദി=നദിപോലെ ഒഴുകുന്ന തന്റെ ജീവിതം.

തന്റെ ഉള്ളിൽ ഞെരുങ്ങിക്കിടന്നിരുന്ന വിചാരങ്ങളെല്ലാം വാഗ്രൂപേണ ബഹിഷ്കരിച്ചുകഴിഞ്ഞപ്പോൾ ഉണ്ടായ ഹൃദയലാഘവത്തേയും മനപ്രസാദത്തെയും പിന്തുടൎന്നുണ്ടായ ബുദ്ധിയുടെ അലൌകികമായ ഉന്മേഷവിശേഷത്തെയും തന്റെ ജീവിതം ക്ലേശലേശം കൂടാതെ മഹാകാലത്തിൽ ഉടനേ മറവാൻപോകുന്നതായി താൻ കാണുന്നതിനെയും സീത വൎണ്ണിക്കുന്നു. അലംകാരം രൂപകവും രൂപകാതിശയോക്തിയും.

൯൧. ദിനസാമ്രാജ്യപതി=ദിനമാകുന്ന രാജ്യത്തിന്റെ അധിപതി, സൂൎയ്യനെന്നും. അനിയന്ത്രിതദീപ്തി=അനിവാൎയ്യമായ തേജസ്സോടുകൂടിയതു്. കതിൎക്കനകാസ്രാവൃതൻ=സ്വൎണ്ണശരങ്ങൾപോലെയുള്ള കിരണങ്ങളാൽ ആവൃതമായ ശരീരത്തോടുകൂടിയവൻ.

ലോകത്തിൽനിന്നുള്ള തന്റെ അവസാനമായ യാത്രയെബുദ്ധിയിൽ കാണുന്നസീത പ്രകൃതിയിലുള്ള അതിമനോഹരങ്ങളും അത്യുൽകൃഷ്ടങ്ങളും അതുകൊണ്ടു താനധികം സ്നേഹിച്ചവയുമായവസ്തുക്കളോടു് യാത്ര പറവാൻ ഉപക്രമിക്കുന്നു. ഈ പദ്യത്തിൽ സൂൎയ്യനോടുയാത്രപറയുന്നു. സ്വൎഗ്ഗസ്ഥനും സൂൎയ്യവംശജനുമായ ദശരഥചക്രവൎത്തിയെ സീത അനുസ്മരിക്കുന്നതായി വിശേഷണങ്ങൾകൊണ്ടു ധ്വനിക്കുന്നു.

൯൨. സുസിതാംബരൻ=വെളുത്ത ആകാശമാകുന്ന വസ്ത്രത്തോടുകൂടിയവൻ. വൃദ്ധൻ=മൂത്തവൻ, വയോധികനെന്നും. ബിസിനിതന്തുമരീചികേശൻ=താമരനൂലുപോലെ വെളുത്ത കേശങ്ങളോടുകൂടിയവൻ. ലസിതസ്മിതൻ=പ്രസന്നമായി പുഞ്ചിരിതൂകുന്നവൻ. ചന്ദ്രികാഭസിതസ്നാതൻ=വെണ്ണിലാവാകുന്ന ഭസ്മത്തിൽ സ്നാനംചെ

Digitized By Kerala Sahitya Akademi

യ്യുവൻ മൃഗാങ്കൻ=ചന്ദ്രൻ, മടിയിൽ മാൻകുട്ടിയെവെച്ചിരിക്കുന്നവ നെന്നും.

ഇതിൽ സീത ചന്ദ്രനോടുയാത്രപറയുന്നു. തന്റെ പിതാവും ചന്ദ്രവംശജനും വൃദ്ധനും ശിവഭക്തനുമായ ജനകമഹാരാജാവിനെ ക്കൂടി ഈ സന്ദർഭത്തിൽ സീത അനുസ്മരിക്കുന്നതായി വിശേഷണങ്ങൾ വ്യഞ്ജിപ്പിക്കുന്നു. അലങ്കാരം, സമാസോക്തി.

൧൭൨. ദ്യുതി=പ്രകാശം, നതി=നമസ്കാരം.

ഇതിൽ നക്ഷത്രങ്ങളോടു സീത യാത്രപറയുന്നു. ദൂരെ വനങ്ങളിൽ താമസിച്ചു് ലോകത്തിന്നു് വിജ്ഞാനപ്രദങ്ങളായ ഉപദേശങ്ങൾ നൾകി ധർമ്മമാർഗ്ഗം തെളിയിക്കുന്ന ഋഷിമാരെയും സീത ഈ സന്ദർഭത്തിൽ സബഹുമാനം അനുസ്മരിക്കുന്നതായി ഈ പദ്യം സൂചിപ്പിക്കുന്നു.

൧൭൩. നിയതം=നിയമേന. ചിത്രവിരിപ്പു്=ചിത്രവർണ്ണമായ തിരശ്ശീലപോലെയുള്ള സന്ധ്യാമേഘങ്ങളെന്നു് താല്പര്യം. വിയലാലയവാതിൽ=ആകാശ(സ്വർഗ്ഗ)ഭവനത്തിന്റെ വാതിൽപോലിരിക്കുന്ന കിഴക്കും പടഞ്ഞാറുമുള്ള ദിഗന്തങ്ങൾ എന്നു താല്പര്യം. അലങ്കാരം രൂപകാതിശയോക്തി.

൧൭൪. രമണീയവനങ്ങളേ=മനോഹരങ്ങളായ കാടുകളേ. രണൽഭ്രമരവ്യാകുലം=ശബ്ദിക്കുന്നവണ്ടുകളാൽ പൂഴപ്പെട്ടതു്. സുമങ്ങളേ=പുഷ്പങ്ങളേ. ക്രമമെന്നി=അമിതമായി പ്രമദം=ഹർഷം. ഭാവഃസ്പഷ്ടം.

൧൭൫. അതിരമ്യബാഹിർജ്ജഗത്തു്=അതിമനോഹരമായ ഈദൃശ്യലോകം. മനോരഥം=മനോരാജ്യം (അല്ലങ്കിൽ) പ്രതിപത്തി. ഇവ ഭംഗികൾ=മേൽവിവരിച്ച മനോഹരവസ്തുക്കൾ എന്നർത്ഥം.

ബാഹ്യലോകത്തോടു യാത്രപറഞ്ഞു കഴിഞ്ഞിട്ടു്, സീത തന്റെ ശരീരത്യാഗത്തിനുശേഷമുള്ള അവസ്ഥയെക്കുറിച്ചു് ചിന്തിക്കുന്നു. തന്റെ സ്ഥൂലശരീരം ഭൂമിയിലും, മനോഭാവങ്ങൾ അതിന്റെ അംശങ്ങളായ മുൻപറഞ്ഞ ഓരോ പ്രകൃതിശോഭകളിലും ലയിക്കുന്നതാണെന്നും, അതുകൊണ്ടു താൻ ഒന്നിനോടും യാത്രപറഞ്ഞു് പിരിയേണ്ടതില്ലെന്നും, ഉദ്ഗ്രഹിക്കുന്നു. ഭാവങ്ങൾക്കൊന്നിനും തന്നെ മാററങ്ങളല്ലാതെ നാശമുണ്ടാകുന്നില്ലെന്നു താല്പര്യം. കാവ്യലിംഗം അലങ്കാരം

Digitized By Kerala Sahitya Akademi

൬൯. ജനയിത്രി=അമ്മ. തനയസ്നേഹമൊട്ട്=പുത്രവാത്സല്യത്തോടുകൂടി. ഉജ്ജ്വലമഞ്ചഭ്രവ്യ=പ്രകാശമുള്ള ശയ്യാഗൃഹം. അനഘേ=പരിശുദ്ധേ.

സീത തന്റെ ത്യക്തമായ ശരീരം ഭൂമിയിൽ ലയിക്കുന്നതിനെപ്പററി വീണ്ടും സവിശേഷം ചിന്തിക്കുന്നു. സീത ഭൂഗർഭത്തിൽ പ്രവേശിച്ചുവെന്നുള്ള രാമായണകഥയും ഇവിടെ അനുസന്ധേയമാണു്.

൭൦. ഗിരിനിർഝരശാന്തിഗാനം=മലയരുവികളുടെ മുഴക്കമാകുന്ന ശാന്തിഗാനം എന്നു് താല്പര്യം. അത്രയിടയിൽ=മേൽപറഞ്ഞ ഭൂഗർഭത്തിൽ. തരുഗുല്മസഞ്ചയം=വൃക്ഷങ്ങളുടെയും, ചെടികളുടെയും കൂട്ടം. എന്റെമേൽ=ഞാൻ ശയിക്കുന്നതിന്നു്

ഉപരഭാഗത്തു് പ്രേതാവസ്ഥയിലും മനോഹരങ്ങളായ ഓരോ പ്രകൃതിവിഭവങ്ങൾ തന്നെ വിട്ടുമാറുന്നില്ലെന്നു് സീത ആശംസിക്കുന്നു. പ്രകൃതിസൌഭാഗ്യത്തിൽ ആ ഭൂപുത്രിക്കുള്ള ആസക്തി അത്ര ദൃഢതരമാണെന്നു് താല്പര്യം.

൭൧. കളനാദമാർന്നിട്ടും=മനോഹരമായ സ്വരമാധുര്യമുള്ളു്. വികിരശ്രേണി=പക്ഷിവർഗ്ഗങ്ങൾ. മൃഗങ്ങൾ=മാൻകൂട്ടങ്ങൾ. മേൽ സൂചിപ്പിച്ച ആശയത്തെ ഈ പദ്യത്തിൽ തുടരുന്നു.

൭൨. സാനുഭൂ=സാനുപ്രദേശങ്ങൾ=പർവതത്തിന്റെ താഴ്വരകൾ. കൗതുകം=സന്തോഷം.

മേൽ സൂചിപ്പിച്ച ആശയത്തെ ഭംഗ്യന്തരേണ ഉറപ്പിച്ചുപറയുന്നു. താൻ ഭൂമിയിൽ ലയിച്ചാൽ ഭൂമിയിലുള്ള സർവവിഭവവും തന്റേതാകി, എന്നു താല്പര്യം.

൭൩. സസുഖം=സുഖത്തോടുകൂടി. ഭവദംഗശയ്യ=ഭവതിയുടെ മടിയാകുന്ന മെത്ത. സുസുഷുപ്തിയിൽ=ഒന്നുമറിയാതെ നിദ്രയിൽ. എൻപ്രസൂവേ=എന്റെ അമ്മയായ ഭൂമിയേ എന്നു താല്പര്യം. ശരീരത്തിന്റെ ലയത്തെപ്പററി ഉള്ള ചിന്തയെ അവസാനിപ്പിച്ചിട്ടു് സീത പെട്ടെന്നു് തന്റെ ബുദ്ധിയെ ചൈതന്യത്തിലേക്കു് തിരിക്കുകയും, അതു് സൂക്ഷ്മമായ ഉപരിലോകത്തിലേക്കു് ഉൽഗമിക്കുന്നതാണെന്നു് ഊഹിക്കയും ചെയ്യുന്നു.

൭൪. തടിനീജലബിംബിതാംഗി=നദീജലത്തിൽ ബിംബി

Digitized By Kerala Sahitya Akademi

ച്ച രൂപത്തോടുകൂടിയതു്. ക്ഷമ=ഭൂമി. താര=നക്ഷത്രം. സ്ഫുടമായ്=പ്രത്യക്ഷമായ്. ഭവദംഘ്രിലീന=ഭവതിയുടെ പാദത്തിൽ ലയിച്ചവൾ. ദ്യോവിഷ=ആകാശത്തിൽ. (ഉപരിലോകത്തിലെന്നു താല്പര്യം)

മേൽ സൂചിപ്പിച്ച അഭിപ്രായത്തെ ഇതിൽ വർണ്ണിക്കുന്നു. ഞാൻ ഭൂമിയിൽ ലയിച്ചതായി ജനദൃഷ്ടിയിൽ തോന്നിയാലും, ജലത്തിൽ പ്രതിബിംബിച്ചു് ഭൂമിയുടെ അടിയിൽ കാണുന്ന നക്ഷത്രത്തിന്റെ എന്നപോലെ എന്റെയും ഉജ്ജ്വലമായ ആത്മചൈതന്യം ഉപരിലോകത്തിൽ പ്രതിഷ്ഠിതമായിരിക്കും, എന്നു സാരം. ഉപമാലങ്കാരം.

൯൭. ഭൂജശാഖ=അവിടത്തെ കൈ ആകുന്ന വൃക്ഷശാഖ. ആശ്രയം=വിശ്രമസ്ഥാനം.

സീതയുടെ ആത്മബോധം പ്രകാശിക്കുന്നു. ഉൽക്രമിക്കുന്ന ജീവാത്മാവിന്റെ ആശ്രയനിരപേക്ഷവും സ്വതന്ത്രവുമായ സ്വഭാവം സീത കാണുന്നു. പരമാത്മസ്വരൂപമാകുന്ന അഖണ്ഡാകാശത്തിൽ സകലദുഃഖവും അററുലയിക്കുന്ന ആ ആത്മാവിന് അജ്ഞാനാവസ്ഥയിൽ ഉണ്ടായിരുന്ന വിശ്രമസ്ഥാനങ്ങൾ ഒന്നും ആവശ്യമില്ലാത്തതിനാൽ അവസാനമായി സീത രാമനു വന്ദനം പറയുന്നു.

൯൮. കനം=ഭാരം. അണ്ഡമണ്ഡലം=ബ്രഹ്മാണ്ഡസമൂഹം. അനഘസ്ഥാനം=നിർമ്മലസ്ഥാനം. ആദിധാമം=സൃഷ്ടിക്കുമുൻപേയുള്ള സർവ്വാധാരമായ സത്ത (ജ്യോതിസ്സ്)

പരസ്പരം ആകർഷിക്കുന്ന പിണ്ഡങ്ങളും അതിന്റെ ഉപാദാനകാരണങ്ങളും മേൽപറഞ്ഞ സ്ഥാനത്തില്ലെന്നും അതു് ഉദയാസ്തമയങ്ങളില്ലാത്ത ചിദാകാശമാണെന്നും താല്പര്യം.

൯൯. ശുക=ദുഃഖം. പരിപക്വസ്വാന്തൻ=പരിപക്വമായ അന്തഃകരണത്തോടുകൂടിയവൻ. നിജഭാരങ്ങൾ=തന്റെ സംസാരഭാരങ്ങൾ. അജപൌത്രൻ=അജമഹാരാജാവിന്റെ പൌത്രനായ രാമൻ. ഭജമാനൈകവിഭാവ്യം=ഭജിക്കുന്നവരാൽമാത്രം അറിയപ്പെടുന്നതു്.

വിരഹദുഃഖത്താൽ വൈരാഗ്യംസ്ഥിരീഭവിച്ചു് ആത്മശുദ്ധിവന്നശേഷം രാമനും ആ സ്ഥാനത്തെ താമസിയാതെ പ്രാപിക്കുമെ

Digitized By Kerala Sahitya Akademi

ന് സീത പ്രതീക്ഷിക്കുന്നു. അജാപൌത്രൻ എന്ന വിശേഷണം കൊണ്ട് ഇന്ദുമതിയെ അനുഗമിച്ച പിതാമഹനെപ്പോലെ രാമൻ സീതയെ അനുഗമിക്കുമെന്നും ധ്വനിക്കുന്നു.

൧൮൪. ഉൽകമ്പം=വിറയൽ. ശബ്ദവിചാരമിശ്രം=വാക്കും വിചാരവും ഇടകലർന്നവിധത്തിൽ.

ഈ ഘട്ടത്തിൽ ഊഹത്താലോ അലൌകികപ്രത്യക്ഷത്താലോ സീത രാമൻ തന്നെ നഗരത്തിലേക്കു തിരിയെ വിളിക്കാൻ വാല്മീകിയെ ആശ്രമത്തിലേക്ക് പറഞ്ഞയക്കുന്നതായി കാണുകയും അതിൽ തനിക്കുള്ള കഠിനമായ വെറുപ്പുകൊണ്ടു ക്ഷോഭിക്കയും ചെയ്യുന്നു.

൧൮൭. ദേവിയായ്=കുററക്കാരിയല്ലെന്ന് ജനങ്ങൾക്കു തോന്നത്തക്ക സാക്ഷ്യം നൽകി.

ഇതു് മേരുസൂചിപ്പിച്ച വാല്മീകിയുടെ ആഗമനത്തെ ബുദ്ധിയിൽവെച്ചുകൊണ്ട് ഈ പദ്യത്തിൽ സീത അാഗ്രഹത്തോടഭിമുഖമായി മറുപടിപറയുന്നു. പാവയോ എന്നചോദ്യംകൊണ്ട് ജനബോദ്ധ്യത്തിന്നായി എപ്പോഴും കൂത്താടാൻ തന്റെ സ്ത്രീത്വാഭിമാനം അനുവദിക്കയില്ലെന്നു സൂചിപ്പിക്കുന്നു.

൧൮൮. അനഘശയ=നിർമ്മലാത്മാവായ മഹർഷേ. ചേതനം=അന്തഃകരണം. വഴങ്ങിടാ=നഗരത്തിലേക്കു പോകണമെന്നുള്ള അവിടത്തെ ആജ്ഞയ്ക്കു കീഴ്പെടുകയില്ല. വിനയാഢ്യമറിച്ച്=അവിനീതയാണെന്നു ശങ്കിക്കരുത്. വിനയം=മര്യാദ. വിധേയം=വശംവദം.

എന്റെ അന്തഃകരണവും ആത്മാവും ഈ ശാസനയ്ക്ക് ഒരിക്കലും കീഴടങ്ങുകയില്ലെന്നും, അതുകൊണ്ടു ഞാൻ അവിനീതയാണെന്നു് ആരും ശങ്കിക്കരുതെന്നും, മര്യാദയിൽ ശീലിച്ചിട്ടുള്ള എന്റെശരീരം അവിടത്തെ ആജ്ഞയ്ക്കു വശംവദമായേക്കാം എന്നുംതാല്പര്യം.

൧൮൯. ചിന്തകൾ=സന്താപകരങ്ങളായ വിവിധമനോവൃത്തികൾ. ഉപമാനസാമർത്ഥ്യംകൊണ്ട് സീതയ്ക്കു ഈ ഘട്ടത്തിൽ ഗത്യന്തരമില്ലെന്നു വ്യഞ്ജിക്കുന്നു.

൧൯൦. താരജാലം=നക്ഷത്രഗണങ്ങൾ. പശ്ചിമപയോധി=പടിഞ്ഞാറെ സമുദ്രം. ഇതരോഡുഗണങ്ങൾ=സന്ധ്യയ്ക്ക് ഉദിക്കാ

Digitized By Kerala Sahitya Akademi

ത്ത മററുനക്ഷത്രങ്ങൾ. ഇണ്ട് ഇയ്, എന്നു=ഈനേരത്തും ഇവിടെ എന്തൊരിരിപ്പാണിത്. ഈ സന്ദർഭത്തിൽ രാത്രി വളരെ കഴിഞ്ഞിട്ടും ഭ്രതാവിഷ്ടയെപ്പോലെ സീത പുറത്തിരിക്കുന്നതുകണ്ടിട്ട് ഒരു താപസി വന്ന് സീതയോടു ഇങ്ങനെ വിളിച്ചുപറയുന്നു.

൧൩൧. തീൎത്ഥപ്രോക്ഷണം=തീർത്ഥജലം മുഖത്തുതളിക്കൽ അക്കുലപതി=കുലപതിയായ വാല്മീകി.

സീത ബോധംകെട്ടിരിക്കുന്നതു മനസ്സിലാക്കി താപസി മുഖത്തു തീൎത്ഥജലം തളിച്ചു് താങ്ങി ആശ്രമത്തിൽ കൊണ്ടുപോയി കിടത്തുന്നു. നേരം പ്രഭാതമാകാറായി. സീത വിചാരിച്ചപോലെ വാല്മീകി രാമന്റെ സന്ദേശത്തോടുകൂടി അവിടെ എത്തുകയും ചെയ്യുന്നു.

൧൩൨. മുനീന്ദ്രൻ=വാല്മീകി. അധോവദനേ=മുഖംതാഴത്തിയവൾ. അസ്സഭാവേദി=അയോദ്ധ്യയിലെ സഭയുടെ മുൻപാകെ. അനൽപലജ്ജാതാമ്യൻ=പശ്ചാത്താപത്താൽ വാടിയമുഖത്തോടുകൂടിയവൻ. കാന്തനെ=ഭർത്താവായ ശ്രീരാമനെ. പൌരസമക്ഷം=തന്നെക്കുറിച്ചപവാദംപറഞ്ഞ പൌരന്മാരുടെ മുൻപാകെ. സതീ=പതിവ്രതയായ സീത.

സീത വളരെ വിസമ്മതിച്ചശേഷം വാല്മീകിയെ പിന്തുടരുന്നു. വഴിക്കുമുൻപേ നടക്കുന്ന അദ്ദേഹത്തിന്റെ പാദങ്ങളെ അല്ലാതെ മററൊന്നിനേയും നോക്കുന്നില്ല. സഭയിൽ എത്തി പശ്ചാത്താപംകൊണ്ടുവാടിയ രാമന്റെ മുഖത്തെ ഒരിക്കൽ നോക്കുന്നു. അടുത്തിരിക്കുന്ന പൌരന്മാരേയും കാണുന്നു. ഈ ധൎമ്മസങ്കടത്തിൽ മാനിനിയായ ആ പതിവ്രത അന്തഃകരണത്തിൽ പോരാടുന്ന ശക്തിയേറിയ വികാരങ്ങളാൽ അപഹൃതപ്രാണയായിട്ടോ യോഗവൈഭവത്താലോ ഈ ലോകത്തെ ത്യജിച്ചു.

---

Digitized By Kerala Sahitya Akademi

# വിജ്ഞാപനം.

| | ച. | കാ. |
|---|---|---|
| ശ്രീശംഭുസ്തവം ൧-ാം പുസ്തകം ൧-ാം ക്ലാസ്സിലേയ്ക്കു, (സി. ആർ. കൃഷ്ണപിള്ള ബി. ഏ., എൽ. ടി.) | ൪ | ൦ |
| ടി ൨-ാം പുസ്തകം ൨-ാം ക്ലാസ്സിലേയ്ക്കു ടി | ൪ | ൦ |
| ടി ൩-ാം പുസ്തകം ൪-ാം ക്ലാസ്സിലേയ്ക്കു ടി | ൮ | ൦ |
| തിരുവിതാംകൂർ ആറ്റ്ലസ്സ് ൩-ൾ-ക്ലാസ്സുകൾക്കു (ടി ഗ്രന്ഥകർത്താ) | ൧൪ | ൪ |
| വാക്യരചനാപ്രവേശിക (൨-ാം ക്ലാസ്സിലേക്കു) | ൪ | ൦ |
| സഹോദരസ്നേഹം | ൪ | ൮ |
| രാജ്യഭരണം ൧-ാം പുസ്തകം (കെ. ആർ. കൃഷ്ണപിള്ള ബി. ഏ. ബി. എൽ.) | ൨ | ൦ |
| ടി ൨-ാം പുസ്തകം ടി ടി | ൪ | ൦ |
| ടി ൩-ാം പുസ്തകം ടി ടി | ൪ | ൦ |
| വ്യക്തഗണിതം | ൬ | ൦ |
| ബാലരാമായണം (ബാലകാണ്ഡം) | ൩ | ൦ |
| ടി (അയോദ്ധ്യാകാണ്ഡം) | ൭ | ൦ |
| രവീന്ദ്രവിക്രമൻ | ൩ | ൦ |
| രാജാകേശവദാസൻ | ൩ | ൦ |
| സുവർണ്ണമാർഗ്ഗം | ൩ | ൦ |
| നീതികഥകൾ (ഏ. ഗോപാലമേനോൻ എം. ഏ.) | ൩ | ൦ |
| ഭദ്രപൌരുഷം | ൩ | ൦ |
| നേതാജിപാൽക്കർ | ൧൦ | ൦ |
| കളഞ്ഞുകിട്ടിയ തങ്കം | ൧൦ | ൦ |
| സത്യമേജയം | ൧൦ | ൦ |
| അഭിനയപ്പാട്ട് | ൪ | ൦ |
| വാക്യരചനാപ്രവേശിക (൩-ാം ക്ലാസ്സിലേക്ക്) | ൫ | ൦ |
| ആരോഗ്യരക്ഷ (വി. ഐ. തോമസ്സ് ബി. ഏ. എൽ. ടി.) | ൬ | ൦ |
| സന്മാർഗ്ഗമാല | ൪ | ൦ |
| ശ്രീമൂലംതിരുനാൾ മഹാരാജശതകം | ൪ | ൦ |
| സൂക്തിമാല | ൪ | ൦ |
| ചരിത്രകഥകൾ ഇല്ലൽ | ൭ | ൦ |
| മാർത്താണ്ഡദേവോദയം | ൪ | ൦ |
| സീത | ൨൧ | ൯ |

മാനേജർ, എസ്സ്. ആർ. ബുക്കുഡിപ്പൊ,
പുത്തൻചന്ത, തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi